പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ഏപ്രിൽ 2025




പഴയന്നൂർ പിഷാരത്ത്
രാധ പിഷാരസ്യാരുടെ സ്മരണയിൽ
കുടുംബം ഈ ലക്കം സമർപ്പിക്കുന്നു

# പ്രസവിക്കാൻ
# ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS | SINCE 1990

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

സൈമർ
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

# തുളസീദളം

പിഷാരോടി സമാജം പ്രസിദ്ധീകരണം

**2025 ഏപ്രിൽ**

**പുഷ്പം 46 / ദളം 1**

**1200 മീനം-മേടം**


## പത്രാധിപസമിതി

ചീഫ് എഡിറ്റർ:

**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:

**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**

**ശ്രീ. മുരളി മാന്നന്നൂർ**

**ശ്രീ. കെ.എൻ. വിജയൻ**

**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:

**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:

**ശ്രീ. രാജൻ രാഘവൻ**

**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com



Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**...................................4

**പ്രതിഫലനം – മൂല്യബോധം**...........................6
എ.പി. സരസ്വതി

**ഓർമ്മ – വിഷുവോർമ്മ**.............................8
ടി.കെ. ശശികുമാർ

**പിഷാരോടിസമാജം പ്രതിനിധിസഭ യോഗ നോട്ടീസ്**....9

**അനുസ്മരണം –** Our Dear Achamma.............12
വേദിക, അക്ഷര, നിക്കി

**അനുസ്മരണം – കെ.പി. നാരായണ പിഷാരോടി വിടവാങ്ങിയിട്ട് രണ്ട് പതിറ്റാണ്ട്**.........................15
ആർ. ഗോപാലകൃഷ്ണൻ

**ചെറുകഥ – ആനന്ദപ്പൂത്തിരികൾ**....................17
വിജയരാഘവൻ വി.പി.

**ലേഖനം – യുദ്ധവിജയവും തുടർന്നുള്ള സീതാദേവിയുടെ അഗ്നിപ്രവേശനവും**................19
രവീന്ദ്രൻ ടി.ജി.

**കഥ – മണിമേഖല**...................................20
രമ പിഷാരോടി, ബാംഗ്ലൂർ

**കവിത – നെഞ്ചിലേറ്റിയ മലയാളം**....................23
ആശ മണിപ്രസാദ്

**ഭക്തി – ഗുരുപദേശം**................................24
എൻ.പി. രാധ പിഷാരസ്യാർ

**കഥ – ഓർമ്മകളില്ലാത്ത രാജ്യം**.......................29
മുരളി വട്ടേനാട്ട്

**ലേഖനം – ഭാഷയിലെ കൊടുക്കൽ വാങ്ങലുകൾ ദി പോർത്തുഗീസ് കണക്ഷൻ**.......................32
അരവിന്ദാക്ഷൻ സേലം

**യാത്ര – രജ്പുത്താന**..............................34
മുരളി ആനായത്ത്

**ചെറുകഥ – ഭാഗ്യവതി**...............................38
രാജൻ എ.പി.

**വൈവാഹികം**.......................................41

**ശാഖാവാർത്തകൾ**..................................42

**ആദരാഞ്ജലികൾ**...................................50

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# കാരായ്മയുടെ ചേരായ്മകളാർക്കാണ്?

**എ**ന്തൊക്കെ പറഞ്ഞാലും അമ്പലവാസിയുടെ അഭിമാനമാണ് കഴകം. അതിൽ പിഷാരടി, വാര്യർ, നമ്പീശൻ എന്നീ വേർതിരിവുകളില്ല. ഇന്ന് അമ്പലവാസി സമൂഹത്തിൽ വിദ്യാഭ്യാസം, സാമ്പത്തികം, സാമൂഹ്യം എന്നിങ്ങനെയുള്ള ഏതു മേഖലയിലും ഉയർന്നു നിൽക്കുന്ന ഏതൊരാളോടും ചോദിച്ചാൽ അവർ അന്തസ്സോടെ പറയുന്ന വാചകമുണ്ട്.

ഞങ്ങളുടെ മുത്തശ്ശൻ/പ്രപിതാമഹൻ.... ക്ഷേത്രത്തിൽ കഴകം ചെയ്ത് ജീവിച്ചവരായിരുന്നു എന്ന്. പാരമ്പര്യത്തിന്റെ പിന്നിലേക്ക് നമ്മളൊന്ന് നടന്നാൽ എത്തിപ്പെടുന്നത് വെള്ളം തളിച്ചിട്ട കുറെ തുളസി, ചെത്തി, കൂവളത്തില, വാഴനാർ, പുൽകൂമ്പാരങ്ങളുടെ മുന്നിൽ ആണ്. പൂക്കൾ നാരിലും പുല്ലിലും പിരിച്ചുകേറ്റി ഭക്തിയോടെ നമ്മുടെ മുൻ തലമുറ ഇരിക്കുന്നുണ്ടാകും. അവരുടെ മുഖത്ത് ദാരിദ്ര്യത്തിന്റെ കനത്ത നിഴൽപ്പാടുകളും കണ്ടേക്കും. കുലം. നമ്മളെ നാമാക്കിയ പ്രിയപ്പെട്ട കുലം. നാഴി അരി ചോറിലും ഉരി എണ്ണയിലും ജീവിതം പണിത കുലം. ക്ഷേത്രം മാത്രമാണ് തങ്ങളുടെ മൂവുലകം എന്ന് വിശ്വസിച്ച് അവിടേക്ക് കുടുംബമടക്കം സ്വയം സമർപ്പിച്ച വംശവൃക്ഷത്തിന്റെ ഇങ്ങേയറ്റത്തെ ചെറു വേരുകളാണ് പുതിയ തലമുറ. തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറി സ്വന്തം കുലത്തൊഴിലിനെ നെഞ്ചോട് ചേർത്ത് വെച്ചവർ.. പരമ്പരയായി കൈമാറി വന്ന കുലത്തൊഴിലിനെ അവർ കാരായ്മ കഴകം എന്ന് വിളിച്ചു. ഞങ്ങൾ കാരായ്മക്കഴകക്കാർ ആണെന്ന് വളരെ അഭിമാനത്തോടെ അമ്പലവാസികൾ ഉറക്കെ പറഞ്ഞു. ഈശ്വരനോട് അടുത്ത് നിൽക്കുന്നവർ എന്ന നിലയിൽ കഴകക്കാരോട് സമൂഹത്തിൽ ഒരു കാലത്ത് പ്രത്യേക ബഹുമാനമായിരുന്നു. സംഗതികൾ ഇങ്ങനെയൊക്കെ ആണെങ്കിലും വരുമാനക്കുറവ് അവരുടെ നിത്യവൃത്തിയെ വല്ലാതെ ബാധിച്ചിരുന്നു.

പിന്നീട് കാല പ്രവാഹത്തിന്റെ രഥ വേഗങ്ങളിൽ പല മാറ്റങ്ങളും സംഭവിച്ചു. കഴകം കൊണ്ട് ജീവിക്കാനാവില്ല എന്ന തിരിച്ചറിവ്, കഴകക്കാരന് വിവാഹ രംഗത്ത് യാതൊരു വിലയുമില്ല എന്ന സത്യം.. അങ്ങനെ പല കാരണത്താൽ ഇതിനകം പുതിയ തലമുറ കഴകപ്രവൃത്തിയോടകന്നിരുന്നു. എന്നാൽ ഇക്കഴിഞ്ഞ കുറച്ചു വർഷത്തിനുള്ളിൽ മലബാർ ദേവസ്വം ഒഴികെയുള്ള ദേവസ്വം ബോർഡുകളിൽ കഴകക്കാർക്ക് തരക്കേടില്ലാത്ത ശമ്പളം ആയി. അതോടൊപ്പം മറ്റൊന്ന് കൂടി സംഭവിച്ചു കൊണ്ടിരുന്നു. ചെറിയൊരു കോഴ്സ് പാസ്സായി വന്നാൽ ഏത് ജാതിക്കാരനും കഴകവും ശാന്തിയും ആവാം എന്നായി.  കാരായ്മക്കഴകമാണെങ്കിലും എഴുപതാമത്തെ വയസ്സിൽ വിരമിക്കണം എന്ന് നിയമമായി. സ്വാഭാവികമായും പരമ്പരാഗത കഴക ജീവനക്കാർക്ക് അത് ഇരുട്ടടിയായി. കാരായ്മ കഴകക്കാർക്ക് പല സ്ഥലത്തും അനന്തരാവകാശികൾ ഇല്ല എന്നതും, ഉണ്ടെങ്കിൽ തന്നെ അവരിൽ പലർക്കും താല്പര്യമില്ല എന്നതും കൂട്ടിവായിക്കണം. യാഥാർത്ഥ്യത്തിന്റെ ഈ തിരി വെളിച്ചത്തിലാണ് കൂടൽമാണിക്യം ക്ഷേത്രത്തിൽ നടന്ന അനീതിയെ നമ്മൾ കാണേണ്ടത്. കൈവിട്ടു പോകുന്ന, അല്ലെങ്കിൽ തട്ടിപ്പറിച്ചു കൊണ്ട് പോകുന്ന കാരായ്മക്കഴകത്തെ തിരിച്ചു പിടിക്കാൻ തന്ത്രി നീട്ടിയ കയ്യിനെയാണ് തല്പരർ തട്ടിമാറ്റിയതും അധിക്ഷേപിച്ചതും. കഥ മാറി. സവർണ്ണ ജാതി മേധാവിത്വം എന്ന പഴകിത്തേഞ്ഞ ആയുധമുപയോഗിച്ച് അവർ തന്ത്രിയെയും അധിക്ഷേപിച്ചു.

ഇന്ന്  കഴകപ്രവൃത്തി ചെയ്തു വരുന്നവരിൽ 90 ശതമാനവും സമ്പന്നരല്ല. അവരിൽതന്നെ വലിയൊരു വിഭാഗം കാരായ്മ വഴി തൊഴിൽ തുടർന്നു വരുന്നവരാണ്. ആ സുരക്ഷിതത്വത്തിൽ അവർ ആശ്വാസം കൊള്ളുന്നു. പക്ഷെ ആ ആശ്വാസം, വിശ്വാസം എത്ര നാൾ എന്ന് ചിന്തിക്കേണ്ട കാലമാണ്. വോട്ട് ശക്തിയിൽ ദുർബലരാണെങ്കിലും അമ്പലവാസികളും ബന്ധപ്പെട്ട മറ്റുള്ളവരും ഒന്നുചേരേണ്ടിയിരിക്കുന്നു. ആരുടെയും തൊഴിൽ അവസരങ്ങൾ തട്ടിപ്പറിക്കാനല്ല. ഇളകിയാടുന്ന നിൽപ്പ് തറയിൽ താഴെ വീണു പോകാതിരിക്കാൻ അന്യോന്യം ആശ്രയമാകാൻ മാത്രം.

നമുക്കറിയാം, കൂടൽമാണിക്യം ക്ഷേത്രത്തിലെ പ്രശ്നം ഏറ്റവും വഷളാക്കിയതും കുളം കലക്കിയതും മീഡിയയും സാമൂഹ്യ മാധ്യമങ്ങളും  ആണ്. ഹിന്ദുവിനെ വീണ്ടും സവർണ്ണനും അവർണ്ണ

നുമാക്കാനും വേർതിരിവുകൾ ഉണ്ടാക്കാനും അവർ ഒന്നുചേർന്നു ശ്രമിക്കുന്നതാണ് നമ്മൾ കണ്ടത്. അതോടൊപ്പം വോട്ട് ബാങ്ക് രാഷ്ട്രീയവും ചേർന്നപ്പോൾ പൊതുജനത്തിന്റെ മുന്നിൽ വില്ലന്മാർ തന്ത്രിയും കഴകക്കാരുമായി. എതിർപ്പുകൾ കാര്യ കാരണ സഹിതം അറിയിച്ചപ്പോൾ അത് തമസ്ക്കരിക്കപ്പെട്ടു. പിഷാരോടി സമാജവും ഇക്കാര്യത്തിൽ ഉള്ള നമ്മുടെ ആശങ്കകളും വ്യഥകളും എതിർപ്പുകളും കുറിപ്പായി മീഡിയക്ക് അയച്ചിരുന്നു. അതും ചവറ്റു കുട്ടയിൽ പോയി. അവരിൽ നിന്നും മറുപടിയിലെ വാചകം ഇങ്ങനെ ആയിരുന്നു. 'വാർത്താ പ്രാധാന്യം നഷ്ടപ്പെട്ടു'. എന്നാൽ അതിനു ശേഷവും മീഡിയകളിൽ വാർത്ത വന്നിരുന്നു എന്നത് സർവ്വ സാക്ഷ്യം.

അതേ. അമ്പലവാസികൾ പരമ്പരാഗതമായി അഭിമാനത്തോടെ കൈമാറി വന്ന കാരായ്മ കഴക പ്രവൃത്തിയുടെ ഭാവി അനിശ്ചിതത്വത്തിലാണ്. കുലത്തൊഴിൽ എന്ന വാക്കിന്റെ മൂല്യം കവർന്നെടുക്കപ്പെടും എന്ന് ആശങ്ക ഇന്ന് എല്ലാവരിലും ഉണ്ട്. കാൽചുവട്ടിലെ മണ്ണ് ഒലിച്ചു പോകാൻ തുടങ്ങിയിരിക്കുന്നു. നമ്മൾ ശ്രദ്ധാലുക്കളാകേണ്ടിയിരിക്കുന്നു.

ഏപ്രിൽ വിഷുവിന്റെ മാസം. ദിനരാത്രങ്ങൾ ഒന്നാകുന്ന ദിവസം എന്ന് വിഷുവിനെപ്പറ്റി പറയുന്നു. ഇത് പൂരക്കാലം കൂടിയാണ്. പ്രധാനമായും പെരുവനം, ആറാട്ടുപുഴ പൂരങ്ങൾ. കുട്ടികൾക്ക് അവധിക്കാലം. ഈ വിഷു മാസത്തിൽ വൈലോപ്പിള്ളിയുടെ വരികൾ ഓർമ്മിക്കാം.

"ഏതു ധൂസരസങ്കൽപ്പത്തിൽ വളർന്നാലും,
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും,
മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വിശുദ്ധിയും
മണവും മമതയും ലാളിത്യവും ഇത്തിരി കൊന്നപ്പൂവും"

**വിഷു ആശംസകൾ**

**പത്രാധിപസമിതി.**





*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

## പ്രതിഫലനം

# മൂല്യബോധം



എ.പി. സരസ്വതി

നമുക്കു ലഭിക്കുന്ന ഓരോന്നിന്റെയും വില മനസ്സിലാക്കി വേണ്ടവിധം മാനിക്കാൻ കഴിയുന്നതാണ് മൂല്യബോധം എന്നതുകൊണ്ടർത്ഥമാക്കുന്നത്. ജന്മം, ജ്ഞാനം, കർമ്മം, സംസർഗ്ഗം ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത പലതും പലപ്പോഴായി നമുക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടല്ലോ. അതിന്റെയൊക്കെ ശരിയായ വില നമ്മളൊന്നും മനസ്സിലാക്കുന്നില്ല എന്നാണ് ചിലപ്പോഴെങ്കിലും തോന്നിയിട്ടുള്ളത്. തികച്ചും നിർമ്മലമായ മനസ്സുള്ളവർക്കേ ജന്മം നൽകിയവരോടും ജ്ഞാനം പകർന്നവരോടും ചെയ്യുന്ന കർമ്മങ്ങളോടും ഇടപഴകുന്നവരോടുമൊക്കെ മൂല്യബോധത്തോടെ പെരുമാറാനാവൂ.

തന്മനം ശുദ്ധമല്ലായ്കിൽ
തിന്മയായ് തോന്നുമൊക്കെയും
മഞ്ഞപ്പിത്തം പിടിച്ചെന്നാൽ
മഞ്ഞയായ്ത്തോന്നുമൊക്കെയും.

എന്ന സത്യമറിയാതെയാണ് നാമോരോരുത്തരും പെരുമാറുന്നത്. സ്വന്തം പോരായ്മകളെ മറന്ന് മറ്റുള്ളവരിലെ കുറവുകൾ കണ്ടെത്താനും നിശിതമായി വിമർശിക്കാനുമാണ് എല്ലാവർക്കും താത്പര്യം. അങ്ങനെയല്ലാത്തവർ വിരലിലെണ്ണാവുന്നവർമാത്രം! അവനവന് ലഭിച്ചതിന്റെ വലിപ്പമറിഞ്ഞ് അതിനെ തനിക്കും അന്യർക്കും ഉപകരിക്കുന്ന രീതിയിലാക്കാൻ ശ്രമിക്കണമെന്നൊരു ബോധമല്ലേ നമുക്കു വേണ്ടത്?

ശ്രേഷ്ഠനായ ഒരാചാര്യൻ അത്യന്തരഹസ്യമെന്നും ആരോടും പറയരുതെന്നും പറഞ്ഞ് 'രാമ രാമ' എന്ന മന്ത്രം ശിഷ്യനുപദേശിച്ചുകൊടുത്തു. ശിഷ്യൻ അതുള്ളിൽ ജപിച്ചുകൊണ്ട് സഞ്ചരിക്കവേ മറ്റു പലരും ഈ മന്ത്രം ഉറക്കെയുറക്കെ ഉരുവിട്ടുകൊണ്ട് നടക്കുന്നതു കണ്ടു. 'ഇതാണോ ഇത്ര രഹസ്യമായി ഗുരു തനിക്കുപദേശിച്ചത്' എന്ന് വിചാരിച്ച് ഗുരുവിനെ കണ്ട് സംശയം ചോദിച്ചു. ഉത്തരമൊന്നും പറയാതെ ഗുരു ഗോളാകൃതിയിലുള്ള ഒരു സ്ഫടികക്കഷ്ണം അവന്റെ കയ്യിൽ കൊടുത്ത് അതിന്റെ വില പലരോടും ചോദിച്ച് ആർക്കും വിൽക്കാതെ തിരിച്ചു കൊണ്ടുവരാൻ പറഞ്ഞു. ശിഷ്യൻ ഒരു പച്ചക്കറി വില്പനക്കാരനോടാണാദ്യം ചോദിച്ചത്. ഒരു കിലോ ഉരുളക്കിഴങ്ങ് തരാമെന്നു പറഞ്ഞു. പിന്നീട് ഒരു സ്വർണ്ണക്കടക്കാരനോടാണ് ചോദിച്ചത്. പുഷ്യരാഗമാണതെന്നു മനസ്സിലാക്കിയ അയാൾ നൂറുരൂപ കൊടുക്കാമെന്നു പറഞ്ഞു. ശിഷ്യൻ അവിടന്ന് പോയത് വലിയൊരു ധനികന്റെ ഗൃഹത്തിലേക്കാണ്. വിശിഷ്ടമായൊരു കല്ലാണതെന്നു മനസ്സിലാക്കിയ ധനികൻ അതിന് അമ്പതിനായിരം രൂപയാണ് വിലയായി കണ്ടത്. കൊടുത്തില്ലെന്നു മാത്രമല്ല നഗരത്തിലെ പ്രധാന രത്നവ്യാപാരിയെയാണ് ശിഷ്യൻ പിന്നെ സമീപിച്ചത്. അദ്ദേഹം അതു നോക്കി ഏറ്റവും വിശിഷ്ടവും വിലമതിക്കാനാവാത്തതുമായ ഒരു രത്നമാണതെന്നും വിറ്റു കളയേണ്ടതല്ലെന്നും ഉപദേശിച്ചു. ആശ്ചര്യഭരിതനായ ശിഷ്യൻ ഗുരുവിന്റെ അടുത്തെത്തി. തിരിച്ചറിയാൻ കഴിയുന്നവനു മാത്രമെ അതിന്റെ വില മനസ്സിലാക്കാൻ കഴിയൂ എന്നും തിരിച്ചറിവില്ലാത്തവർ വില മനസ്സിലാക്കാതെയാണ് ഓരോന്നും കൈകാര്യം ചെയ്യുക എന്നും ഗുരു ശിഷ്യന് ബോധ്യപ്പെടുത്തിക്കൊടുത്തു. നമുക്കു കിട്ടിയ അല്പമായ ജീവിതം അതിന്റെ വിലയറിഞ്ഞ് ശ്രേയോമാർഗ്ഗത്തിലേക്കു നയിക്കാനും സംരക്ഷിക്കാനും എല്ലാവർക്കും സാധിക്കട്ടെ!

*മംഗളമായൊരു വിഷുദർശനം കൈവരട്ടെ!*
*പുതുവത്സരാശംസകൾ!*

## സ്വാമി ആനന്ദവനം ഭാരതിയെ ആദരിച്ചു



ജൂനാ അഖാഡയുടെ മഹാമണ്ഡലേശ്വരായി അവരോധിക്കപ്പെട്ട സ്വാമി ആനന്ദവനം ഭാരതിക്ക് പാറമേക്കാവ് ഭഗവതിക്ഷേത്രത്തിൽ നല്കിയ സ്വീകരണത്തിൽ പിഷാരോടി സമാജം മുൻ പ്രസിഡണ്ടും രക്ഷാധികാരിയുമായിരുന്ന ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി പങ്കെടുത്ത് സ്വാമിജിക്ക് വച്ചുനമസ്കാരം നടത്തി അനുമോദനവും സന്തോഷവും അറിയിച്ചു.

# കൂടൽമാണിക്യം ക്ഷേത്രത്തിലെ വിവാദം ആശങ്ക വളർത്തുന്നു

**കൂ**ടൽമാണിക്യം ക്ഷേത്രത്തിലെ പുതുതായി നിയമിതനായ ജീവനക്കാരനോടൊപ്പം സഹകരിക്കില്ലെന്ന് അവിടത്തെ തന്ത്രി സമൂഹം രേഖാ മൂലം അധികൃതരെ അറിയിച്ചെന്നും ഇത് താഴ്ന്ന ജാതിക്കാരോടുള്ള സവർണ്ണ സമൂഹത്തിന്റെ അപമാനകരമായ കടുത്ത അധിക്ഷേപമാണെന്നുമൊക്കെ ആരോപിച്ച് ചില മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ അവരുടെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും/സംപ്രേഷണം ചെയ്യുകയും യാഥാർഥ്യമെന്തെന്ന് അന്വേഷിക്കാതെ രാഷ്ട്രീയ, സാമൂഹ്യ രംഗത്തെ പലരും ഇതിന്റെ പേരിൽ തന്ത്രിമാർക്കെതിരെ പ്രതികരിക്കുന്നതും പ്രസ്താവനകൾ ഇറക്കുന്നതും കേരളം കണ്ടു കൊണ്ടിരിക്കുകയാണല്ലോ.

എന്നാൽ ജാതി അധിക്ഷേപം നേരിട്ടു എന്ന് നിക്ഷിപ്ത താൽപ്പര്യക്കാർ പറയുന്ന ഈ ജീവനക്കാരൻ തന്നെ തനിക്ക് ആരിൽ നിന്നും യാതൊരു അധിക്ഷേപവും ഉണ്ടായിട്ടില്ലെന്നും ക്ഷേത്ര ഭരണ സമിതിയിലെ ഒരു വ്യക്തി പറഞ്ഞ അറിവ് മാത്രമേ ഇക്കാര്യത്തിൽ തനിക്കുള്ളൂ എന്നും ക്ഷേത്രത്തിൽ അത് വരെ ജോലി ചെയ്തിരുന്ന വ്യക്തിയെ പിരിച്ചു വിട്ടിട്ട് ആ ജോലിയാണ് തനിക്ക് നൽകിയിട്ടുള്ളതെന്നുമുള്ള അദ്ദേഹത്തിന്റെ ശബ്ദ രേഖയും ഇതിനകം കേരളം കേട്ടു കഴിഞ്ഞു.

യാതൊരു വിധത്തിലുള്ള ജാതി അധിക്ഷേപമോ അതിന്റെ പേരിൽ തൊഴിൽ നിഷേധമോ ഉണ്ടായിട്ടില്ലെന്നും കാരയ്മ പ്രകാരം കഴക പ്രവർത്തിയിൽ യഥാർത്ഥ അവകാശിയായ ജീവനക്കാരനെ പിരിച്ചു വിട്ട് മറ്റൊരു വ്യക്തിയെ നിയമിച്ചതിലുള്ള എതിർപ്പായിരുന്നു അതെന്നും തന്ത്രിവര്യന്മാരും സംശയ ലേശമന്യേ പരസ്യമായി കുറിപ്പിലൂടെ സമൂഹത്തെ അറിയിച്ചു കഴിഞ്ഞു. കാരായ്മ മൂലം സിദ്ധിച്ച തൊഴിലിൽ നിന്ന് പിരിച്ചു വിടാൻ സർക്കാരിനോ ഭരണസമിതിക്കോ അധികാരമില്ലെന്ന് കോടതി വിധിയുള്ളതാണ്. റിക്രൂട്ട്മെന്റിൽ ഈ കാരായ്മ പ്രകാരമുള്ള ജീവനക്കാരന് രണ്ടാം റാങ്കും അദ്ദേഹത്തെ പിരിച്ചു വിട്ട് പുതിയതായി നിയമിച്ച വ്യക്തിക്ക് മൂന്നാം റാങ്കും ആയിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.

അമ്പലവാസി സമൂഹത്തിൽ ഉൾപ്പെടുന്ന പിഷാരോടി സമുദായത്തിൽ കാരായ്മ വഴി കഴക പ്രവർത്തി ചെയ്യുന്ന നിരവധി ജീവനക്കാരുണ്ട്. ജാതി പരമായി മുന്നോക്കക്കാരാണെങ്കിലും സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് അവരിൽ ഏറെയും.

കാരായ്മ വഴി സിദ്ധിച്ച കഴക പ്രവർത്തിയുടെ തൊഴിൽ സുരക്ഷയെപ്പറ്റി ഇപ്പോൾ കൂടൽമാണിക്യ ക്ഷേത്രത്തിൽ നടന്ന ജീവനക്കാരന്റെ പിരിച്ചു വിടലിലൂടെ പിഷാരോടി സമുദായത്തിലും വലിയ ആശങ്ക ഉയർന്നിരിക്കുന്നു. തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവകാശം എല്ലാവരെയും പോലെ അമ്പലവാസികൾക്കും ഉണ്ടല്ലോ. അതിനെതിരെ ഉണ്ടാകുന്ന ഏത് നീക്കത്തെയും പ്രതിരോധിക്കേണ്ടത് പിഷാരോടി സമുദായത്തിന്റെ സംഘടന എന്ന നിലയിൽ പിഷാരോടി സമാജത്തിന്റെ ചുമതലയാണ്.

ക്ഷേത്ര ജീവനക്കാരോടുള്ള ഇത്തരം തൊഴിൽ നിഷേധങ്ങൾ ഒഴിവാക്കണമെന്ന് പിഷാരോടി സമാജം ഭരണ സമിതി ദേവസ്വം ഭാരവാഹികളോടും കേരള സർക്കാരിനോടും ആവശ്യപ്പെടുന്നു.

എന്ന്

**ആർ. ഹരികൃഷ്ണൻ പിഷാരോടി**
പ്രസിഡണ്ട്

**കെ പി ഗോപകുമാർ**
ജനറൽ സെക്രട്ടറി

ഓർമ്മ



# വിഷുവോർമ്മ

ടി.കെ. ശശികുമാർ

**പ**ണ്ട് ഞങ്ങൾക്കൊക്കെ വിഷുവെന്നാൽ വിഷുക്കൈനീട്ടമായിരുന്നു. വിഷുക്കൊന്നയുടെ മഞ്ഞപ്പൂക്കൾ നാട്ടിലെ ഓരോ മുക്കിലും മുടുക്കിലും പൂത്തുഞാന്നു കിടന്നതിനാൽ കണിയൊരുക്കേണ്ട ബാദ്ധ്യത ആർക്കുമില്ലായിരുന്നു.

കൈനീട്ടത്തിന്റെ വകയിൽ ചില്ലറ നാണയത്തുട്ടുകളാണെങ്കിൽപ്പോലും മോശമല്ലാത്തൊരു സംഖ്യ കുട്ടികളുടെ  കൈയിൽ വന്നുചേരുമായിരുന്നു.  സാമ്പത്തികമായ സ്വയംപര്യാപ്തതയാണ് ബാല്യത്തിലെ വിഷുവോർമ്മ.

മുതിർന്നതോടെ വിഷുദിനം ഉറ്റവരും കൂട്ടുകാരുമൊക്കെ ഒത്തുചേരുന്ന ദിവസമായി മാറി. മദ്രാസിലും വടക്കുമൊക്കെയായി ജോലി ചെയ്തിരുന്നവർ അവധിക്കു വന്നിരുന്നത് വിഷുവിനും ഉത്തൃട്ടാതിയ്ക്കും ക്രിസ്മസ്സിനുമായിരുന്നു. വിഷുപ്പുലർച്ചയ്ക്ക് ചെങ്ങന്നൂരിലെ തീവണ്ടിയാപ്പീസിൽ യന്ത്രവൽകൃത ലോകത്തിന്റെ ധൂസര രാശിയണിഞ്ഞവർ കൂട്ടത്തോടെ വന്നിറങ്ങുമായിരുന്നു.

ഞാൻ ജോലിക്കാരനായി ഒറീസയിലേക്ക് പോകുന്നത് ഒരു മഞ്ഞുകാലത്താണ്. മലയാളപത്രം, മലയാളം റേഡിയോ ഇതൊന്നുമില്ലാതെ  പതുക്കെ ഞാൻ കേരളത്തിൽ നിന്ന് മുറിച്ചുമാറ്റപ്പെട്ടു. പക്ഷേ, ഓരോ ആഴ്ചയിലും അമ്മ മുടങ്ങാതെ കലാകൗമുദിയും മാതൃഭൂമിയും പോസ്റ്റിൽ എനിക്കയച്ചുതന്നിരുന്നു. ദിനപ്പത്രവായനയ്ക്കും ഭാഗവതത്തിനുമപ്പുറം ഒട്ടും അക്ഷരകുതുകിയല്ലാതിരുന്ന എന്റെ അമ്മയുടെ ഈ പ്രവൃത്തിയാണ് മരിച്ചുപോയേക്കാമായിരുന്ന  മകന്റെ ഭാഷയ്ക്ക് അൻപിയന്ന് തണലൊരുക്കിയത്. എന്നിട്ടും ഞാൻ അക്കൊല്ലം വിഷുവരുന്ന കാര്യം മറന്നുപോയി. അതെന്നെയോർമ്മിപ്പിച്ചത് ഹാത്തിധാര വനത്തിനുള്ളിൽ അടിമുടി പൂവണിഞ്ഞു നിന്ന ഒരു കണിക്കൊന്നമരമായിരുന്നു.

വിഷു വരാറായെന്ന് ഞാൻ കണക്കുകൂട്ടി. ഒറീസയിൽ കൊന്നമരക്കാഴ്ച അത്ര സാധാരണയല്ല. വേനലിൽ പകുതി വരണ്ടുപോയ നദിയിലേക്കിറങ്ങുന്ന വഴിയിലായിരുന്നു അതു നിന്നിരുന്നത്. ‘കടുവകൾ വെള്ളം കുടിയ്ക്കാനായി വരാൻ സാദ്ധ്യതയുണ്ട്, ജാഗ്രത!’യെന്ന് സൂചിപ്പിക്കുന്ന ഒരു ബോർഡ് അവിടെ ചരിഞ്ഞുകിടന്നു. കണിക്കൊന്നയുടെ ചുവട്ടിൽപ്പരന്നു കിടന്ന കനകമഞ്ഞയിതളുകളും നിഴലുകളും ചേർന്ന് കൊന്നമരച്ചുവടിനെ ഒരു വമ്പൻ ബംഗാൾ കടുവയെ ഓർമ്മിപ്പിച്ചു. ഞാൻ പേടിച്ചു പോയി.

നമ്മുടെ വിഷുവും പഞ്ചാബിലെ വൈശാഖിയും ആസാമിലെ ബിഹുവുമൊക്കെ വസന്തോത്സവങ്ങളാണെന്നും അക്കൊല്ലത്തേത് അടുത്തയാഴ്ചയാണെന്നും എന്നോട് പറഞ്ഞത് രാജ് നാരായൺ എന്ന എന്റെ ബിഹാറി ഡ്രൈവറായിരുന്നു.

വീടുവിട്ടുപോന്ന എന്റെ ആദ്യത്തെ വിഷുവായിരുന്നു അത്. വിഷുത്തലേന്ന് എനിക്കുറക്കം വന്നില്ല. അന്ന് എന്റെ വീട്ടിൽ ഫോണെത്തിയിട്ടില്ല. രാവിലെ തന്നെ അമ്മയ്ക്ക് വിഷു ആശംസിച്ചു കൊണ്ടുള്ള ടെലിഗ്രാം അയയ്ക്കാൻ ഞാൻ പോസ്റ്റോഫീസിലെത്തി. ബിഹുവിനുള്ള ആശംസകൾ നാട്ടിലേക്കയയ്ക്കാനുള്ള മറ്റു ചിലരും എന്നോടൊപ്പം ക്യൂവിൽ നിന്നിരുന്നു.

അമ്മയ്ക്ക് ആശംസകൾ അയച്ചിട്ട് മടങ്ങാനൊരുങ്ങുമ്പോൾ ആസാംകാരനെന്നു മുഖം തോന്നിപ്പിച്ച ഒരാൾ എന്നോട് ഒരു സഹായം ചോദിച്ചു. ഒരു ടെലിഗ്രാം വാചകം എഴുതിക്കൊടുക്കാമോ എന്നായിരുന്നു അയാൾ ചോദിച്ചത്. ദുഃഖത്തിന്റെ വേലിയേറ്റം നടക്കുന്ന ഒരു മുഖമായിരുന്നു അയാളുടേത്. പേനയെടുത്ത് എഴുതാൻ ഞാൻ തയ്യാറായി. തീരെ താഴ്ന്ന ഒരാവൃത്തിയിൽ അയാളതു പറഞ്ഞുതന്നു.

‘നമ്മുടെ അമൃത ഇന്നലെ രാത്രിയിൽ യാത്രയായി. ഇന്നുച്ചയോടെ അവളെ ഇവിടെ കൽഘാട്ടിൽ അടക്കും. അവൾക്കു വേണ്ടി പ്രാർത്ഥിക്കണേ!’

ജീവിതസർവ്വസ്വം അടക്കം ചെയ്ത ആ ചെറുവാചകങ്ങളെ കമ്പിത്തപാലിന്റെ ചുരുക്കെഴുത്തിലേക്ക് എങ്ങനെയൊതുക്കുമെന്നറിയാതെ ഞാൻ നിന്നുരുകി.

വീടെത്തിയിട്ടും എന്റെ മനസ്സടഞ്ഞുതന്നെ കിടന്നു.

# പിഷാരോടി സമാജം

## പ്രതിനിധി സഭ യോഗ നോട്ടീസ്

പിഷാരോടി സമാജം 2024-25 പ്രതിനിധി സഭ അംഗങ്ങളുടെ യോഗം 27-04-2025 ഞായറാഴ്ച രാവിലെ 10ന് സമാജം ആസ്ഥാന മന്ദിരത്തിൽ വച്ചു ചേരുന്നതാണ്.

**അജണ്ട**

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചനം
4. അദ്ധ്യക്ഷ പ്രസംഗം
5. 2024-25 ലെ സമാജം പ്രവർത്തന റിപ്പോർട്ട്, കണക്ക് അവതരണം, തുളസീദളം വാർഷിക റിപ്പോർട്ട് & കണക്ക് അവതരണം.
6. PE&WS റിപ്പോർട്ട്, കണക്ക് അവതരണം
7. PP&TDT റിപ്പോർട്ട്, കണക്ക് അവതരണം
8. പുതിയ ഭരണ സമിതിയെ തിരഞ്ഞെടുക്കൽ
9. നന്ദി.

എല്ലാ പ്രതിനിധികളും കൃത്യ സമയത്ത് തന്നെ എത്തിച്ചേരുവാൻ താല്പര്യപ്പെടുന്നു.

**ഗോപകുമാർ കെ.പി. (ജന. സെക്രട്ടറി)**

# പിഷാരോടി സമാജം പ്രതിനിധി സഭ അംഗങ്ങൾ

വിവിധ ശാഖകളിൽ നിന്നും ജന. സെക്രട്ടറിക്ക് ലഭിച്ച പ്രതിനിധിസഭാംഗങ്ങളുടെ ലിസ്റ്റ് ഇവിടെ അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

**മുംബൈ (29)**

അരുൺ രഘുപതി, എം. ബാലകൃഷ്ണൻ, കെ. ഭരതൻ, ദിനേശ് പിഷാരടി, പി.പി. കുട്ടികൃഷ്ണൻ, ടി.വി. മണിപ്രസാദ്, മിനി ശശിധരൻ, വി.ആർ മോഹനൻ, വി.പി. മുരളീധരൻ, എ.പി.നന്ദകുമാർ, വി.പി. നന്ദകുമാർ, ടി.പി. പീതാംബരൻ, പി. രാധാകൃഷ്ണൻ, ജി.പി. രാധാമണി, ആർ.പി. രഘുനന്ദനൻ, എ.പി. രഘുപതി, രമേഷ് പിഷാരടി, ടി.ജി രവീന്ദ്രൻ, സന്ധ്യ രമേഷ്, വി.പി. ശശിധരൻ, ടി.പി. ശശിധരൻ, സി.പി. ശശികുമാർ, ടി.പി. ശശികുമാർ, എം.പി. സോമൻ, കെ.പി. ഉണ്ണികൃഷ്ണൻ, ഉണ്ണികൃഷ്ണൻ കെ.പി., വത്സല കൃഷ്ണകുമാർ, കെ.പി. വേണുഗോപാലൻ, പി. വിജയൻ.

**തൃശ്ശൂർ (27)**

എ.പി. ഗോപി, എ.പി. ജയദേവൻ, എ. രാമചന്ദ്ര പിഷാരടി, അനിത ഹരികൃഷ്ണൻ, സി.ജി. കുട്ടി, സി.പി. അച്യുതൻ, സി.പി. ദാമോദരൻ, ഡോ.എം.പി.നാരായണൻ, ഗീതാ ഗോപി, ഗോപൻ പഴുവിൽ, കെ.പി. ഹരികൃഷ്ണൻ, ജയശ്രീ ഗോപകുമാർ, കെ.പി. ബാലകൃഷ്ണൻ, കെ.പി. ഗോപകുമാർ, കെ. വിനോദ് കുമാർ, മണികണ്ഠൻ, നാരായണൻകുട്ടി ജി.പി., പി. ഗോപി, ആർ.പി. രഘുനന്ദനൻ, പി. രഘുനാഥ്, എ. രാജേഷ്., രാജി ലക്ഷ്മി, രഞ്ജിനി ഗോപി, ടി.പി. സേതുമാധവൻ,

ടി.പി. രവികുമാർ, ഉഷ ചന്ദ്രൻ, വിനോദ് കുമാർ.

**മഞ്ചേരി (17)**

എൻ.എസ് അച്യുതൻ, എ. അജയ് കുമാർ, എ.പി. ആനന്ദൻ, സി.പി. ബാലകൃഷ്ണൻ, വി.എം. വാസുദേവൻ, ഐ.പി. ഗോവിന്ദരാജൻ, ഹരീശ്വരൻ, കെ.പി. മുരളി, കരുണാകരപിഷാരടി, കാർവർണ്ണൻ, എ. കൃഷ്ണദാസ്, കെ. മഞ്ജുള, എ. രഘുനാഥൻ ഉണ്ണി, സി.പി. രാമകൃഷ്ണൻ, എ.പി. സദാനന്ദൻ, എ.പി. വേണുഗോപാൽ, എം.പി വേണുഗോപാൽ.

**കൊടകര (14)**

ഉഷ ശ്രീധരൻ, രമ്യ രാധാകൃഷ്ണൻ, എം.പി. വിജയൻ, കെ.എ. പിഷാരടി, രാജൻ രാഘവൻ, സി.പി. രാമചന്ദ്രൻ, വി.പി. ജയൻ, ടി.പി. രാമചന്ദ്രൻ, എം.പി. രാജൻ, ടി.ആർ. ജയൻ, സതി മണികണ്ഠൻ, കെ.പി. മോഹനൻ, കെ.പി. കൃഷ്ണൻ, ബിന്ദു രാമനാഥൻ

**കോങ്ങാട് (13)**

ടി.പി. അച്യുതാനന്ദൻ, അനിൽ കൃഷ്ണൻ, കെ.പി. ചന്ദ്രശേഖരൻ, കെ.പി. ഗീത, കെ.പി. ഗോവിന്ദൻ, എം.പി. ഹരിദാസൻ, വി.പി. ഹരീഷ്, മായ ബാബു, പി.പി. നാരായണൻകുട്ടി, കെ.പി. പ്രഭാകരൻ, കെ.പി. രാമചന്ദ്രൻ, ആർ. സുരേഷ് കുമാർ, എം.പി. ഉഷാദേവി.

**എറണാകുളം (13)**

ബാലചന്ദ്രൻ, ദീപ വിജയകുമാർ, എസ്. ദിനേശ്, ജി രഘുനാഥ്, കെ.എൻ. ഋഷികേശ്, കെ.പി. വിജയകുമാർ, എം.ഡി. രാധാകൃഷ്ണൻ, പ്രീതി ദിനേശ്, രഘു ബാലകൃഷ്ണൻ, സന്തോഷ് കൃഷ്ണൻ, എം. സന്തോഷ് കുമാർ, ഉഷ നാരായണൻ, യദു ബാലചന്ദ്രൻ.

**ചൊവ്വര (10)**

ദിവാകര പിഷാരടി, കെ. ഹരി, ആർ. ഹരികൃഷ്ണ പിഷാരടി, ടി.പി. കൃഷ്ണകുമാർ, വി.പി മധു, കെ.പി. രവി, സേതുമാധവൻ, വേണുദാസ്, കെ. വേണുഗോപാൽ, കെ.എൻ. വിജയൻ.

**ഇരിഞ്ഞാലക്കുട (9)**

ജയശ്രീ മുരളീധരൻ, മായ സുന്ദരേശൻ, സി.ജി മോഹനൻ, കെ.പി. മോഹൻദാസ്, വി.പി. മുകുന്ദൻ, മുരളി പിഷാരടി, പുഷ്പ മോഹനൻ, വി.പി. രാധാകൃഷ്ണൻ, രാജൻ എ. പിഷാരടി.

**പാലക്കാട് (9)**

കെ. ഗോപി, പി.പി. നാരായണൻ, എം.പി. രാമചന്ദ്ര, സതി രാമചന്ദ്രൻ, എ.പി. സതീഷ് കുമാർ, ടി പി ബാലകൃഷ്ണൻ, ടി.പി. രാമൻകുട്ടി, ടി.പി. ഉണ്ണികൃഷ്ണൻ, വി.പി. മുകുന്ദൻ

**പട്ടാമ്പി (8)**

എൻ.പി. ബിന്ദു, എം.പി. ഹരിദാസൻ, ജ്യോതി രവീന്ദ്രൻ, മുകുന്ദൻ എ.പി., സുരേന്ദ്രൻ എം.പി., ടി ജി രവീന്ദ്രൻ, ടി പി ഗോപാലകൃഷ്ണൻ, വി.എം ഉണ്ണികൃഷ്ണൻ.

**വടക്കാഞ്ചേരി (8)**

എ,പി ഗീത, കെ.പി. പീതാംബരൻ, എൻ.പി. കൃഷ്ണൻ ഉണ്ണി, എം.പി. ഉണ്ണികൃഷ്ണൻ, പത്മിനി ഗോപിനാഥ്, പി. രവി, എം.പി. സന്തോഷ്, ടി.പി. നാരായണൻ.

**ഗുരുവായൂർ (6)**

പി. ജയൻ, പി. മോഹനൻ, ഇ.പി. നളിനി, സി.എൻ സിന്ധു, ഐ.പി. ഉണ്ണികൃഷ്ണൻ, വിജയലക്ഷ്മി

**തിരുവനന്തപുരം (6)**

അംബിക സേതുമാധവൻ, പി.പി അനൂപ്, എം. ദേവദാസൻ, ജഗദീശ പിഷാരടി, കെ.ജി. രാധാകൃഷ്ണൻ, പി.പി. മുരളീധരൻ.

കോട്ടയം (6)

എ.ആർ. പ്രവീൺ കുമാർ, എം.എസ്. അജിത് കുമാർ, പി.എൻ. അശോക് കുമാർ, ഗോകുൽ കൃഷ്ണൻ, പി.എൻ. സുരേന്ദ്ര പിഷാരടി, ആർ. ഹരികുമാർ

**ആലത്തൂർ (5)**


കെ.പി. ആനന്ദൻ, സി.പി മധു, പ്രസീത, രഘുരാജ്, പി.പി. ശശിധരൻ.


**മൂവാറ്റുപുഴ (4)**

എ. അച്യുത പിഷാരടി, സാനന്ദ് എ. പിഷാരടി, കെ.എം. ശ്രീവല്ലഭൻ, സുജിത് പി. രാഘവൻ

**ചെന്നൈ (3)**

പി.ആർ. രാമചന്ദ്രൻ, ഗോപിനാഥ് മുങ്ങത്ത്, അജിത് കൃഷ്ണൻ



Kamya Karthikeyan - Youngest female in the world to complete the Seven Summits

# ഏഴു കൊടുമുടികൾ കീഴടക്കി ഒരു കൊച്ചു മിടുക്കി

**പാ**ലക്കാട് കല്ലുവഴി ത്രിവിക്രമപുരം പിഷാരത്ത് പ്രഭാവതിയുടെയും കല്പാത്തി കാരട സുന്ദരേശന്റെയും മകൻ മുംബൈയിൽ നാവികസേനാ കമാൻഡറായ കാർത്തികേയന്റെയും ലാവണ്യയുടെയും മകളായ കാമ്യയാണ് ഈ കൊച്ചു മിടുക്കി.

മുംബൈയിലെ ഇന്ത്യൻ നേവി ചിൽഡ്രൻസ് സ്കൂളിലെ വിദ്യാർത്ഥിനിയായ 17കാരി കാമ്യ കാർത്തികേയൻ ഏഴ് ഭൂഖണ്ഡങ്ങളിലെയും ഏറ്റവും ഉയരം കൂടിയ കൊടുമുടികൾ കീഴടക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വനിതയായി ചരിത്രത്തിൽ ഇടം നേടി.

2024 ഡിസംബർ 24ന് അന്റാർട്ടിക്കയിലെ മൗണ്ട് വിൻസൺ കീഴടക്കിയപ്പോഴാണ് കാമ്യ ഈ ശ്രദ്ധേയമായ നാഴികക്കല്ല് പിന്നിട്ടത്. പർവ്വതാരോഹണത്തിലെ അഭിമാനകരമായ നേട്ടമായ സെവൻ സമ്മിറ്റ്സ് ചലഞ്ച് ഈ കയറ്റത്തോടെ പൂർത്തിയാക്കി. ഇന്ത്യൻ നാവികസേനയുടെ കമാൻഡർ എസ്. കാർത്തികേയനോടൊപ്പം 16,050 അടി ഉയരമുള്ള അന്റാർട്ടിക്കിലെ വിൻസൻ കൊടുമുടി കീഴടക്കിയ കാമ്യ ആഗോള പർവതാരോഹക ഐക്കൺ എന്ന പദവിയും ഉറപ്പിച്ചു.

പതിമൂന്നാം വയസ്സിൽ ആരംഭിച്ച കാമ്യയുടെ യാത്ര അവരെ വിവിധ ഭൂഖണ്ഡങ്ങളിലേക്ക് നയിച്ചു. ആഫ്രിക്കയിലെ കിളിമഞ്ചാരോ (Kilimanjaro) പർവ്വതം, യൂറോപ്പിലെ എൽബ്രസ് (Mount Elbrus) പർവ്വതം, ഓസ്ട്രേലിയയിലെ കോസിയൂസ്കോ (Mount Kosciuszko) പർവ്വതം, തെക്കേ അമേരിക്കയിലെ അകോൻകാഗ്വ (Mt. Aconcagua) പർവ്വതം, വടക്കേ അമേരിക്കയിലെ ഡെനാലി (Mt. Denali) പർവ്വതം, ഏഷ്യയിലെ എവറസ്റ്റ് (Mt. Everest) പർവ്വതം, ഒടുവിൽ അന്റാർട്ടിക്കയിലെ മൗണ്ട് വിൻസൺ (Mt. Vinson) എന്നിവ അവർ കീഴടക്കി.

ഇന്ത്യൻ നാവികസേന കാമ്യയെയും പിതാവിനെയും അഭിനന്ദിച്ചു, ഈ നേട്ടം ഇന്ത്യൻ യുവത്വത്തിന്റെ അചഞ്ചലമായ ചൈതന്യത്തിന്റെ തെളിവാണെന്ന് വിശേഷിപ്പിച്ചു.

തന്റെ വിജയം ലോകമെമ്പാടുമുള്ള ഇത്തരത്തിൽ സ്വപ്നം കാണുന്നവർക്കായി സമർപ്പിക്കുന്നുവെന്നാണ് ഇതിന് ശേഷം കാമ്യ പറഞ്ഞത്. "ഓരോ കൊടുമുടിയും ധൈര്യം, സഹിഷ്ണുത, നമ്മുടെ ഗ്രഹത്തിന്റെ സൗന്ദര്യം എന്നിവയെക്കുറിച്ചുള്ള പാഠങ്ങൾ കൂടി എന്നെ പഠിപ്പിച്ചു. എന്റെ യാത്ര മറ്റുള്ളവരെ അവരുടെ അഭിനിവേശങ്ങൾ പിന്തുടരാൻ പ്രചോദിപ്പിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു" - കാമ്യ പറഞ്ഞു.

കാമ്യക്കും കമാൻഡർ കാർത്തികേയനും പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!



അനുസ്മരണം



# Our Dear Achamma

**We** had the best time with achamma. She was so nice and kind. We loved it when she made us food, it was so yummy. We remember reading books together. She also used to play board games with us. Her garden was so beautiful and we used to see colorful butterflies and other insects. Once a small herd of cows came and we got to pet the baby. Achamma let us take turns watering the plants. She also took us to temples. We had so much fun.

Thank you Achamma, you always supported us. You were the best. We miss you. We wish we could spend more time together.

Love you,
**Vedhika and Akshara**

# *Amazing Person*

**NIKKI**

**A**chamma was always an amazing person. When I was little, it was simple. She was my grandma, and she was awesome. She let me have candy, sang me songs, and told me funny stories about my dad from when he was little. As I grew up, my love for her only grew. We shared hobbies, ideas, and goals. She helped me with so many things,and helped me connect to my culture, even though I was in America. She is one of the reasons I can still speak in Malayalam. I can’t express how much I miss her. I see her everywhere I look. In all of my volleyball games. Every time I get an A in history. Every time I see something cute, or funny, or when something happens in my day which I would have told her about. Whenever I hear a story that makes me laugh. I keep thinking of her, and remembering that she’s gone. Wherever she is, I hope she knows how much I miss her. I love you, Achamma.

# ആദരാഞ്ജലികൾ



## പഴയന്നൂർ തെക്കൂട്ട് പിഷാരത്ത്
# രാധ പിഷാരസ്യാർ

മരണം: 07 – 03 – 2025

*ദുഃഖപൂർവ്വം....*

**ഭർത്താവ് :** വല്ലച്ചിറ പിഷാരത്ത് ബാലകൃഷ്ണൻ (വി.പി. ബാലകൃഷ്ണൻ)
**മക്കൾ:** വിനോദ് ബാലകൃഷ്ണൻ, വിവേക് ബാലകൃഷ്ണൻ
**മരുമക്കൾ:** വീണ വിനോദ്, ദിവ്യ വിവേക്
**പേരക്കുട്ടികൾ:** വേദിക, അക്ഷര, നികിത, അനുഷ്ക



ബാലകൃഷ്ണൻ - രാധ



രാധയും ബാലകൃഷ്ണനും കുടുംബവും
സഹോദരി തങ്കം പിഷാരസ്യാർക്കൊപ്പം



ബാലകൃഷ്ണന്റെ 80-ാം പിറന്നാളിനെടുത്ത ചിത്രം



രാധ പേരക്കുട്ടി നികിതക്കൊപ്പം



രാധ സഹോദരിമാർ അമ്മുക്കുട്ടിക്കും വിജയത്തിനുമൊപ്പം



ബന്ധുമിത്രാദികൾക്കൊപ്പം വിനോദയാത്രക്ക് പോയപ്പോഴെടുത്ത ചിത്രം

അനുസ്മരണം

# കെ.പി. നാരായണപിഷാരോടി വിടവാങ്ങിയിട്ട് രണ്ട് പതിറ്റാണ്ട്



**ആർ. ഗോപാലകൃഷ്ണൻ**
മുൻ സെക്രട്ടറി, സാഹിത്യ അക്കാദമി

**സം**സ്കൃത-മലയാളഭാഷകളിൽ പണ്ഡിതനും അദ്ധ്യാപകനും ഗ്രന്ഥകാരനുമായിരുന്നു കെ.പി.നാരായണ പിഷാരടി (പിഷാരോടി). 'പണ്ഡിത രത്നം' എന്നാണ് ഇദ്ദേഹത്തെ വിശേഷിപ്പിക്കപ്പെടുന്നത്. പഴയ കാല പണ്ഡിത പാരമ്പര്യവും ആധുനിത വിദ്യാഭ്യാസവും ചേർത്തിണക്കിയ ഒരു ഗുരുശ്രേഷ്ഠനായി ഇദ്ദേഹം പരിഗണിക്കപ്പെടുന്നു. യൂസഫലി കേച്ചേരി ഉൾപ്പെടെ അനേകം സാഹിത്യകാരന്മാരുടെ സംസ്കൃത ഊർജ്ജ സ്രോതസു കൂടിയായിരുന്നു ഈ സ്മര്യപുരുഷൻ.

21-ാം ചരമവാർഷിക ദിനത്തിൽ അദ്ദേഹത്തിന് പ്രണാമം.



പട്ടാമ്പിക്കടുത്ത് കൊടിക്കുന്നു പിഷാരത്ത് 1909 ഓഗസ്റ്റ് 23-ന് ജനനം. അമ്മ കൊടിക്കുന്നു പിഷാരത്ത് നാരായണിക്കുട്ടി പിഷാരസ്യാർ. അച്ഛൻ പുതുശ്ശേരി മനയ്ക്കൽ പശുപതി നമ്പൂതിരി. ഗുരുകുല സമ്പ്രദായത്തിൽ പ്രാഥമികവിദ്യാഭ്യാസം നടത്തി. പുന്നശ്ശേരി നീലകണ്ഠശർമ്മയുടെ കീഴിൽ സംസ്കൃതം അഭ്യസിച്ചു. അദ്ദേഹത്തിന് മൂന്ന് പ്രധാന ഗുരുക്കന്മാരാണുണ്ടായിരുന്നത്. ആണ്ടാളേ പിഷാരത്ത് ശേഖരപിഷാരടി, പുന്നശേരി നമ്പി നീലകണ്ഠശർമ, ആറ്റൂർ കൃഷ്ണ പിഷാരടി എന്നിവർ.

മദിരാശി സർവ്വകലാശാലയിൽ നിന്ന് മലയാളം വിദ്വാൻ പരീക്ഷ ജയിച്ചു. അതിനു ശേഷം മധുര അമേരിക്കൻ കോളേജ്, തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജ് തുടങ്ങിയ കലാലയങ്ങളിൽ പഠിപ്പിച്ചു. പ്രമുഖ കവിയും ഗാനരചയിതാവുമായിരുന്ന യൂസഫലി കേച്ചേരിയടക്കം നിരവധി പ്രമുഖർ അദ്ദേഹത്തിന്റെ ശിഷ്യരായിരുന്നു.

കേരളവർമ്മ കോളേജിൽ നിന്നും വിരമിച്ച ശേഷം തൃശ്ശൂരിൽ, കാനാട്ടുകരയിലുള്ള സ്വവസതിയായ നാരായണീയത്തിൽ താമസിച്ചുകൊണ്ടാണ് മലയാള സാഹിത്യത്തിന് അദ്ദേഹം ഏറെ സംഭാവനകൾ നടത്തിയത്. ഭരതമുനിയുടെ നാട്യശാസ്ത്രം മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുണ്ട്. 'കേശവീയം' എന്ന മലയാള മഹാകാവ്യം സംസ്കൃതത്തിലേയ്ക്കും തർജ്ജമ ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ആത്മകഥയാണ് 'ആയാതമായാതം': 'ആയാതമായാതം അപേക്ഷണീയം / ഗതം ഗതം ച ഉപേക്ഷണീയം'. കിട്ടുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുക, പോയതൊക്കെ പോട്ടെ. അതേപ്പറ്റി വിഷമിക്കേണ്ട, എന്നാണീ വരികൾ അർത്ഥമാക്കുന്നത്. മഹാപണ്ഡിതനായ കെ. പി. നാരായണ പിഷാരടിയുടെ ജീവിതദർശനമായിരുന്നു ഇത്. ആത്മകഥയെഴുതിയപ്പോൾ അദ്ദേഹം നൽകിയ തലക്കെട്ട്- 'ആയാതമായാതം' - ആ മഹദ് ജീവിതത്തെയും ദർശനത്തെയും പ്രതിഫലിപ്പിക്കുന്നു. 'ആയാതമായാത'ത്തിന് ഇരുപത്തിയൊൻപത് അധ്യായങ്ങൾ ഉണ്ട്. 'ജനവും ബാല്യവും' മുതൽ 'എന്റെ ശിഷ്യന്മാർ' എന്ന ഉപസംഹാരം വരെ.

മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള എഴുത്തച്ഛൻ പുരസ്കാരം 1999-ൽ ലഭിച്ചു. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർ

വ്വകലാശാല 2001-ൽ അദ്ദേഹത്തെ ഡി.ലിറ്റ്. നൽകി ആദരിച്ചു. 'കേശവീയം' വിവർത്തനത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. രാജ്യത്തെ പ്രമുഖ സംസ്കൃത പണ്ഡിതനുള്ള രാഷ്ട്രപതിയുടെ ആജീവനാന്ത ഫെലോഷിപ്പിനും പിഷാരോടി മാഷ് തെരഞ്ഞെടുക്കപ്പെട്ടു.

2004 മാർച്ച് 21-ന് തന്റെ 95-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. സ്മരണാഞ്ജലികൾ!

കൊച്ചിൻ ദേവസ്വം ബോർഡ് ഇദ്ദേഹത്തിന്റെ പേരിൽ ഒരു പുരസ്ക്കാരം നൽകി വരുന്നുണ്ട്.

..............................**പ്രധാന കൃതികൾ**.......................

ആയാതമായാതം (ആത്മകഥ); നാട്യശാസ്ത്രം (തർജ്ജമ); ശ്രീകൃഷ്ണവിലാസം (കാവ്യപരിഭാഷ); കുമാരസംഭവം (വിവർത്തനം); ആശ്ചര്യചൂഡാമണി (വിവർത്തനം); ശ്രീകൃഷ്ണചരിതം (മണിപ്രവാളം വ്യാഖ്യാനം); ആറ്റൂർ (ജീവചരിത്രം); തുഞ്ചത്ത് ആചാര്യൻ (ജീവചരിത്രം); സ്വപ്നവാസവദത്തം (പരിഭാഷ); കേശവീയം (സംസ്കൃത വിവർത്തനം); നാരായണീയം (വ്യാഖ്യാനം); ആട്ടപ്രകാരവും ക്രമദിപികയും (പ്രധാന കൃതികൾ പലതും കേരള സാഹിത്യ അക്കാദമിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.)

NB: പിഷാരോടി സമാജം കഴിഞ്ഞ വർഷം മുതൽ ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാരവും, തുളസീദളം കെ.പി. നാരായണ പിഷാരോടി സാഹിത്യ പുരസ്കാരം, അദ്ദേഹത്തിന്റെ പേരിലാണ്. ●

# നിങ്ങളുടെ ചിരി ഞങ്ങളുടെ അഭിമാനം
# പുതിയ സംരംഭം

**നി**ങ്ങളുടെ ചിരി ഞങ്ങളുടെ അഭിമാനമെന്ന മുദ്രാവാക്യവുമായി നമുക്കിടയിലെ രണ്ടു യുവ ഡോക്ടർമാർ നേതൃത്വം നൽകുന്ന സംരംഭമാണ് Teeth Tune Dental & ENT Clinic.

തൃശൂർ കിഴക്കേക്കോട്ടയിൽ സെന്റ് തോമസ് കോളേജിന് സമീപം കാട്ടൂർക്കാരൻ റോഡിലാണ് ഈ പുതിയ ക്ലിനിക് പ്രവർത്തനമാരംഭിച്ചത്.

മാർച്ച് 12നു വൈകീട്ട് 5 മണിക്ക് കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മലാണ് TeethTune Dental & ENT Clinic ന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. വെബ്സൈറ്റ് ലോഞ്ചിങ് ഡോ. ഫാദർ ജോസ് വട്ടക്കുഴിയും നിർവ്വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ലീല വർഗീസ്, പിഷാരോടി സമാജം ജന. സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ, സമാജം മുൻ പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി, ബന്ധുമിത്രാദികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

ദന്ത ചികിത്സാ രംഗത്തെ അത്യാധുനിക സൗകര്യങ്ങളോടെ തുടങ്ങിയ ഈ സംരംഭത്തിൽ വിവിധ ദന്ത ചികിത്സയും സൗന്ദര്യവർദ്ധക ചികിത്സാരീതികളും ENT (Ear-Nose-Throat) ചികിത്സകളും ലഭ്യമാണ്.



പഴുവിൽ കിഴക്കേ പിഷാരത്ത് ഡോ. ജിഷ്ണു എസ്, തിരുനാരായണപുരം പിഷാരത്ത് ഡോ. വിദ്യ ഗോപിനാഥ് പിഷാരോടി എന്നീ യുവ ഡോക്ടർ ദമ്പതിമാരാണ് ഈ സംരംഭത്തിന് നേതൃത്വം നൽകുന്നത്. ഓയിക്കാമഠം സദാനന്ദ പിഷാരോടിയുടെയും പഴുവിൽ കിഴക്കേ പിഷാരത്ത് വിജയത്തിന്റെയും മകനാണ് ഡോ. ജിഷ്ണു. വെങ്ങാനെല്ലൂർ വടക്കേ പിഷാരത്ത് ഗോപിനാഥന്റെയും തിരുനാരായണപുരം പിഷാരത്ത് പത്മിനിയുടെയും മകളാണ് ഡോ. വിദ്യ.

ഇവരുടെ പുതിയ സംരംഭത്തിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും ആശംസകൾ!

ചെറുകഥ



# ആനന്ദപ്പൂത്തിരികൾ

**തപസ്യ അഖില കേരളാടിസ്ഥാനത്തിൽ നടത്തിയ ചെറുകഥാമത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ കഥ**

**വിജയരാഘവൻ വി.പി.**

**സ്വ**പ്നങ്ങളുടെ തുടർയാത്രപോലെ ജീവിതാനുഭവങ്ങൾ തുടരുന്നില്ലല്ലോ. അതിന്റെ വിഘ്നങ്ങളിൽപ്പെട്ട് ഉലയുന്നതായിട്ടാണ് കാണുന്നത്. മനസ്സിൽ പതിഞ്ഞത് മായ്ക്കാൻ ഒരു പുതുമക്കും സാധിക്കുന്നില്ല. കുറച്ചുകാലം ഒരേ നിലയിൽ പോയവർ എന്തോ സംഭവിച്ചപോലെ തകിടം മറിഞ്ഞനിലയിലെത്തിച്ചേരുന്നു. ദൈവം കനിഞ്ഞു നൽകിയ ഈ ജീവിതത്തോണി സ്വസ്ഥമായി കരക്കണയണമെങ്കിൽ കാറും കോളും എത്ര കൊള്ളണം! പഴഞ്ചൊല്ലുകളെക്കൊണ്ട് അലങ്കരിക്കാനാവുമോ ജീവിതാനുഭവങ്ങളെ? ഞെട്ടലുകളുടെ ഇടതടവില്ലായ്മ സൃഷ്ടിക്കുന്ന സ്തംഭനാവസ്ഥകൾ ജഡസമാനമായ അനുഭവങ്ങൾ സമ്മാനിക്കുന്നു.

ഇന്നലെയാണ് ഒരു മിന്നലാട്ടം പോലെ സഹപാഠിയായിരുന്ന ഗോപാലനെ കണ്ടത്. പറഞ്ഞറിയിക്കാൻ തക്ക പുകിലൊന്നുമില്ലെങ്കിലും ആരെക്കൊണ്ടും ഒന്നും പറയിക്കാതെ ജീവിച്ചു പോകുന്നു. സംസാരമദ്ധ്യേ കുശലാന്വേഷണവും വിശേഷങ്ങളുമായി കുറച്ചുസമയം. ഇതുപോലെ നിത്യേന പലരെയും കണ്ടുമുട്ടുന്നു. കാഴ്ചയിൽ നല്ല അനുഭവങ്ങൾ സമ്മാനിക്കുന്നു. മനസ്സിനൊരുത്തേജനം കിട്ടുന്നു. സംതൃപ്തിയും സമാധാനവുമായി ശാന്തിതീരങ്ങളിലെത്തുന്നു.

നാമങ്ങിനെയായിപ്പോയി. മനസ്സിലെ തീക്കനലുകൾ അണച്ച് ഭംഗിവാക്കുകളുമായി ഇറങ്ങുന്നു. കണ്ടാൽ ഉള്ളിൽക്കൊള്ളുന്ന കുറച്ചു വാക്കുകൾ. ദീർഘഭാഷണമോ വിശേഷമാന്വേഷണമോ തീരെ കുറഞ്ഞിരിക്കുന്നു. ഇനി സംസാരിക്കുന്ന ഒന്നോ രണ്ടോ പേരെ കിട്ടിയാൽ ഭാഗ്യം. ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നോടിയൊളിക്കാനായി ഉത്സവസമാനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ആ നിമിഷങ്ങളിൽ മനസ്സ് വ്യാകുലകഥകൾ മറക്കുന്നു.

ഇങ്ങനെ ചിന്തിച്ചിരിക്കുമ്പോഴാണ് ഇനിയെന്തെന്ന ആകാംക്ഷ ഉദിക്കുന്നത്. കൃത്യമായ ലക്ഷ്യബോധത്തിലൂന്നിയാൽ യാഥാർത്ഥ്യങ്ങൾ വ്യതിചലിച്ചാലോ? തീരുമാനങ്ങളിലടിയുറച്ചു മുന്നേറുകയേ നിവൃത്തിയുള്ളൂ. വരാനുള്ളത് വരികതന്നെ ചെയ്യും. ജീവിതാനുഭവങ്ങൾ സ്വന്തം താല്പര്യങ്ങളുമായി ഇണങ്ങിപ്പോകുന്നതിൽ നാമേവരും ശ്രദ്ധിക്കുന്നു. പക്ഷെ വരുതിയിൽ നിൽക്കാത്ത വരും വരായ്കകൾ അനിശ്ചിതത്വം വരുത്തുന്നു. ചിന്തയുടെ ചിലന്തിവലകളെ ചീന്തിയെറിഞ്ഞ് ആസ്വാദനത്തിന്റെ ഉദാത്ത മേഖലകളെ എത്തിപ്പിടിക്കുകയാണ് കരണീയം. പിഴക്കാത്ത കണക്കുകൾക്ക് വഴങ്ങാത്ത ലക്ഷ്യം.

കഴിഞ്ഞ കാലത്തേക്കൊരു തിരിഞ്ഞുനോട്ടമാവുമ്പോൾ, നഷ്ടങ്ങളുടെ പട്ടിക നീളുന്നു. ഒരു പക്ഷെ വിചാരിച്ച വഴികൾ മുന്നിൽ വന്നില്ല. അല്ലെങ്കിൽ നല്ല വഴികളെ സംശയിച്ചു മാറ്റിക്കളഞ്ഞു. വഴികളുടെ ബഹുവിധത്വം അനുഭവങ്ങളെ അട്ടിമറിച്ചു. ചുറ്റും നോക്കുമ്പോൾ സങ്കല്പജീവിതം എത്തിപ്പിടിക്കാനായില്ലെങ്കിലോ എന്ന ആശങ്ക. കഷ്ടപ്പെടുന്നവരുടെ പടുകുഴിയിലേക്കുള്ള വീഴ്ചകളും നിനച്ചിരിക്കാത്തവരുടെ ഉയിർത്തെഴുന്നേല്പുകളും ആകുലതകളെ ഊതിവീർപ്പിക്കുന്നു. വിധിയുടെ അപ്രതീക്ഷിത വിളയാട്ടങ്ങൾ വിധിവൈപരീത്യത്തിന്റെ നൂതന പാന്ഥാവുകൾ തുറക്കുന്നു. ഇന്നു കാണുന്നവ നാളെ കാണുന്നില്ല. തീരാക്കണ്ണീരിന്റെ അഗ്നിസ്ഫുലിംഗങ്ങളിൽ ആളിക്കത്തി സുരക്ഷാകവചമണിയാൻ കാത്തിരിക്കുന്ന ഹതഭാഗ്യർ. ഉറപ്പില്ലാത്ത സ്നേഹബന്ധങ്ങളും സ്വരച്ചേർച്ചകളും. വിശ്വാസരാഹിത്യത്തിന്റെയും വഞ്ചനാമനോഭാവത്തിന്റെയും തീരാവ്യഥകൾ. ഇത്രയും ആസുരമായ അവസ്ഥയിൽ സ്വസ്ഥത

ക്കെന്തു പ്രസക്തി?

ഉത്തരവാദിത്തങ്ങൾ കാര്യമായി വന്നു ചേർന്നില്ലെങ്കിലും ഉത്തരം കിട്ടാത്ത സമസ്യകളു മായി ജീവിതമൊഴുകി. ഇനി വന്നുചേർന്നാൽ ത്തന്നെ അവയിൽ നിന്നൊഴിഞ്ഞുമാറിയാലോ? എത്ര ഒഴിഞ്ഞാലും അവസാനം ഒരു കൂച്ചുവില ങ്ങുവീഴും. അറിഞ്ഞുകൊണ്ട് പ്രശ്നങ്ങളിൽ തല യിടണോ? ഉള്ളതുപോലെ നീങ്ങട്ടെ. ബാക്കി യൊക്കെ സ്വപ്നങ്ങളിലൊതുക്കാം. വഴിയിൽ വന്ന പലതും തട്ടിമാറ്റി കൂടുതൽ നല്ലതുവരട്ടെയെന്നു കരുതി ഭാഗ്യങ്ങളെ പരീക്ഷിച്ചു. അല്ലെങ്കിൽ ഭയ ത്തിന്റെ പരിവേഷവുമായി ജീവിതത്തെ നിയന്ത്രി ച്ചു. ഏതായാലും മാറ്റത്തിന്റെ മാറ്റൊലികൾ അല യടിക്കാതെ ജീവിതനദി മുന്നോട്ടൊഴുകി.

പലരും പറഞ്ഞതാണ്. ജീവിതത്തിനൊരടി ത്തറപാകൂ. ഒരു തുണയുണ്ടെങ്കിൽ പിന്തുണകൾ താനേവരും. മുൻപിൽ വരുന്ന ഭാഗ്യവഴികൾ അറി ഞ്ഞുകൊണ്ട് മുടക്കരുത്.

നല്ല കാലത്തിന്റെ സ്മരണയിലേക്ക് ഊളി യിട്ടു. വളരെ സ്വസ്ഥവും പ്രശാന്തവുമായ ഒരു കാലം. കഴിഞ്ഞകാലം കൊഴിഞ്ഞ ഇലകളായി. ഓർമ്മകൾ ശ്മശാനമൂകതയിലലിഞ്ഞു. ഓടിയൊ ളിക്കാൻ മാളങ്ങളന്വേഷിച്ചലഞ്ഞു.

ഞാൻ ഏകമകൻ. സ്നേഹമതികളായ മാതാ പിതാക്കൾ. പ്രതീക്ഷകളെ നെഞ്ചിലേറ്റിവളർന്നു. അച്ഛൻ ഔദ്യോഗികമായി പല സ്ഥലങ്ങളിലല ഞ്ഞു. ശാന്തമായി ജീവിതം ഒഴുകിക്കൊണ്ടിരിക്കെ അപ്രതീക്ഷിതമായ അച്ഛന്റെ മരണം കനത്ത ആഘാതമായി. സ്വപ്നങ്ങളുടെ നൂൽപ്പാലങ്ങൾ ഇളകിയാടി. ഒഴുക്കുനിലച്ച പുഴപോലെ സ്തംഭ നാവസ്ഥ. അമ്മയുടെ തീരാദുഃഖം. വേർപാടിനെ വേർപ്പെടുത്താനാവാതെ അഗാധദുഃഖത്തിലാണ്ടു. സഹനത്തിന്റെ പാരമ്യത്തിൽ ഒരു ദുർബലനിമി ഷത്തിൽ അമ്മയും ഇഹലോകം വെടിഞ്ഞു. ദിവ സങ്ങളുടെ വ്യത്യാസത്തിൽ രണ്ടു വൻ നഷ്ട ങ്ങൾ. ഏകാന്തതയുടെ തടവറയിലും ദുഃഖാതിരേ കത്തിന്റെ നടുക്കടലിലുമായി.

കാലം മാറിവന്നു. ഒരു കുടുംബമാവേണ്ട സന്ദർഭത്തിൽ സമ്മർദ്ദങ്ങളേറിവന്നു. ആന്തരിക സംഘർഷങ്ങൾ പെരുമ്പറകൊട്ടി. വിധിയുടെ അനിയന്ത്രിതവിളയാട്ടം സംയമനത്തിന്റെ വേലി ക്കെട്ടിളക്കി. കുടുംബമാവണം. സുഖദുഃഖസമ്മി ശ്രജീവിതം അനുഭവിച്ചറിയണം. എന്തോ ഒരാശങ്ക മനസ്സിനെ കൂച്ചുവിലങ്ങണിയിച്ചു. അനുഭവങ്ങ ളുടെ ആവർത്തനം സുരക്ഷിതത്വത്തിന്റെ നിശ്ചലതക്കു കാരണമായാലോ? ദുർവ്വിധികൾ പുനരാവിർഭവിച്ചാലോ? ആത്മരക്ഷാർത്ഥം, മുൻകൂറായി, പലതും ഒഴിവാക്കി. വിലങ്ങണിയി ക്കുന്ന വിധിയെ വരിക്കണോ? വരുംതലമുറയെ തീരാദുഃഖത്തിലാഴ്ത്തുന്ന ദുരനുഭവത്തിന് വളക്കൂ റാവണോ? കരളുറപ്പിന്റെ ദൃഢതയിൽ ജീവിതം മുന്നോട്ടുപോയി. പലരുടെയും ജല്പനങ്ങൾക്ക് ചെവികൊടുക്കാതെ പിടിച്ചുനിന്നു. ഏകാന്തത യുടെ സ്വാതന്ത്ര്യം ജീവിതത്തടവുകളെ മോചിപ്പി ച്ചു.

അടുത്ത വീട്ടിലെ സ്ഥിതിയറിഞ്ഞ് കഷ്ടം തോന്നി. മക്കൾ രണ്ടുപേർ വിദേശത്ത്. രോഗിക ളായ മാതാപിതാക്കൾ ഒരു വലിയ വീട്ടിൽ ഒറ്റക്ക്. എന്തെങ്കിലും അത്യാവശ്യത്തിന് തന്റെ സഹായം തേടുന്നു. ഓർക്കുമ്പോൾ ഒരന്തമില്ലാത്ത പോക്ക്. അവിടെ മക്കളില്ലാതെ മാതാപിതാക്കൾ. ഇവിടെ താനൊറ്റക്ക്. വിധിയുടെ മായാവിലാസങ്ങൾ.

ദിവസങ്ങൾ കഴിയുന്തോറും ഇതുപോലുള്ള അനുഭവങ്ങൾ കൂടിവരുന്നു. ഒരിടത്ത് മക്കളില്ലാത്ത അവസ്ഥ. വേറൊരിടത്ത് അവർ അടുത്തില്ലാത്ത തും. ഒറ്റപ്പെടലിന്റെ തീരാവ്യഥകൾ.

ഒരു ആൽത്തറ കൂട്ടായ്മയിൽ നിന്നുദിച്ച ആശയം. താനോ ഒറ്റയാൻ. വലിയൊരു വീട്. എന്തുകൊണ്ട് ഒറ്റപ്പെടുന്നവരുടെ ഒരുമക്കായി ശ്രമി ച്ചുകൂടാ? പകൽ സമയത്ത് അവർ വരട്ടെ. പര സ്പരം ഇടപഴകട്ടെ. സുഖദുഃഖങ്ങൾ പങ്കുവെക്ക ട്ടെ. കാലത്തിന്റെ കളിത്തൊട്ടിലുകളിൽ ജീവിതോല്ലാസം കണ്ടെത്തട്ടെ. ഇടക്കൊരു സവാ രി. ജന്മദിനാഘോഷങ്ങൾ. വാർഷികാഘോഷ ങ്ങൾ. ആനന്ദപ്പൂത്തിരികൾ.

ഒരു സുദിനത്തിൽ സ്വപ്നം പ്രാവർത്തിക മാക്കി. വീടൊരു പകൽവീടായി. ദുഃഖത്തിന്റെ കാർമേഘങ്ങൾ നീക്കി, ഏകാന്തതയുടെ പൊടി പടലം മായിച്ച്, ഐക്യത്തിന്റെ ആനന്ദനൃത്തങ്ങൾ അരങ്ങേറി. വെക്കേഷനിൽ മക്കൾ വരുമ്പോൾ അവരെയും പങ്കെടുപ്പിച്ച് ആഘോഷങ്ങൾ.

നഷ്ടപ്പെട്ട ജീവിതം തിരിച്ചുപിടിച്ചെന്നുമാത്ര മല്ല, പല നഷ്ടങ്ങളും കൺമുന്നിൽ വെച്ച് നിക ത്തപ്പെടുന്നു. നമുക്കു കിട്ടാത്ത സന്തോഷം മറ്റു ള്ളവർ അനുഭവിക്കുമ്പോൾ അതിൽ ലയിച്ച് നിർവൃതിയണയുന്നു.

ലോകം നമ്മിൽ നിന്ന് അന്യവൽക്കരിക്കപ്പെ ടുമ്പോൾ നാം ലോകത്തെ സ്വാംശീകരിച്ച് ഉല്ലാ സപ്പൂത്തിരികൾ കത്തിച്ചാൽ നമ്മുടെ ജീവിത ത്തിലും സന്തോഷം വിടരും. ●

ലേഖനം

# യുദ്ധവിജയവും തുടർന്നുള്ള സീതാദേവിയുടെ അഗ്നിപ്രവേശനവും



രവീന്ദ്രൻ ടി.ജി.

**അ**ദ്ധ്യാത്മരാമായണത്തിൽ രാവണവധം കഴിഞ്ഞ് വിഭിഷണനെ ലങ്കേശ്വരനായി അവരോധിച്ചതിനു ശേഷം അന്ത്യന്തം ഹൃദയഭേദകമായ ഒരു രംഗമാണ് സീതയുടെ അഗ്നിപ്രവേശം. ഈ രംഗത്തിൽ, സീതാദേവിയെ അതിനിശിതമായി ശ്രീരാമചന്ദ്രപ്രഭു നിന്ദിച്ച് പറയുന്നത് കാണുവാൻ കഴിയും. രാമായണയാത്രയിൽ ഏതൊരുവർക്കും തോന്നും എന്തുകൊണ്ടാണ് ശ്രീരാമചന്ദ്രൻ ഇപ്രകാരം പറയുന്നത് എന്ന്. ഈ രംഗം വരെ എത്തുമ്പോഴെക്കും രാമസീതാരഹസ്യവും അവർ തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മളതയും, ഗാഢതയും വായനക്കാർ ഗ്രഹിച്ചു കാണും. അപ്പോൾ സംശയം കൂടുതൽ തീവ്രമാകുന്നു.

ഇതിന്റെ താത്വികമായ പൊരുളറിയണമെങ്കിൽ നമ്മൾ ആരണ്യകാണ്ഡത്തിലേക്കു പോകണം. മാരീചൻ പൊന്മാനിന്റെ വേഷത്തിൽ, രാവണനിയോഗത്താൽ വന്ന് ശ്രീരാമലക്ഷ്മണൻമാരെ അകറ്റുന്ന രംഗം. മാരീചനെ പിന്തുടർന്നു പോയ രാമൻ തന്റെ എല്ലാ കഴിവുകളും പ്രയോഗിച്ചിട്ടും പൊന്മാനിനെ പിടിക്കുവാൻ പറ്റുന്നില്ല. ഇത് രാക്ഷസനാണ് എന്ന പൂർണ്ണ അറിവോടു കൂടിയാണ്, രാമൻ പിന്തുടരുന്നത്. രാക്ഷസവധം അവതാരലക്ഷ്യമാണല്ലോ. അവസാനം രാമൻ തന്റെ അസ്ത്രമെടുത്ത്, മാരീചവധം നിർവ്വഹിക്കുന്നു. ഈ സമയത്ത്, മാരീചൻ ലക്ഷ്മണാ എന്ന് രാമന്റെ ശബ്ദത്തിൽ കരയുന്നതും സീത രാമാന്വേഷണാർത്ഥം പോകുവാൻ പറയുമ്പോൾ ലക്ഷ്മണൻ വിസമ്മതിക്കുകയും സീത ലക്ഷ്മണനെ വളരെ മോശമായ ഭാഷയിൽ അവഹേളിക്കുന്നതും മറ്റും പൊതുവെ നമുക്കൊക്കെ അറിയാവുന്ന കാര്യമാണല്ലോ. പക്ഷെ ഇത് സീതയല്ല എന്ന് നമുക്കറിയാം. മായാ സീതയാണ് ഇത്തരം അധിക്ഷേപ വാക്കുകൾ പറയുന്നത്. മായക്ക് വിലക്കപ്പെട്ടത് ഒന്നുമില്ലല്ലോ. അപ്പോൾ രാവണൻ കട്ടുകൊണ്ടു പോകുന്നത് യഥാർത്ഥ സീതയെയാണോ. അല്ലാ എന്ന് നിഷ്പക്ഷം പറയാം. ഇവിടെയാണ് എഴുത്തച്ഛൻ പറയുന്നത് 'കട്ടുകൊണ്ടീടാമോ ഹരി പത്നിയെ ശശത്തിന്'. ഒരിക്കലും സാധ്യമല്ല എന്ന് ചുരുക്കം.



അഗ്നിപ്രവേശത്തിന്റെ പ്രതിരൂപാത്മകമായ അർത്ഥതലങ്ങൾ നമ്മൾ തേടുന്നത് ഇവിടെയാണ്. മായയെ അഗ്നിയിൽ സമർപ്പിച്ച്, യഥാർത്ഥ സീതയെ വീണ്ടെടുക്കുക എന്ന ദൗത്യമാണ് അഗ്നിപ്രവേശം. രാവണനെ മായയാൽ മോഹിപ്പിച്ച് രാവണവധം സുഗമമാക്കുവാനല്ലെ ഇത്തരമൊരു മായാസീതയുടെ സൃഷ്ടി. ഒപ്പം ലങ്കയിൽ നല്ലൊരു വ്യവസ്ഥയും ഭരണസംവിധാനവും കൊണ്ടുവരണം അതിന് തക്കതായ ഒരു കാരണം കിട്ടണം.

ഇതിന്റെ പ്രതിരൂപാത്മകത എന്തെന്നാൽ മായയെ ജ്ഞാനാഗ്നിയിൽ ദഹിപ്പിച്ചാൽ അന്തരാത്മാവിൽ സംശുദ്ധമായ ദേവിതത്വം ജനിക്കും. സീതാദേവി സാക്ഷാൽ ലക്ഷ്മിയാണല്ലോ. ഹൃദയകമലത്തിൽ പരിപൂർണ്ണവും അവ്യയവുമായ ശുദ്ധ ചൈതന്യത്തിന്റെ വിജൃംഭണമാണ് അഗ്നികുണ്ഡത്തിൽ നിന്നും ഉറവെടുക്കുന്ന സീതാദേവി. ഇത് ഒരു തത്വ സാക്ഷാത്കാരത്തിന്റെ ബിംബാവിഷ്ക്കാരമാണ്. ●

കഥ

# മണിമേഖല



**രമ പിഷാരോടി, ബാംഗ്ലൂർ**
ഫോൺ: 9611101411

'**മ**ണിമേഖല' അതാണ് പേര്. രാവിലെ 7 മണി മുതൽ വൈകുന്നേരം 5.30 വരെ ജോലി ചെയ്യും. മുപ്പതിനായിരം രൂപ കൊടുക്കണം. സമ്മതമാണെങ്കിൽ പറയണം.

എല്ലാം കൂടി അത്ര പ്രശ്നമില്ലെന്ന് തോന്നുന്നു. പക്ഷെ സമയക്രമത്തിൽ അല്പം മാറ്റം വരുത്തണം. ഏജന്റിന്റെ സെൽ ഫോണിലേയ്ക്ക് ഞാൻ മെസേജ് ചെയ്തു.

'മണിമേഖല' എനിക്കാ പേര് ഇഷ്ടപ്പെട്ടു. മണിമേഖല എന്ന പേര് കേട്ടപ്പോൾ അതേ പേരിലുള്ള സംഘകാലകൃതി ഓർമ്മയിൽ വന്നു. തിരുച്ചിറപ്പള്ളിയിൽ പ്രൊജക്ട് ചെയ്ത സമയമാണ് തമിഴിലെ ഐപെരുങ്കാപ്പിയങ്കളെ കുറിച്ച് കൂടുതൽ അറിയാനിടയായത്.

തിരുച്ചിറപ്പള്ളിയിലെ ഒരു നൃത്തസന്ധ്യയിൽ ചിലപ്പതികാരവും, മണിമേഖലയും ചേർത്തുള്ള രംഗാവിഷ്കാരമായിരുന്നു. അന്ന് കൈയിൽ കിട്ടിയ നോട്ടീസിൽ ഇളങ്കോവടികൾ രചിച്ച ചിലപ്പതികാരത്തിൽ തുടങ്ങി മണിമേഖല ബുദ്ധഭിക്ഷുവാകുന്ന കഥയിൽ നൃത്തം അവസാനിക്കുന്നു എന്നെഴുതിയിരുന്നു. പിന്നീടാണ് ചിലപ്പതികാരത്തിലെ കോവലന് മാധവിയിലുണ്ടായ മകളാണ് മണിമേഖല എന്ന് മനസ്സിലായത്. ചിലപ്പതികാരം, മണിമേഖല, ചീവകചിന്താമണി, കുണ്ഡലകേശി, വളയപാതി ഇവയൊക്കെ ചേർന്ന പഞ്ചമഹാകാവ്യങ്ങളെ ഐപെരുങ്കാപ്പിയങ്കൾ എന്നാണ് തമിഴിൽ വിശേഷിപ്പിച്ചിരുന്നത്.

ഇപ്പോൾ ജോലിക്കായി വീട്ടിൽ വരാൻ പോകുന്ന ആളുടെ പേരും മണിമേഖല എന്നാണെന്ന് ഏജന്റ് പറഞ്ഞ് കേട്ടപ്പോൾ സ്വാഭാവികമായ ഒരു കൗതുകം മനസ്സിലുണ്ടായി.

രാവിലെ 8.30 മുതൽ വൈകുന്നേരം 6.30 വരെ മതിയാകും. അത് സാധിക്കുമോ. ഏജന്റിന് ഞാനൊരു മെസേജ് അയച്ചു.

ശ്രമിക്കാം എന്ന് ഏജന്റ് മറുപടി പറഞ്ഞു.

അങ്ങനെയാണ് മണിമേഖല വീട്ടിലേക്ക് വന്നത്. ജോലിയെന്നാൽ വീട് വൃത്തിയാക്കുക. ഭക്ഷണമുണ്ടാക്കുക. എന്റെ തീസ്സിസിന്റെ ഫയലുകൾ ടൈപ്പ് ചെയ്യുക. വീട് പൊടി തട്ടി വൃത്തിയാക്കി വയ്ക്കുക. കിടപ്പിലായ അമ്മയെ പരിചരിക്കുക. ഇപ്പോഴും ഏതോ ബറ്റാലിയന്റെ കമാൻഡറാണെന്ന് വിശ്വസിക്കുന്ന അച്ഛന്റെ യൂണിഫോം ഇസ്തിരി ഇട്ട് വയ്ക്കുക, അച്ഛന്റെ മുറിയിലെ പുസ്തകങ്ങളും, ഫയലുകളും അടുക്കി വയ്ക്കുക ഇതൊക്കെ കൃത്യനിഷ്ഠയോടെ മണിമേഖല ചെയ്തു. വൈകുന്നേരം കൃത്യം 6.30ന് ഒരു പിക്കപ്പ് വാൻ വന്ന് അതിൽ മണിമേഖല തിരിയെ പോകും. അവരുടെ ഏജൻസി വളരെ സമയനിഷ്ഠയോടെ കാര്യങ്ങൾ ചെയ്തിരുന്നു. അതിനാൽ ഇപ്പോൾ എന്റെ പ്രൊജക്ടുകൾക്കിടയിൽ വീട്ടിലെ അവസ്ഥകൾ കൂടി ശ്രദ്ധിക്കേണ്ട ജോലി ലഘൂകരിക്കപ്പെട്ടിരുന്നു. വയസ്സായ അച്ഛനും അമ്മയ്ക്കും വേണ്ടി മൂന്ന് വിദേശയാത്രകൾ വേണ്ടെന്ന് വയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇപ്പോഴാണെങ്കിൽ എജൻസയിൽ അറിയിച്ചാൽ രണ്ട് ദിവസം അവരുടെ ഏജ്ഡ് കെയർ സെന്ററിൽ നിന്ന് അവർ പിക്കപ്പ് വാൻ അയച്ച് അച്ഛനെയും അമ്മയെയും കൊണ്ടുപോകും. മണിമേഖലയെ പോലെ അവിടെ അവരെ പരിചരിക്കുവാൻ അനേകം പേരുണ്ടാകും.

എന്റെ ഭാര്യ പിണങ്ങിപ്പോയിട്ട് ഇപ്പോൾ ഒരു വർഷമാകുന്നു. വയസ്സായ ആളുകളെ പരിചരിക്കാനും വീടും മുഴവൻ നോക്കിനടത്താനും, ജോലിക്ക് പോകാനുമായി പരിശ്രമിക്കുന്നതിനിടയിൽ ഉണ്ടായ മാനസിക സമ്മർദ്ദം അവൾക്ക് താങ്ങാനാകുന്നില്ല എന്ന് പറഞ്ഞാണ് പോയത്. ഭാര്യ പോയി രണ്ടാഴ്ചക്കകം തന്നെ ആ മാനസിക സമ്മർദ്ദം എന്തെന്ന് മനസ്സിലായി. എത്ര ജോലികളാണ് ഒരു വീട്ടിലുള്ളതെന്ന് അത്ര കാലം ശ്രദ്ധിച്ചിരുന്നില്ല. ഭാര്യ പോയതിന് മൂന്ന് മാസത്തിന് ശേഷം മനസ്സിലാക്കാനായത് ഒരു വീട് ഭരിക്കുക എ

ന്നത് വളരെ ശ്രമകരമായ ജോലിയാണെന്നാണ്. അങ്ങനെ പോകുമ്പോഴാണ് ഏജൻസിയുടെ കാര്യം ഓഫീസിലെ ദ്വാരകേശ്വർ പറഞ്ഞത്.

അതിൽ രജിസ്റ്റർ ചെയ്ത പത്താം ദിവസമാണ് മണിമേഖലയുടെ വിവരങ്ങൾ അവരറിയിച്ചത്. മണിമേഖല മുൻപ് ഒരു ഡോക്ടറുടെ വീട്ടിലായിരുന്നു. ഡോക്ടറുടെ ക്ലിനിക്കിലെ ഓഫീസിൽ രോഗികളുടെ വിവരങ്ങൾ, ചികിൽസാവിവരങ്ങൾ. ഇതൊക്കെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്ന ജോലിയായിരുന്നു. ഡോക്ടർ മരിച്ചപ്പോൾ ഡോക്ടറുടെ ഭാര്യ ക്ലിനിക്ക് മറ്റൊരു ഡോക്ടർക്ക് വിട്ട് കൊടുക്കുകയും ആ ഡോക്ടർക്ക് സഹായികളായി രണ്ട് പേരുണ്ടായിരുന്നതും കൊണ്ട് മണിമേഖല അവിടെ തുടരേണ്ടതില്ലെന്ന് അവർ അറിയിക്കുകയുമായിരുന്നു.

ഏജൻസി അയച്ച ആദ്യ പേര് തന്നെ തിരഞ്ഞെടുത്തത് ഒരു സഹായിയില്ലാതെ വീട് ഇനിയും മുന്നോട്ട് കൊണ്ട് പോകാനാവില്ല എന്ന അവസ്ഥ എത്തിയപ്പോഴാണ്. ഭാര്യയുണ്ടായിരുന്നപ്പോൾ വീട് ശബ്ദമുഖരിതമായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും ഓടി വീടിനെ ഒരു വിധത്തിൽ ഒതുക്കി വയ്ക്കുന്ന ഒരു ഇന്ദ്രജാലം അവൾക്കുണ്ടായിരുന്നു. ആരും അതൊന്നും അംഗീകരിക്കുകയോ അഭിനന്ദിക്കുകയോ ചെയ്തിരുന്നില്ല. പകരം കാപ്പിക്ക് കടുപ്പം കുറഞ്ഞെന്നും, ദോശ കരിഞ്ഞെന്നും, ഇഡ്ഡലി കല്ല് പോലെയുണ്ടന്നും സ്ഥിരം പരാതികളും ഇടയ്ക്കിടെ നന്ദിയില്ലാതെ കൊടുത്തിരുന്നു. എല്ലാം കേട്ട് ചില നേരങ്ങളിൽ മിണ്ടാതെയിരുന്നും, ചിലപ്പോൾ ക്ഷോഭത്തോടെ എല്ലാവരെയും ജ്വലിപ്പിക്കുന്ന നോട്ടം നോക്കിയും, ചിലപ്പോൾ പ്രക്ഷോഭണങ്ങളുണ്ടാക്കിയും അവൾ പോയി.

ഇപ്പോൾ വീട്ടിൽ ശബ്ദങ്ങളൊന്നുമില്ല. വിധേയത്വത്തോടെ ജോലി ചെയ്യുന്ന മണിമേഖല ചെയ്യേണ്ട ജോലികൾ ലിസ്റ്റുണ്ടാക്കി എല്ലാം പറയും പോലെ ചെയ്യുന്നുണ്ട്. സഹായികളില്ലാതിരുന്ന കാലത്തെ ദുരിതപൂർണ്ണമായ അവസ്ഥ അനുഭവിച്ചറിഞ്ഞത് കൊണ്ട് ദോശ കരിഞ്ഞുപോയെന്നോ, ഇഡ്ഡലി തണുത്തെന്നോ ആരും പരാതി പറഞ്ഞില്ല. എന്നിരുന്നാലും ഇഡ്ഡലി മൃദുവായിരിക്കാനും, ദോശ കരിയാതിരിക്കാനുമെല്ലാം മണിമേഖല പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വീട്ടിൽ ഇപ്പോൾ ഒന്നും അലങ്കോലപ്പെട്ട് കിടക്കുന്നില്ല. പൊടിതുടച്ചും, മാറാലകൾ നീക്കിയും, എല്ലാ വസ്തുക്കളും അതാതിന്റെ സ്ഥാനത്ത് അതീവമനോഹരമായി മണിമേഖല അടുക്കി വയ്ക്കുന്നുണ്ട്. എല്ലായിടവും ഭംഗിയോടെ ഇരിക്കുമ്പോഴും എന്തോ ഒന്നിന്റെ കുറവ് ചിലപ്പോഴൊക്കെ അനുഭവപ്പെടുന്നുണ്ട്. എന്റെ മകൾ ഓടിച്ചാടി നടന്ന് തട്ടിപ്പൊട്ടിക്കുന്ന വസ്തുക്കൾ, പ്രധാനമന്ത്രിക്ക് പോലും ഇത്ര ജോലിയുണ്ടാകില്ല എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് വീട്ടിൽ തിരക്കിലോടുന്ന ഭാര്യ, വൈകുന്നേരം ജോലി കഴിഞ്ഞ് വരുമ്പോൾ അവൾ വഴിക്കച്ചവടക്കാരിൽ നിന്ന് വാങ്ങിക്കൊണ്ട് വരുന്ന ബജി, പരിപ്പുവട, പണിയാരം, ഉഡുപ്പിയിൽ നിന്ന് പ്രത്യേകം വാങ്ങിക്കൊണ്ട് വരുന്ന മധുരപ്പം കൊണ്ടുണ്ടാക്കുന്ന ബൺ, കനലിൽ മൊരിച്ചെടുത്ത ചോളം. ഇതൊന്നും ഇപ്പോൾ വീട്ടിലില്ല. അന്ന് അതൊക്കെ കൊണ്ട് വരുമ്പോൾ പരിഹസിക്കാറുണ്ടായിരുന്നു. സത്യത്തിൽ അതിന്റെ രുചിയൊന്നും എയർ ഹീറ്ററിൽ വേവിക്കുന്ന പച്ചക്കറികൾക്കില്ല എന്ന് ഇപ്പോൾ മനസ്സിലാവുന്നുണ്ട്. അല്ലെങ്കിലും നമ്മൾ അങ്ങനെയാണ്, നഷ്ടമാകുമ്പോൾ മാത്രമേ പലതിന്റെയും വിലയറിയാറുള്ളൂ.

കീവിലെയും, ഗാസയിലെയും യുദ്ധവും, റഷ്യയുടെ നിലപാടും, യൂറോപ്യൻ അനിശ്ചിതാവസ്ഥയും, ഗ്രീക്കിലെ റിസഷനും, ലോകാധികാരത്തിന്റെ കിരീടത്തിനായി പോരാടുന്ന അമേരിക്കയും, ചൈനയും, ഉത്തര, ദക്ഷിണകൊറിയയുടെ ശീതസമരങ്ങൾ ശ്രീലങ്കയെ കടക്കെണിയിൽ കുരുക്കിയ ചൈനയുടെ അതിബുദ്ധി ഇവയൊക്കെ ചർച്ച ചെയ്ത് ബുദ്ധിമാനെന്ന് സ്വയം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ഭാര്യ അതൊക്കെ ശ്രദ്ധിക്കാതെ പോകുമായിരുന്നു. സത്യത്തിൽ ഒരു വീട് നിലനിൽക്കാൻ ഇതൊക്കെ ആവശ്യമാണോ എന്നൊരു ഭാവം അന്ന് അവളുടെ മുഖത്ത് വായിച്ചെടുക്കാൻ സാധിച്ചില്ല. പക്ഷെ ഭാര്യ പോയിക്കഴിഞ്ഞ് ഒരിക്കൽ പനിച്ച് കിടന്നപ്പോൾ ഒരു കപ്പ് കാപ്പിയുണ്ടാക്കാനും, അല്പം കഞ്ഞി വച്ച് തരാനും അടുത്ത വീട്ടിലെ ജോലിക്കാരിയെ ആശ്രയിക്കേണ്ടി വന്നു. എനിക്കറിയുന്ന സകല അറിവുകളെയും നിഷ്പ്രഭമാക്കാൻ രോഗാവസ്ഥയ്ക്ക് സാധ്യമാകുമെന്ന് അന്ന് മനസ്സിലായി.

മണിമേഖല വന്നതിന് ശേഷം വീട് ഒന്നൊതുങ്ങിക്കൂടി ചെറുതായി. വീടിന് ആവശ്യങ്ങൾ കുറഞ്ഞു. സമയനിഷ്ഠയോടെ എല്ലാം ജോലികളും മുന്നോട്ട് നീങ്ങി. പ്രകൃതിയുടെ നിർമ്മിതി പോലെയായിരുന്നില്ല വീടിനുള്ളിലെ ഇപ്പോഴുള്ള അവസ്ഥ. ഒരു പൂവ് ഇതളൊന്ന് കൊഴിഞ്ഞാലും അതിലൊരു ഭംഗിയുണ്ടാകും പുഴു കരണ്ട പാതിയില, പാതികരിഞ്ഞത് പാതി മങ്ങിയത് അതിനൊ

ന്നും കൃത്രിമത്വം അനുഭവപ്പെട്ടില്ല. പതിയെ കാറ്റിലാടി, വെയിലിൽ സധൈര്യം പിടിച്ച് നിന്ന്, മഴയിലൊന്ന് കുളിർന്ന് ജീവിച്ച് തീരും വരെ മനോഹരമായ അവസ്ഥയിലൂടെ അവ കടന്ന് പോകും. അടുക്കി ചിട്ടപ്പെടുത്തിയ വീട് നിശ്ശബ്ദതയിൽ തൊട്ട് നിൽക്കും. ശബ്ദരഹിതമായ ശൂന്യത അവിടെ ശോകമൂകമായ അന്തരീക്ഷം സൃഷ്ടിക്കും. ഒരു തണുപ്പ് അവിടെ തൊട്ട് പോകും.

അമ്മ ഒന്ന് വീണപ്പോൾ ആശുപത്രിയിൽ മൂന്ന് ദിവസം കിടക്കേണ്ടി വന്നു. അന്ന് വിളിച്ചപ്പോൾ ഭാര്യ മൂന്ന് ദിവസം മകളെയും കൊണ്ട് വീട്ടിൽ വന്നു നിന്നു. മണിമേഖല വന്ന് വീട്ട് ജോലിചെയ്ത് കൊണ്ടിരുന്നു. അച്ഛൻ ഏതോ മഹായുദ്ധത്തിന്റെ കമാൻഡിംഗ് ഓഫീസറെ പോലെ ഏതൊക്കെയോ സന്ദേശങ്ങളയച്ചും. ഫോണിൽ സംസാരിച്ചും പഴയ പ്രതാപകാലത്തിൽ ജീവിച്ചു.

അമ്മ തിരികെ വീട്ടിലെത്തിയപ്പോൾ ഭാര്യ കൂടെ നിൽക്കുമെന്ന് കരുതിയെങ്കിലും രണ്ട് ദിവസം കൂടി കഴിഞ്ഞ് അമ്മ പതിയെ നടക്കാൻ തുടങ്ങിയപ്പോൾ മകൾക്ക് ക്ലാസ്സ് നഷ്ടപ്പെടുമെന്ന് പറഞ്ഞ് അവൾ തിരികെ പോയി. അവൾ താമസിക്കുന്ന ചെറിയ ടൗണിലേയ്ക്ക് വേണമെങ്കിൽ പോന്നോളൂ എന്ന് പറഞ്ഞു. നഗരത്തിന്റെ സൗകര്യങ്ങളില്ലാത്ത ഒരിടത്ത് എങ്ങനെയാണ് ജീവിക്കുക. അത് സാധ്യമല്ല. പഴയ കാലം പോലെയല്ല. ആർക്കും ആരുടെയും സ്വകാര്യജീവിതത്തിൽ ഇടപെടാൻ അത്ര താല്പര്യമില്ല. അമ്മാവനോട് പറഞ്ഞപ്പോൾ നിങ്ങൾ ആലോചിച്ച് തീരുമാനിക്ക് എന്ന് പറഞ്ഞ് ഫോൺ വച്ചു. അല്ലെങ്കിലും പഴമയ്ക്കും പുതുമയ്ക്കും ഇടയിലുള്ള മനുഷ്യത്വത്തിന്റെ ഭാവം ഇപ്പോൾ പ്രായോഗികതയിലേക്കെത്തി നിൽക്കുകയാണ്.

മണിമേഖലയുള്ളത് കൊണ്ട് ആരുമില്ലെങ്കിലും വീട് മുന്നോട്ട് പോകുമെന്നിപ്പോഴറിയാം. അമ്മാവൻ മറ്റൊരു ഉപദേശവും തന്നു. അച്ഛന്റെയും അമ്മയുടെയും കാലം വരെ കൂടുതൽ പ്രശ്നങ്ങളിലേക്ക് കടക്കേണ്ട. അത് കഴിഞ്ഞ് തീരെ ചേരില്ലെങ്കിൽ ഡൈവേഴ്സ് ചെയ്ത് വേറൊരു വിവാഹം കഴിക്ക്.

ഒരു വിവാഹം കൊണ്ടുണ്ടായ പ്രശ്നങ്ങൾ തന്നെ വലുതാണ്. ഇനി മറ്റൊന്ന് കൂടി. തൽക്കാലം ഇങ്ങനെ പോകട്ടെ. ആഢംബര വൃദ്ധസദനങ്ങൾ, പാക്കേജ് ടൂറുകൾ പണം കൊടുത്താൽ ജീവിതം സന്തോഷകരമാകും എന്ന് പറഞ്ഞുതരുന്ന ഏജൻസികളുള്ളത് ഒരു പരിധി വരെ ആശ്വാസമേകും. പക്ഷെ അതിനുമപ്പുറം എന്തൊക്കെയോ ഒന്ന് ഇടയിൽ ശൂന്യമായി പോകുന്നു എന്ന് ഇടയ്ക്ക് തോന്നാറുണ്ട്, കൺസ്ട്രക്ഷൻ സൈറ്റിലെ കുട്ടികൾ വളരുന്നത് മണലിലും, മണ്ണിലുമാണ്, അവിടെ തലകുത്തിമറിഞ്ഞ് സന്തോഷിക്കുന്ന ആ കുട്ടികളെ കാണുമ്പോൾ സന്തോഷത്തിന് പണത്തിന്റെ ആവശ്യം ആപേക്ഷികമെന്ന് തോന്നിയിട്ടുണ്ട്.

അന്നത്തെ ദിവസവും സാധാരണ പോലെ കടന്ന് പോയേനെ. പക്ഷെ ഏജൻസിയുടെ തുടരെയുള്ള ഫോൺ വിളി കേട്ടാണ് ഉണർന്നത്. സമയം എട്ടേമുക്കാലായിരിക്കുന്നു. മണിമേഖലയ്ക്ക് പെട്ടൊന്നൊരു ആക്സിഡന്റുണ്ടായി. ഒരാഴ്ച വരാനാകില്ല. റീപ്ലേസ്മെന്റ് ആവശ്യമുണ്ടോ എന്നറിയാനാണ് വിളിച്ചത്, റീപ്ലേസ്മെന്റ്, പകരം വയ്ക്കുക, പുന: സ്ഥാപനം ആവശ്യമുണ്ടോ.. പുതിയ ബയോ ഡേറ്റകൾ അയക്കാം. യോജിച്ച ആളെ തിരഞ്ഞെടുക്കാം.

അത്ര നാൾ കൂടെ നിന്ന് സഹായിച്ച ആളെ മാറ്റി രണ്ട് ദിവസത്തിനുള്ളിൽ മറ്റൊന്ന് പകരം വയ്ക്കുക..

അത് വേണ്ട, പുതിയൊരാൾക്ക് ജോലിയൊക്കെ പഠിച്ച് വരാൻ സമയമെടുക്കില്ലേ.

അതൊന്നുമില്ല, അവരൊക്കെ നന്നായി ജോലിപരിശീലനം ഉള്ളവരാണ്.

ഏജന്റിന് ഞാനൊരു മെസേജ് അയച്ചു...

ഏതായാലും രണ്ട് ദിവസം കഴിയട്ടെ..

ശരി സാർ...

മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ഏജന്റ് വിളിച്ചു. മണിമേഖലയ്ക്ക് ഇനി വരാനാവില്ല.

എന്ത് സംഭവിച്ചു?

അല്പം പ്രശ്നമുണ്ട് സാർ. ഉടനെയൊന്നും ശരിയാകില്ല.

ഞാൻ അവിടെ വന്ന് മണിമേഖലയെ ഒന്ന് കണ്ടോട്ടെ...

അതിനെന്താ 10.30 കഴിഞ്ഞ് വന്നോളൂ.

ഏജൻസിയുടെ മുന്നിലെ തണൽമരത്തിന് താഴെ കാർ നിർത്തി റിസ്പ്ഷനിൽ വിശദാംശങ്ങൾ എഴുതി കാത്തിരുന്നു. പത്ത് മിനിട്ട് കഴിഞ്ഞപ്പോൾ ഒരാൾ വന്ന് പറഞ്ഞു. ടി സി യുവിൽ ആണ്. വന്നോളൂ.

അയാളുടെ കൂടെ ലിഫ്റ്റിൽ കയറി മൂന്നാമത്തെ നിലയിൽ എത്തി. ഇടനാഴിയിലൂടെ നടന്ന് ലാബ് എന്നെഴുതിയ മുറിയിലേയ്ക്ക് അയാൾ കയറി. മൂന്ന് പേർ ഒരു ടേബിളിനരികിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. എന്റെ കൂടെ വന്നയാൾ അവിടേക്ക് നടന്നു. ടേബിളിനരികിലെത്തി അയാൾ

കവിത

# നെഞ്ചിലേറ്റിയ മലയാളം



ആശ മണിപ്രസാദ്

**മാ**താവിൽ നിന്നു മലയാളം രുചിച്ചപ്പോൾ
മലയാളം തപ്പിതടഞ്ഞു പറയാൻ തുടങ്ങിയപ്പോൾ
മലയാളം നല്ലപോലെ അറിയും എന്ന് ഭാവിച്ചപ്പോൾ
നല്ല ശുദ്ധ മലയാളം പറയുക മോളെ എന്ന് അച്ഛൻ ഉപദേശിച്ചപ്പോൾ
മലയാള അക്ഷരമാല മുത്തച്ഛനിൽ നിന്ന് ഗ്രഹിച്ചപ്പോൾ
മാമല നാട്ടിന്റെ വർണ്ണനകൾ പള്ളിക്കൂടത്തിൽ നിന്ന് പഠിച്ചപ്പോൾ
ലാഘവത്തോടെ മലയാളമെന്ന ഭാഷയെ അറിഞ്ഞപ്പോൾ
ലളിതമായ രീതിയിൽ കുട്ടികളിൽ മലയാളം പകർന്നപ്പോൾ
ലാളിത്യത്തിന്റെ പൊൻതൂവൽ പോലെയാണ് മലയാളം എന്ന് മനസ്സിലായപ്പോൾ
മലയാള ഭാഷലൂടെ സൗഹൃദങ്ങൾ പങ്കിട്ടപ്പോൾ
കാലം പോയ വഴികളിൽ
നെഞ്ചിലേറ്റി എൻ മാതൃഭാഷയാം മലയാളത്തെ!

---

പറഞ്ഞു.

സാർ മണിമേഖലയ്ക്ക് സീരിയസ്സായ ചില പ്രശ്നങ്ങളുണ്ട്. ചിലപ്പോൾ ഇന്ന് വൈകുന്നേരത്തോടെ അവസാനിച്ചേക്കാം. അകത്ത് ചില സർക്യൂട്ടുകൾ നിശ്ചലമായി. പുനരുജ്ജീവിപ്പിക്കാൻ ആകുന്നില്ല.

മണിമേഖലയുടെ ആവരണം മാറ്റിയിരിക്കുന്നു. ഇപ്പോൾ കാണുന്നത് യന്ത്രങ്ങളുടെ സമുച്ചയമാണ്. എന്റെ വീട്ടിൽ പതിയെ നടന്ന് എല്ലാ ജോലിയും കൃത്യതയോടെ ചെയ്തിരുന്ന കാണാൻ കൗതുകമുള്ള ഒരു പെൺകുട്ടിയായിരുന്നു മണിമേഖല. അതിമനോഹരമായ സിന്തറ്റിക് ഉടുപ്പുകളിട്ട് ആകർഷകമായി മന്ദഹസിച്ച് ഹ്യൂമനോയിഡ് റോബോട്ട് എന്ന് ഒരിക്കലും ആർക്കും ഒരിക്കലും തോന്നിപ്പിക്കാത്ത രീതിയിൽ പതിഞ്ഞ കാലടികളോടെ എന്റെ വീടിന്റെ എല്ലായിടവും പ്രകാശവിളക്കുകൾ തെളിയിച്ചിരുന്ന ഒരാൾ..

എന്താണ് സത്യത്തിൽ സംഭവിച്ചത്?

നാല് ദിവസം മുൻപ് മണിമേഖല പടികൾ കയറുമ്പോൾ. വൈദ്യുതി പെട്ടെന്ന് നിലച്ചപ്പോൾ പടികൾ ഒന്നുലഞ്ഞു. അത് നിയന്ത്രിക്കാനുള്ള സംവിധാനം പെട്ടന്ന് നിശ്ചലമായി.. അങ്ങനെയാണ് ഒരു പ്രധാനചാനൽ പൊട്ടിയതും സിസ്റ്റം മുഴുവൻ ഡാമേജ് ആയതും.

സാർ, റീപ്ലേസ്മെന്റ് ആവശ്യമുണ്ടോ..?

ഏകദേശം ഒരു വർഷത്തോളം യാതൊരു പരാതിയുമില്ലാതെ വീടിന് വേണ്ടി ജോലി ചെയ്തിരുന്ന ഒരാളെ അത്ര പെട്ടെന്ന് റീപ്ലേസ് ചെയ്യാനാവുമോ... ആകുമായിരിക്കും...

'അറിയിക്കാം, ഫോൺ ചെയ്യാം.. ' തിരികെ നടക്കുമ്പോൾ പറഞ്ഞു...

തിരികെ കാറിലിരിക്കുമ്പോൾ തിരക്കിട്ടോടുന്ന ഞാൻ എന്ന മനുഷ്യയന്ത്രത്തിന്റെ അവസ്ഥയും ഇതേ പോലെയാണല്ലോ എന്നോർമ്മിച്ചു.

അമ്മയ്ക്ക് തറവാട്ടിൽ പോണമെന്ന് എത്ര കാലമായി പറയുന്നു.

സൗകര്യങ്ങളധികമില്ലാതെ ഭാര്യ താമസിക്കുന്ന ചെറിയ പട്ടണത്തിലേക്ക് ഒരിക്കൽ പോലും പോകാനായില്ല. അച്ഛന്റെ സർവീസ് ഡയറിയിൽ ആർക്കൊക്കെയോ പഠനസഹായം കൊടുക്കുന്നുണ്ടെന്ന് അറിഞ്ഞിരുന്നു. ആ സ്കൂളിൽ ഒരിക്കൽ പോലും തിരക്ക് മൂലം വർഷങ്ങളായി പോകാനായിട്ടില്ല.

ഏതെങ്കിലും പടികളിൽ തട്ടി വീഴാൻ ഒരു നിമിഷം മതിയാകും..

ഒരു മാസത്തെ അവധിക്കുള്ള അപേക്ഷ ഇമെയിൽ ചെയ്ത് കാറിന്റെ പിൻസീറ്റിൽ ചാരിക്കിടക്കുമ്പോൾ ലോകത്തിലെ സമസ്ത സമാധാനവും മനസ്സിൽ നിറയുന്നത് ഞാനറിഞ്ഞു.

ഭക്തി

# ഗുരൂപദേശം



എൻ.പി. രാധ പിഷാരസ്യാർ

'**അ**മ്മേ ഇത്തവണ നമുക്ക് ശിവരാത്രിക്ക് ഏറ്റുമാനൂർ പോയാലോ?'

എന്റെ മക്കളിൽ ഏറ്റവും ദൈവഭക്തിയുള്ളത് മൂന്ന് പേരിൽ രാജീവിനാണ്. എപ്പോഴും ഓരോരോ യാത്രകളെക്കുറിച്ചും ക്ഷേത്രദർശനത്തിനായും താൽപര്യപ്പെടുന്ന അവൻ ദൈവപ്രാർത്ഥന കൂടാതെ ഒരു ദിവസം പോലും ഉറങ്ങാറില്ല.

'എന്തിനാ ഇങ്ങനെ കാശ് കളയുന്നത്'

'അമ്മേ....... കാശ് കളയ്യേ.. നമുക്ക് ദൈവം മാത്രമേയുള്ളൂ, അത് അറിയില്ല്യേ.. വേണ്ടാത്ത വർത്താനം പറയാതിരിക്കൂ അമ്മേ'

'വീട്ടിലിരുന്ന് പ്രാർത്ഥിച്ചാൽ പോരെ' ഞാൻ ചോദിച്ചു.

'പോരാ' അവൻ ശബ്ദം ഉയർത്തി. 'അമ്മയ്ക്ക് കാശ് ചെലവാകും, കാശ് ചെലവാകും. എന്നുള്ള ഭയാണ്. അമ്മ വേണെങ്കിൽ വന്നാൽ മതി.'

'പോണേന് എനിക്കെന്താ' ഞാൻ വരാം, എന്ന് സമ്മതം മൂളി.

സാധാരണയായി വീട്ടിൽ പല പ്രശ്നങ്ങളുമായി വരുന്നവരോട് വളരെ ഉചിതമായും സൗമ്യമായും ദൈവിക പ്രവർത്തനങ്ങളും പറയുന്ന സമയത്ത് ഈശ്വരൻ നമുക്കുള്ളിൽ തന്നെയാണ് വീട്ടിൽ നിന്ന് പ്രാർത്ഥിച്ചാൽ മതിയെന്ന് വരുന്നവരെ ഉപദേശിക്കുന്ന അവനോട് ഞാൻ എന്തിന് തർക്കിക്കണം എന്ന് ചിന്തിച്ച് മറ്റൊന്നും പറയാതെ ഞാനും യാത്രയ്ക്ക് തീരുമാനിച്ചു.'

പ്രസ്തുത ദിവസം കുടുംബവുമായി ഞങ്ങൾ യാത്ര തിരിച്ചു. ചായ കുടിക്കാൻ വേണ്ടിയുള്ള ചർച്ച ആരംഭിച്ചു.

'ആനന്ദ ഭവനിൽ പോകാം.' വളരെ സന്തോഷത്തോടെയുള്ള രാജീവിന്റെ താല്പര്യം കണ്ട് വേണ്ട ചെറിയ ഏതെങ്കിലും കടയിൽ മതി എന്ന് ഞാനും പറഞ്ഞു.

'അമ്മയ്ക്കെന്താ, ആനന്ദഭവനിൽ ഭയങ്കര ടേസ്റ്റാണ്.'

'പൂരിയ്ണ്ട്.' ഞാനൊന്നും മിണ്ടിയില്ല.

'ചപ്പാത്തിയോ ഇഡ്ഡലിയോ നെയ്റോസ്റ്റോ മസാല ദോശയോ അമ്മയ്ക്കെന്താ വേണ്ടത്'

'എനിക്ക് ഇഡ്ഡലി മതി.'

'അതിനായിട്ട് ആനന്ദഭവനിൽ ഒന്നും പോകേണ്ട.' അവന്റെ മുഖം തെല്ലൊന്ന് വാടിയെങ്കിലും അടുത്തുള്ള ചെറിയൊരു ഹോട്ടലിൽ വണ്ടി നിർത്തി. വളരെ ചെറിയൊരു കട. കൈ കഴുകാൻ ഒരു സംവിധാനം മാത്രം. ഭക്ഷണം കഴിക്കാനായി ചെറിയൊരു ബെഞ്ചും പിന്നെ പഴകിയ ഒരു ഡസ്കും. വിളമ്പുന്നതിനായിട്ട് ആരെയും കാണുന്നില്ല.

കുറച്ച് സമയം ഇരുന്നപ്പോൾ കാഷ്യർ ആയ ആൾ കുറച്ചു ദൂരേക്ക് ചൂണ്ടി ബാബു എന്നു വിളിക്കുന്നു. കുറച്ച് അകലെയായി കൈകഴുകുന്ന സ്ഥലത്ത് ചെറിയൊരു സ്റ്റൂളിൽ പറ്റുന്ന പോലെ ഇരുന്ന് ധ്യാനിച്ചു കൊണ്ടിരിക്കുന്ന ഒരു ബംഗാളിയാണെന്ന് തോന്നിക്കുന്ന യുവാവിനെ കണ്ടു.

കാഷ്യർ വീണ്ടും വിളിച്ചു 'ബാബൂ'

ധ്യാനിച്ചുകൊണ്ടിരുന്ന ആ യുവാവ് നേരെ വന്ന് ഇലയിട്ട് ഇഡ്‌ലിയും ചട്ണിയും ചായയും ഒക്കെ വളരെ വൃത്തിയായി കൊണ്ടുവന്ന് വിളമ്പിത്തന്നതിനു ശേഷം വീണ്ടും ആ സ്റ്റൂളിലേക്ക് തിരിച്ചുപോയി ധ്യാനത്തിലായി. ഈ സമയമെല്ലാം ഞാൻ രാജീവിനെത്തന്നെ ശ്രദ്ധിച്ചു കൊണ്ടിരുന്നു. അവൻ ആ ചെറുപ്പക്കാരനെ കണ്ട് അമ്പരന്നിരുന്നു.

കർമ്മമാണ് പ്രധാനം എന്നും ഏത് പ്രതിസന്ധിയിലും ഏത് സാഹചര്യങ്ങളിലും അവനവനിൽ തന്നെ ഈശ്വരനെ കാണാൻ ശ്രമിക്കുന്ന ആ ബംഗാളി യുവാവ് ശരിക്കും എല്ലാവർക്കും ഒരു ഗുരുപദേശം തരുകയായിരുന്നു എന്ന് എനിയ്ക്കും തോന്നി.

ദൈവപ്രാർത്ഥനയോ ധ്യാനത്തിനോ ആയി എവിടെയും പോകേണ്ടതില്ലെന്നും അവനവന്റെ കർമ്മത്തിൽ ശ്രദ്ധിച്ചു കൊണ്ടുതന്നെ ഈശ്വരനിലേക്ക് എത്താം എന്ന് ഭഗവത്ഗീതയിൽ കൃഷ്ണൻ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. എന്തായാലും ശിവരാത്രി ദിനത്തിൽ സാക്ഷാൽ മഹാദേവൻ തന്നെ നേരിട്ട് ഇറങ്ങി ഗീതാവചനം ഓർമിപ്പിച്ചതായി എനിക്കും തോന്നി.

●

# നവതിയുടെ നിറവിൽ





## 90-ാം പിറന്നാൾ

## പരക്കാട്ട് പിഷാരത്ത്
# നാരായണി (അമ്മിണി) പിഷാരസ്യാർ

**ഭർത്താവ്: പരേതനായ തൃപ്രയാർ പടിഞ്ഞാറേ പിഷാരത്ത് രാഘവ പിഷാരോടി**

### പിറന്നാൾ ആശംസകളോടെ....

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പ്രപൗത്രർ |
|---|---|---|---|
| ഗോപിനാഥൻ | സുമ | ഗായത്രി രഞ്ജിത്ത്, ആദർശ് | ശ്രീരാഗ |
| നന്ദകുമാർ | സാവിത്രി | വന്ദന അജയ്, സഞ്ജന ജിഷ്ണു | |
| ലക്ഷ്മിദേവി | എൻ. പി. ഗോപിനാഥ് | അഞ്ജലി രാംകുമാർ, അർജ്ജുൻ – ശരണ്യ | ശ്രീനന്ദ |
| രാമചന്ദ്രൻ | ധനലക്ഷ്മി | ഹരിത ശിവപ്രസാദ്, ഹർഷ | |
| രാജേശ്വരി | വി. പി. മുരളീധരൻ | കാർത്തിക ശ്രീകുൽ, കീർത്തന സജിൽ | സത്യജിത് |

# രാധ-ബാലകൃഷ്ണൻ ദമ്പതിമാരുടെ ചില ജീവിതമുഹൂർത്തങ്ങൾ



# ആദരാഞ്ജലികൾ



## ടി.പി.കെ. പിഷാരോടി

### (തിരുവത്ര പിഷാരത്ത് കുട്ടൻ പിഷാരോടി)

ജനനം: 08.06.1932 മരണം: 12.03.2025

പത്നി : ശുകപുരത്ത് പിഷാരത്ത്
പരേതയായ രമണി പിഷാരസ്യാർ

മക്കൾ : അജിത്, അനിൽ (Late), അരുൺ

മരുമക്കൾ : ഉമ, സുപ്രിയ, സീമ

പേരക്കുട്ടികൾ: അഞ്ജന, ആതിര, ധ്രുവ്, നുപുർ,
ആരുഷി, ശ്രിയ

# ഒന്നാം പിറന്നാൾ ആശംസകൾ



## റിദ്ധി വിഷ്ണു

**20/02/2025**

അച്ഛൻ : വിഷ്ണു കൃഷ്ണൻ
പഴയ പിഷാരം, ശ്രീകൃഷ്ണപുരം

അമ്മ : നവ്യ ശ്രീകുമാർ
കാരൂർ പിഷാരം, കൊടകര

സ്നേഹാശംസകളോടെ....

ബന്ധുമിത്രാതികൾ



# നവതിയുടെ നിറവിൽ

**09.03.2025**

(1200 കുംഭമാസം 25-ാം തിയ്യതി)

## പഴേടത്ത് പിഷാരത്ത്
## പാർവ്വതി പിഷാരസ്യാർ

**കൊടകര, തൃശൂർ**

(പരേതനായ കെ.പി.കെ. പിഷാരടിയുടെ സഹധർമ്മിണി)
'കൃപ', ടി.സി. 29/194, വെള്ളയമ്പലം,
ശാസ്താമംഗലം പി.ഒ., തിരുവനന്തപുരം

ആശംസകളോടെ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പേരക്കുട്ടികളുടെ മക്കൾ |
|---|---|---|---|
| മുരളീധരൻ പി.പി. | രമാദേവി കെ.ജി. | അഞ്ജലി എം.ആർ. – വിവേക് ഗോപിനാഥ് | ശിവാനി വിവേക്, ശന്തനു വിവേക് |
| | | അമ്പിളി എം.ആർ. – ആനന്ദ് കൃഷ്ണൻ | അദ്വിത് ആനന്ദ്, അർജിത് ആനന്ദ് |
| കലാദേവി പി.പി. | രാധാകൃഷ്ണൻ കെ.ജി. | ഹരികൃഷ്ണൻ ആർ. – ദിവ്യ | ആരുഷി ഹരികൃഷ്ണൻ |
| | | ഗോപിനാഥ് ആർ. – കൃഷ്ണജ | |

## കഥ

# ഓർമ്മകളില്ലാത്ത രാജ്യം



മുരളി വട്ടേനാട്ട്

**ഈ**യിടെയായി എനിക്ക് വലിയ മറവിയാണെന്ന് അവൾ പറയുന്നു. അവളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞാൻ പല്ലു തേച്ചോ, കാപ്പി കുടിച്ചോ, ഊണു കഴിച്ചോ എന്നൊക്കെ ഇടക്കിടക്ക് ചോദിച്ചാൽ അവൾക്ക് ദേഷ്യം വരില്ലേ..

രണ്ടുമാസം മുമ്പാണെന്നാണ് അവൾ പറയുന്നത്. ഒരു ദിവസം രാത്രി ലൈബ്രറി പൂട്ടി വീട്ടിലേക്ക് പോരും വഴി വീട്ടിലേക്കുള്ള വഴിയിലേക്ക് തിരിയുന്നതിന് പകരം നേരെ പാടവരമ്പിലേക്കിറങ്ങി നടന്നുവത്രെ. പാടത്തിന്റെ ഒത്ത നടുക്കുള്ള കനാൽ വഴി എത്ര ദൂരം നടന്നെന്ന് ഓർമ്മയില്ല. സ്കൂളിലെ ബെല്ലടിക്കാൻ സമയമായെന്നും വൈകിയാൽ ബാലൻ മാഷുടെ കയ്യിൽ നിന്നും അടി കിട്ടുമെന്നും ഓർത്തിട്ട് ആഞ്ഞു വലിഞ്ഞു നടക്കുകയായിരുന്നു. കൂടെ കൂട്ടുകാരൊന്നുമില്ലായിരുന്നു. പെട്ടെന്നാണ് ഒരാൾ തടഞ്ഞു നിർത്തി ചോദിച്ചത്, അല്ലാ കുട്ടേട്ടനെങ്കടാ ഈ രാത്രിയിൽ ഒറ്റയ്ക്ക്. പെട്ടെന്നാണ്, അത് രാത്രിയാണെന്നും തനിക്ക് വഴി തെറ്റിയെന്നും മനസ്സിലായത്. പക്ഷെ, അയാളോട് അതൊന്നും പറയാൻ തോന്നിയില്ല. ഒന്നൂല്യ, വെർതെ നടക്കാനിറങ്ങീതാ. എന്നും പറഞ്ഞ് തിരിച്ചു നടന്നു വീട്ടിലെത്തി.

അവളോടോന്നും പറഞ്ഞില്ലെങ്കിലും അവൾക്ക് മനസ്സിലായി വഴി തെറ്റി ഞാൻ പാടത്തൂടെ നടന്നു പോയീന്ന്. അല്ലെങ്കിലും ഉമ്മറത്തിരുന്ന് നോക്കിയാ അവൾക്കതൊക്കെ മനസ്സിലാവൂലോ. അവള് കണ്ടിട്ടും ഉണ്ടാവും.

കല്ലെങ്കിലെ രാമൻകുട്ടി പിറ്റേ ദിവസം അവളോട് ചോദിച്ചൂത്രേ. അല്ലാ, കുട്ടേട്ടൻ ഇന്നലെ ലൈബ്രറി അടച്ച് വരുമ്പോ വഴി തെറ്റിന്ന് തോന്നണൂ.. ഞാൻ കണ്ട് ചോദിച്ചപ്പോ വെർതെ നടക്കാനെറങ്ങീതാ ന്നും പറഞ്ഞു തിരിച്ചു നടക്കേം ചെയ്തൂ. കൊറേ നേരം മൂപ്പര് ഇവടക്കന്നല്ലേ വരണത് ന്ന് ഞാൻ നോക്കി നിന്നൂട്ടോ. അല്ലാ, ഈയിടെ ആയിട്ട് മൂപ്പർക്കെന്താ ഒരു വയ്യായ. വർത്താനം പറയണേലൊക്കെ ഒരു മന്ദത്തം തോന്ന്യോണ്ട് ചോയ്ച്ചതാട്ടോ..

ഒന്നും പറയണ്ടാ ന്റെ രാമങ്കുട്ട്യേ, ഈയിടെയായിട്ട് ഒരു കാര്യത്തിനും ഒരു ഓർമ്മെല്യ മൂപ്പർക്ക്. ഇപ്പൊ ചെയ്ത കാര്യം തന്നെ കൊറച്ച് കഴിഞ്ഞാ വീണ്ടും ഞാനത് ചെയ്തോ, കഴിച്ചോ എന്നൊക്കെ ചോയ്ച്ചോണ്ടിരിക്കും.

അപ്പൊ അവൾക്കും പിടി കിട്ടിയിരിക്കുണു ഇതൊക്കെ.. ആയ കാലത്ത് എന്തിനും ഏതിനും അവളോട് തർക്കിച്ചും അടിപിടി കൂടിയും കഴിഞ്ഞതല്ലേ. പെട്ടെന്ന്, അതൊക്കെ മാറി ഞാനിപ്പോ അവള് പറയണെനൊക്കെ സമ്മതം മൂളുന്നു എന്നാണ് അവളുടെ ഇപ്പഴത്തെ പരാതി. ഇത്രേം കാലം അവളോട് കൊറേ തല്ല് കൂട്യേതല്ലേ, ഇനി ഇപ്പൊ എന്തിനാ ഇങ്ങനെ. കൊറച്ച് കാലെങ്കിലും നന്നായി കഴിഞ്ഞു കൂടാലോ എന്നേ ഞാനോർത്തുള്ളൂ.

കൊറച്ചൂസായിട്ട് എഴുത്തൊന്നും വര്ണില്യ. ഒരു കഥ മനസ്സില് കെടന്ന് കളിച്ചതായിരുന്നു. അത് കളഞ്ഞു പോയി. കൊറേ തപ്പി. കിട്ടീല്യ.

ഇന്ന് പ്പോ പെട്ടെന്നാണ് വീണ്ടും തോന്ന്യേത്. പേന എട്ത്തതും ഒന്നും തോന്ന്ണില്യ. സാരല്യാ.. അതിനൊക്കെ ഒരു നേരോം കാലോം വേണ്ടേ..

നോക്കൂ ട്ടോ.. അവളാണ്.

ദെന്താ ഇപ്പൊ ഏഴ്താൻ ഇരിക്കണത്.. ഇന്ന് കുളീം ജപോം ഒന്നും ല്യേ...

അവളോടോന്നും പറയാതെ നേരെ തോർത്തും സോപ്പുമെടുത്ത് കുളത്തിലേക്ക് നടന്നു. ഈയിടെയായി കുളത്തിൽ പോയി കുളിക്കണതും അവൾക്കിഷ്ടമില്ല.

വയ്യാത്തോടത്ത് എന്തിനാ ഈ കൊളത്തില് പോയി കുളിക്കണത്. ഇവടെ കുളിമുറീ കുളിച്ചാ പോരെ എന്ന് അവൾ ഉച്ചത്തിൽ ചോദിച്ചപ്പോ, വീണ്ടും തിരിഞ്ഞു നടന്നു, കുളിമുറിയിൽ കയറി.

കുളിമുറിയിൽ കുളിച്ചാലൊന്നും ഒന്ന് കുളിച്ചൂന്ന് തോന്നില്യാ.. ഒന്ന് നീന്തിത്തുടിച്ച് കുളിക്കണെന്റെ സുഖം അവൾക്കെങ്ങനെ അറിയാനാ. ഇന്നേവരെ കൊളത്തിൽ അവള് കുളിച്ചിട്ടില്യാലോ.. തർക്കിക്കാൻ ഉള്ള മനസ്സൊക്കെ പോയി. എല്ലാവരും പറയുന്നത് മൂളിക്കേക്കാനേ ഇപ്പൊ പറ്റാറുള്ളൂ.

എന്താത് ഇപ്പൊ, വന്ന്, വന്ന് തല തോർത്താനും മറന്നോ..

അവളുടെ ചോദ്യം കേട്ടപ്പോഴാണ് തല

തോർത്താതെയാണ് കുളിമുറീന്ന് പുറത്തു കടന്ന തെന്ന് ഓർമ്മ വന്നത്. വേഗം തല തോർത്തി. പണ്ട് അമ്മടെ സ്ഥിരം പല്ലവി ആയിരുന്നു ഇത്. എന്താ കുട്ട്വാ, നീയ് തല തോർത്താണ്ടെ കേറിപ്പോന്നത് ന്ന്.

ഇനി ഇപ്പൊ ഇത് അമ്മ്യാണോ ചോയ്ച്ചത്.. ഹേയ്.. അല്ല. അമ്മ ദേഷ്യത്തിലാണേലും ഇങ്ങന്യല്ലാ ചോദിക്ക്യാ.. അതിനൊരു മയണ്ടായിരുന്നു.

അമ്മ എവടെ.. അവളോട് ചോദിച്ചു.

അമ്മ്യോ.. ഇതെപ്പൊ നന്നായത്.. പോയിപ്പോയി ന്നേം തിരിച്ചറിയാൻണ്ട്യായോ.. അതേയ്, അമ്മ 2011 ല് പോയതല്ലേ.. ഇപ്പൊ ന്തേ അങ്ങനെ തോന്നാൻ...

ഒന്നൂല്യാ ന്ന് മാത്രം പറഞ്ഞു.

ഒക്കെ ന്റെ ദൈവദോഷം ന്നല്ലാണ്ടെ എന്താ പറയാ... ആയ കാലത്ത് ദൈവോം ല്യാ ന്നും പറഞ്ഞ് നടന്നതല്ലേ.. അതന്യാ ഇങ്ങന്യൊക്കെ. അവള് കുറ്റപ്പെടുത്തൽ തുടർന്നു...

ദൈവോ.. അതാരാ. ഓർത്തു നോക്കീട്ട് ഒരു പിടീം കിട്ടീല്ല. അങ്ങനെ ഒരാളെ ഞാൻ പരിചയപ്പെട്ടിട്ടില്ലല്ലോ. അറിയില്ല. അവൾക്ക് അറിയേരിക്കും...

കുറച്ച് നേരം കണ്ണടച്ചിരുന്നു. ഇപ്പൊ അതാണ് ഏറ്റവും സുഖം... ഒന്നും ഓർക്കേണ്ട, അവള് അതോർത്തു നോക്കൂ, ഇതോർത്ത് നോക്കൂ എന്നൊന്നും പറഞ്ഞ് ശല്യം ചെയ്യില്ല. അങ്ങനെ ഇരുന്ന് മനോരാജ്യത്തില് യാത്ര ചെയ്യാം. എത്ര എത്ര യാത്രയാണ് ഇങ്ങനെ നടത്തീരിക്കണത്. അച്ഛന്റേം അമ്മടേം കൂടെപ്പോവാനാണ് എനിക്കിഷ്ടം. അച്ഛൻ നടക്കണത് കാല് നീട്ടി വലിച്ചാണ്. അമ്മയ്ക്കും നിക്കും അതിന്റൊപ്പം നടക്കാൻ പറ്റാറില്ല. പാടത്തുക്കൂടേം, എടവഴീക്കൂടേം നടന്ന്, നടന്ന് ഒരു കുന്ന് കയറി എറങ്ങി ഞങ്ങളങ്ങനെ നടക്കാണ്. അച്ഛന് ഒരു ക്ഷീണോം ല്ല്യ. അമ്മക്ക് വയ്യാണ്ട്യയണ്ണൂ. എനിക്കും. മാട്ടായ താലപ്പൊലിക്ക് കൊണ്ട് പോവാണ് അച്ഛൻ. അച്ഛാ.. ഒന്ന് പതുക്കെ നടക്കൂ..

ദാ.. ഈ റെയിലും കൂടി കടന്നാ അമ്പലായി, അച്ഛൻ പറഞ്ഞു.

ദാ ഇപ്പൊ എപ്പളും ഇങ്ങനെ ഒരു ഇരിപ്പാണ്. ചോദിച്ചാ ഒന്നും മിണ്ടില്ല, എടക്ക് ഇങ്ങനെ ഓരോന്ന്, അച്ഛാ, അമ്മേ ന്നൊക്കെ പറഞ്ഞോണ്ടിരിക്കും... ഒന്നും കഴിക്കണൂല്യ. നിർബന്ധിച്ചാ വല്ലതും കഴിച്ചൂന്ന് വരുത്തും.

അവള് ആരോടോ ഈ പറയണത്.

ഇപ്പൊ എപ്പോ നോക്യാലും അവള് ഓരോരുത്തരെ കൊണ്ടന്ന് എന്നെ കാണിക്യാണ്. എന്നിട്ട് നൂറ് കൂട്ടം ചോദ്യങ്ങളും. ഞാനാരാ ഇവരെ ഒക്കെ അറിയാൻ. അവൾക്ക് ഈ ലോകത്തില് പരിചയല്ല്യാത്തോര് ആരൂല്യാ ന്നാ തോന്നണത്.

നോക്കൂ, ഇതാരാന്ന് മനസ്സിലായോ..

പതുക്കെ അപരിചിതരുടെ ലോകത്തേക്ക് കണ്ണ് തുറന്ന് നോക്കി..

ഒരു പെൺകുട്ടി. കണ്ടിട്ട് ഒരു പരിചയോം തോന്നീല്യ. കൂടെ പഠിച്ച ദാക്ഷായണി ആണോ.. ചോദിച്ചില്ല്യ. ചെലപ്പോ ചോദിച്ചാ അബദ്ധായാലോ. ഇല്ല്യാന്ന് തലയാട്ടി.

നോക്ക്, ഇതാണ് ഇപ്പളത്തെ അവസ്ഥ. നിന്നേം കൂടി മനസ്സിലാവ്ണില്യ.

നോക്കൂ, നമ്മടെ മോളെ, ആസ്ത്രേലിയെന്ന് വന്നതാണ്. പേര് ഓർമ്മെണ്ടോ. അവള് ചോദിച്ചു.

ആ കുട്ടി എന്നെ നോക്കി ചിരിക്ക്ണ്ട്. എന്റെ മോളോ.. എനിക്കതിന് മക്കളൊന്നും ഇല്ല്യാലോ.. ഞാനും അവളും മാത്രല്ലേ ഇവടെ ഈ വീട്ടില് കൊറേ കാലായിട്ട്.. എന്ന്ട്ട് പ്പോ, ഇതാ.. മോളാത്രേ..

കുട്ട്യേതാ കരയണൂ... അതിന് ഞാനിപ്പോ ഒന്നും പറഞ്ഞില്ല്യാലോ..

കരയണ്ടാ.. കരയണ്ടാ.. ഞാനൊന്നും പറഞ്ഞില്ല്യാലോ.. ഒന്നും ചെയ്യില്ല്യാ..

അവള് ആ കുട്ട്യേ അപ്പറത്തക്ക് കൊണ്ട് പോയി..

എന്തിനാ ഇവള് ഇങ്ങനെ എന്നെ ശല്യം ചെയ്യണത്.. എന്നെ വെറുതെ വിട്ടൂടെ.. ഞാൻ എന്റെ വഴിക്ക് ജീവിച്ചോളാം.. വഴീക്കൂടെ പോണോരേം വരണോരേം ഒക്കെ വീട്ടില്ക്ക് വിളിച്ച് കേറ്റി, ഇതാരാണ്ന്ന് മനസ്സിലായോ എന്നൊക്കെ ചോദിക്കണോ..

അല്ലാ, അവളെ കുറ്റം പറഞ്ഞിട്ട് കാര്യല്ല്യ. ഇപ്പൊ ഞാൻ അവളോടോന്നും ചോദിക്കാറില്യല്ലോ.. അപ്പൊ, അവൾക്ക് ആരോടെങ്കിലും മിണ്ടിപ്പറയണ്ടെ.. അതാവും. പക്ഷെ, അതിന് അവൾക്ക് മാത്രം അവരോട് സംസാരിച്ചാ പോരെ. എന്നെക്കൊണ്ടും കൂടി എന്തിനാ സംസാരിപ്പിക്കണത്..

ദാ, വീണ്ടും വിളിക്കുണൂ... നോക്കൂ. ഇതാരാന്ന് ഓർമ്മെണ്ടോ..

മുന്നിൽ ചിരിച്ച് നിൽക്കണ ആളെ നല്ല പരിചയം.. ആഹാ.. ഇത് ബാലകൃഷ്ണനല്ലേ, എനിക്കെന്താ അറിയാണ്ടെ.. ഞങ്ങള് സ്കൂളില് ഒരേ ബഞ്ചിലല്ലേ ഇരിക്കണത്. സ്കൂള് പൂട്ടണന്നും കൂടി ഞങ്ങള് കണ്ടതല്ലേ..

ബാലാ, നീയിപ്പോ എത്രാം ക്ളാസിലാ.. പാസായില്ലേ. അല്ലാ. ഞാനെന്ത് വിഡ്ഢ്യാ.. നീയ് പാസായോ ന്ന്.. നീയല്ലേ എല്ലാ കൊല്ലോം ഒന്നാമൻ. എന്ന്ട്ട് നിന്നോട് ഞാൻ പാസായോ ന്ന്. സോറിടാ..

ഇതാ പ്പോ.. ബാലനും കരയുണൂ.. ഇവനെന്തിനാ കരയണത്.. ഇനീപ്പോ ഇവൻ തോറ്റോ..

ഹേയ് അങ്ങനെ ആവാൻ വഴില്യ.. അല്ലാ, ബാലൻ പണ്ടും അങ്ങനെയാണ്.. മിണ്ടിയാ കരയും... കഴിഞ്ഞ കൊല്ലല്ലേ ഞാനും അവനും കൂടെ അടി കൂട്യേത്.. എന്തിനാപ്പൊ അത്.. ഓർമ്മല്യ.. പക്ഷെ അവൻ അന്ന് കരഞ്ഞത് ഓർമ്മണ്ട്.. ഇനി അതോർത്തിട്ടാണോ ആവോ..

അവള് ബാലനോട് എന്തോ പറഞ്ഞ് അപ്പറത്തേക്ക് കൊണ്ടോയി.

“ഈശ്വര.. ഒരാളെങ്കിലും ഓർമ്മണ്ടായിലോ.. സ്വന്തം മകളെപ്പോലും അറിഞ്ഞില്ല്യാ.. ഇതിപ്പോ ബാലനെ എത്ര പെട്ടെന്നാ മനസ്സിലായത്..” അവളുടെ സംസാരം അവ്യക്തമായി കേട്ടു..

ഉച്ചയൂണ് കഴിഞ്ഞ് ഉമ്മറത്തെ സെറ്റിയിലിരുന്ന് പാടത്തേക്ക് നോക്കി.. പാടമൊക്കെ ഇപ്പൊ കാടായിരിക്കുണൂ.. പൂളക്കൊമ്പിന്റെ കാട്.. വാഴേടെ കാട്.. അതിന്റപ്പറം കുന്നും മലേം.. അവടെം കാടാണ്..

ഒന്ന് തീരുമാനിച്ചു... ഇനീം ആരെങ്കിലും വരെണെന്റെ മുമ്പേ പോണം. അച്ഛനും അമ്മേം വഴീല് കാത്ത് നിൽക്ക്ണ്ണ്ടാവും.. ഓർമ്മകളില്ലാത്ത രാജ്യത്തേക്ക് പോണം.. ആരും ഓർമ്മെണ്ടോന്ന് ചോദിക്കാത്ത രാജ്യത്ത്ക്ക്.. പാടം കടന്ന്, കുന്ന് കയറി എറങ്ങി അപ്പറം കടന്ന്, പുഴ മുറിച്ച് കടന്നാൽ പിന്നെ വേറെ രാജ്യാവും... ആരും ഒന്നും ചോദിക്കാത്ത രാജ്യം.

ഇപ്പൊ എറങ്ങ്യാ വെയില് കൊള്ളാണ്ടെ നടക്കാം. അമ്മക്ക് വെയില് പറ്റ്ല്യാ..

പാടത്ത് അമ്മേം അച്ഛനേം കണ്ടില്ല.. അവര് കുന്നിന്റെ മോളിലാവും.. താലപ്പൊലിക്ക് പോയിട്ട് തിരിച്ചു പോരാണ്ടെ അവടെ കൂടീട്ടുണ്ടാവും.. അവ്ട്ന്ന് കൂട്ടാം..

പാടം മുറിച്ച് കടന്ന് കുന്നിൻ ചോട്ടിലുള്ള കുണ്ടനിടവഴിയിലെത്തി. ഈ നട്ടുച്ചക്കും എന്തൊരിരുട്ടാ.. ഹാവൂ, വെയിലത്ത്ന്ന് വന്നിട്ടേരിക്യോ, ഒന്നും കാണണ്ല്യ.. തപ്പിത്തടഞ്ഞ് മുമ്പോട്ട് നടന്നു.. ദൂരെന്നും ഒരു ചെക്കൻ കൊറേ പോത്തുകളേം കൊണ്ട് വര്ണ്ണ്ട്.. ശരിക്ക് കാണാനില്യ... പോത്തന്നേരിക്കും.. അതെ, വലിയ വലിയ കാട്ടിപ്പോത്ത്കളാണ്.. എന്താ അതിന്റെ ഒക്കെ ഒരു വലിപ്പം.. പിന്നില് നടക്കണ ചെക്കൻ നീരോലി കെട്ടിയ വടി കൊണ്ട് അതിനെ അടിച്ച് ഓടിക്കണൂ.. ആകെ പേടിച്ച് ഞാൻ ആ എടവഴീടെ ഓരം ചേർന്ന് നിന്നു.. മൂന്നും നാലും ഏണ്ണം ഒരുമിച്ചാണ് നടന്ന് വരണത്..

ഞാൻ നിക്കണതൊന്നും നോക്കാണ്ടെ പോത്തിൻ കൂട്ടം നടന്നടുക്കുകയാണ്.. കഴിയണത്ര വേലീമ്മ്ക്ക് ചാരി നിന്നു. കൈയ്യിമ്പലും തൊടെംമ്പലും ഒക്കെ മുള്ളു കുത്തിക്കയറി. ഹാവൂ എന്തൊരു വേദനയാണ്.. ഒപ്പം മുമ്പില് ഓരം പറ്റി നടന്ന പോത്ത് ഒരൊറ്റ കുത്തും.. അതോടെ താഴത്തേക്ക് വീണു. അവറ്റടെ കൊളമ്പ്കൾ മേലിൽകൂടെ കയറി ഇറങ്ങുന്നു... ശ്വാസം കിട്ടണില്യാ.. ഒന്നും കാണാനില്യ.. അമ്മേ... ആഞ്ഞു വിളിച്ചു..

കുന്നിൻ പുറത്തു നിന്നും അമ്മ വിളി കേട്ടു.. അമ്മ ഉറക്കെ കരയുകയാണ്.. എന്റെ കുട്ട്യേ ഒന്ന് പോയി എടുത്തോണ്ട് വരൂ.. അവൻ ഒറ്റക്കാ കുണ്ടനെടോഴീല് കെടന്ന് കരയണത് കേട്ടില്ലേ..

പുറത്ത് അപ്പുറവും ഇപ്പുറവും ആരൊക്കെയോ കരഞ്ഞു കൊണ്ടിരുന്നു.. ഞാനാകട്ടെ അവിടെ നിന്നും എണീച്ച് ഓർമ്മകളില്ലാത്ത രാജ്യത്തേക്ക് ആഞ്ഞു പിടിച്ചു...

●

# ഡോ. വി.എം. വാസുദേവന് ഭദ്രപ്രിയ പുരസ്കാരം



**ചെ**മ്മലശ്ശേരി കിളിക്കുന്ന്കാവ് ആലിക്കൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിന്റെ ഈ വർഷത്തെ ഭദ്രപ്രിയ പുരസ്കാരത്തിന് പുലാമന്തോൾ ശാന്തി ഹോസ്പിറ്റൽ MD വട്ടേനാട്ട് മഠത്തിൽ പിഷാരത്ത് ഡോ. വി.എം. വാസുദേവൻ അർഹനായി.

5001 രൂപയും പ്രശസ്തി പത്രവും കൂടിയുള്ള പുരസ്കാരം മാർച്ച് 30 ഞായറാഴ്ച രാവിലെ 10 നു ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ വെച്ച് കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ഡോ. പി രവീന്ദ്രൻ നൽകി.

വല്ലച്ചിറ പിഷാരത്ത് ഡോ. തുളസിയാണ് പത്നി. മക്കൾ: ഡോ. വാണി, ഡോ. വരുൺ.

പിഷാരോടി സമാജം പിൽഗ്രിമേജ് ട്രസ്റ്റ് ഭരണസമിതിയംഗം കൂടിയായ ഡോ. വാസുദേവന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

**ലേഖനം** കഴിഞ്ഞലക്കം തുടർച്ച...



# ഭാഷയിലെ കൊടുക്കൽ വാങ്ങലുകൾ
# ദി പോർത്തുഗീസ് കണക്ഷൻ

**അരവിന്ദാക്ഷൻ സേലം**
ഫോൺ: 6374162276

## ഭരണഭാഷ

കപ്പിത്താൻ (പോർത്തുഗീസ് - Capitao) കുമുദേന്തി (പോ. Comondante) കർണ്ണൽ (പോ. Coronel) എന്നിങ്ങനെ പല ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണ്. കൊത്തളം എന്നർത്ഥമുള്ള ബത്തേരിയുടെ വ്യുത്പത്തി പോർത്തുഗീസ് ഭാഷയിലെ Bateria യിൽനിന്നാണ്. തോക്കിന്റെ കോത്തി അഥവാ കാഞ്ചി എന്നർത്ഥമുള്ള 'ചാപ്പ' പോർത്തുഗീസ് ഭാഷയിലെ Chapa ആണ്. റോന്ത് എന്ന വാക്കും ഇതേ അർത്ഥത്തിലുള്ള Ronda എന്ന പോർത്തുഗീസ് വാക്കിന്റെ മലയാളരൂപമാണ്.

പോർത്തുഗീസ് നാവികർ പലവിധ സമുദ്രയാനങ്ങളുടെ പേരുകൾ മലയാള ഭാഷക്ക് നൽകിയിട്ടുണ്ട്. പത്തേമാരിയും അതടുക്കുന്ന (പോ. Patamar) നങ്കൂരവും പോർത്തുഗീസാണ്.

കുമ്പസാരത്തിന്റെ വ്യുൽപ്പത്തി പോർത്തുഗീസിലെ Confessar എന്ന പദത്തിൽ നിന്നാണ്. പാതിരിയുടെ മൂലരൂപം Padre എന്ന പോർത്തുഗീസ് വാക്കാണ്. ക്രിസ്തീയ മതചിഹ്നങ്ങളായ കൊന്തയും വെന്തിങ്ങയും യഥാക്രമം Contas, Bentinho എന്നീ പോർത്തുഗീസ്പദങ്ങളിൽ നിന്നു വന്നവയാണ്. പുരോഹിതന്മാരണിയുന്ന വസ്ത്രവിശേഷത്തിന്റെ പേരായ കാപ്പ (Capa) യും പോർത്തുഗീസ് വാക്കാണ്. ലക്കും ലഗാനും പോർത്തുഗീസ് പദങ്ങളാണെന്നു പറഞ്ഞാൽ നമുക്കു വിശ്വസിക്കാം. എന്നാൽ നമ്മൾ, അക്ഷരാഭ്യാസമില്ലാത്തവർ പോലും സാധാരണയായി പറയുന്ന ശപിക്കുക എന്നർത്ഥത്തിലുള്ള പ്രാകുക പോർത്തുഗീസാണെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ഇത് പ്രാഗ (Praga) എന്ന പോർത്തുഗീസ് വാക്കിൽ നിന്നു വന്നിട്ടുള്ളതാണത്രെ. സൂക്ഷ്മമായി അന്വേഷിക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന കൃത്തിക്കുക എന്ന പദം ക്രിറ്റിക്ക (Critica) എന്ന പോർത്തുഗീസ് പദത്തിൽനിന്നു ഉത്ഭവിച്ചതാണ്. കാപ്പിരിയുടെ മൂലം അറബിഭാഷയിലെ കാഫിർ ആണെങ്കിലും നീഗ്രോ എന്ന അർത്ഥത്തിൽ ഈ വാക്കു നമ്മുടെ ഭാഷയിൽ പ്രവേശിച്ചത് പോർത്തുഗീസു വഴിയാണ്. അറബിയിൽ കാഫിർ അവിശ്വാസിയാണ്.

ഇപ്പോൾ എണ്ണമറ്റ പഴങ്ങൾ ഇവിടെ പുതുതായി പല രാജ്യങ്ങളിൽനിന്നും കൊണ്ടുവന്ന് ആളുകൾ കൃഷി ചെയ്യുന്നു. തീപ്പെട്ടി, തീവണ്ടി, ഒട്ടകപ്പുലി (ജിറാഫ്), കഴുതപ്പുലി (ഹയന) കണ്ടാലുടനെ തുടങ്ങി, കണ്ടാലുടനെ ഒരു സാധനത്തിന്/ജീവിയ്ക്ക് അതിന്റെ രൂപമോ സ്വഭാവമോ നോക്കി പേരിടുന്ന മലയാളിയുടെ ശിശുമനസ്സ് കൈമോശം വന്നതുകൊണ്ടോ മിൻതൂക്കി (ലിഫ്റ്റ്), പേരുന്ത് (ബസ്സ്), യന്തിരൻ (റോബോട്ട്) എന്നിങ്ങനെ ഇതരഭാഷാപദങ്ങൾക്ക് സ്വഭാഷയിൽ സമാന്തരം കണ്ടെത്തുന്ന തമിഴന്റെ ഭാഷാഭ്രാന്ത് ഇല്ലാത്തതുകൊണ്ടോ ഭാവനാശൂന്യത കൊണ്ടോ, അതോ വെറും അലസത കൊണ്ടോ റംബൂട്ടാൻ, അവക്കോഡ, ഡ്രാഗൺഫ്രൂട്ട് തുടങ്ങിയ പഴങ്ങൾ അവയുടെ തറവാട്ടു പേരിൽത്തന്നെ ഇപ്പോളിവിടെ നിർബാധം വിഹരിക്കുന്നു.

കണിക്കൊന്നയുടെ ഇല പോലെയാണല്ലോ ശീമക്കൊന്നയുടെ ഇല, അതുകൊണ്ട് ഇവിടെയുള്ള കൊന്നയുടെ പേര് പണ്ടുള്ളവർ അതിനുമിട്ടു. ശീമ (foriegn) യിൽ നിന്നു വന്നതുകൊണ്ട് ശീമക്കൊന്ന. ശാസ്ത്രീയമായും ഈ പേരിന് സാധുത്വമുണ്ട്. ഈ രണ്ടു മരങ്ങളും ഫാബിയേസി കുടുംബത്തിലേതാണ്. ഡ്രാഗൺ ഫ്രൂട്ടിന് കള്ളിപ്പഴം എന്നു പേരിടാവുന്നതാണ്. നമ്മുടെ കള്ളിച്ചെടിയുടെ കുടുംബത്തിൽപ്പെട്ടതാണ് അത് - cactus.

നമ്മൾ നിത്യം ഉപയോഗിക്കുന്ന പേനയും കടലാസും കസേരയും മേശയും കപ്പയും ചാക്കും അങ്ങനെ മറ്റ് അനേകം പദങ്ങളും ഒരു വിദേശഭാഷയിലെ പദങ്ങളാണെന്ന് അറിയുന്നതിലുള്ള അത്ഭുതവും കൗതുകവും ചില്ലറയല്ല.

മണ്ണും മണലും അടുത്തടുത്ത് കൂട്ടിയിട്ടാൽ

മഴയത്ത് തമ്മിൽ കലരുന്നതുപോലെ വാക്കുകൾ ഒരു ഭാഷയിൽനിന്ന് അങ്ങോട്ടും ഇങ്ങോട്ടും ചലിക്കും. മലയാളത്തിൽ നിന്ന് പോർത്തുഗീസിലേക്കും വാക്കുകൾ ഒഴുകിയിട്ടുണ്ട്. തമിഴിലെ കെട്ടുമരം, മുളകുതണ്ണി എന്നീ പദങ്ങൾ കാറ്റമറാൻ, മുളിഗതാവണി എന്ന് ഇംഗ്ലീഷ് ഡിക്ഷണറിയിൽ പാന്റും കോട്ടുമിട്ട് അന്തസ്സോടെ ഇരിക്കുന്നത് കണ്ടിട്ടില്ലേ? അതുപോലെ, കേരളത്തിലെ പല സസ്യങ്ങളുടെയും പേരുകൾ വലിയ മാറ്റം കൂടാതെ പോർത്തുഗീസ് ഭാഷയിലേക്കു പകർന്നിട്ടുണ്ട്. അവ പിന്നീട് കിഞ്ചിദ്ഭേദത്തോടെ ഇംഗ്ലീഷിലേക്കും പ്രവേശിച്ചു. ചക്ക, മാങ്ങ, വെറ്റില, അടയ്ക്ക, കുമ്പളങ്ങ എന്നീ വാക്കുകൾ യഥാക്രമം ജാക്ക, മാംഗ, ബെറ്റിൽ, അരെക്കാ, കേമ്പളെംഗാ എന്നിങ്ങനെയാണ് പോർത്തുഗീസുകാർ ഉച്ചരിക്കുന്നത്. ചുരുക്കത്തിൽ ഭാഷാപഠിഷുകൾക്ക് വാക്കുകളുടെ വ്യുൽപ്പത്തി, ഗതാഗതം എന്നിവ ശ്രദ്ധിക്കുന്നത് രസകരമായ ഒരു ബുദ്ധിവ്യായമമാകും. അതിനു താത്പര്യമുള്ളവർ വായിക്കാനെടുക്കേണ്ട ആദ്യ പുസ്തകം ഹോബ്സൻ ജോബ്സന്റെ ശബ്ദകോശമാണ്, (1902 ൽ പ്രസിദ്ധീകരിച്ചത്).

(അവസാനിച്ചു)

## ഡോ. തുളസിക്ക് ബോട്ടണിയിൽ PhD



**ഞാ**ങ്ങാട്ടിരി 'തുളസി'യിൽ പുലാമന്തോൾ പിഷാരത്ത് രാധാകൃഷ്ണന്റേയും ഹരിഹരകുന്നത്ത് പിഷാരത്ത് സുമയുടേയും മകൾ ആർ. തുളസിയ്ക്ക് കോഴിക്കോട് സർവകലാശാലയിൽ നിന്ന് ബോട്ടണിയിൽ ഡോക്ടറേറ്റ് ലഭിച്ചു. കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് ബോട്ടണി വിഭാഗത്തിലെ ഡോ. കെ.പി രാജേഷിന്റേയും തോലനൂർ ഗവ. ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽ, പ്രൊഫസർ ഡോ. മായ സി. നായരുടേയും മേൽനോട്ടത്തിലായിരുന്നു ഗവേഷണം. ഇപ്പോൾ സെന്റ്രൽ ഗവ. സ്ഥാപനമായ നാഷണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പഞ്ചകർമയിൽ ബൊട്ടാണിസ്റ്റാണ്.

ഭർത്താവ് ജയദേവൻ. സഹോദരൻ വേണുവും ഗവ. വിക്ടോറിയ കോളേജിൽ ഗവേഷണ വിദ്യാർത്ഥിയാണ്.

ഡോ. തുളസിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!



## ഡോ. സിത്താര ഹേമന്ദിന് നാനോ ടെക്നോളജിയിൽ PhD

**ഡോ.** സിത്താര ഹേമന്ദ് ബംഗളൂരുവിലെ ജെയിൻ യൂണിവേഴ്സിറ്റിയിൽ നിന്നും Engineering Two Dimensional Materials for Energy Conversion and Storage Applications എന്ന ഗവേഷണ പ്രബന്ധത്തിലൂടെ നാനോ ടെക്നോളജിയിൽ PhD കരസ്ഥമാക്കി. കാട്ടുതൃക്കോവിൽ പിഷാരത്ത് കെ.ടി. ചിത്രയുടെയും അറക്കൽ പിഷാരത്ത് എ. രാധാകൃഷ്ണന്റെയും മകളാണ് സിത്താര. ഭർത്താവ് ഹേമന്ദ് നാരായണൻ. മകൾ പല്ലവി ഹേമന്ദ്. ഡോ. സിത്താര ഇപ്പോൾ പൂനയിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

ഡോ. സിത്താരക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

യാത്ര ഭാഗം 9

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

**മ**ലമടക്കുകളിലൂടെ ബസ്സ് പതിയെ ഇറക്കം തുടങ്ങി. ചുറ്റും മനോഹരിയായ പ്രകൃതി! മോഹിപ്പിയ്ക്കുന്ന പുറം കാഴ്ചകളിൽ കണ്ണുനട്ട് ഓരോരുത്തരും നിശബ്ദരായിരുന്നു. മലയിറങ്ങി നിരപ്പിലെത്തിയ വണ്ടിക്ക് വേഗം കൂടി. ബസ്സിൽ പാട്ടും ചിരിയും കളികളും ഒക്കെ തുടങ്ങിയത്കൊണ്ട് സമയം പോയത് അറിഞ്ഞില്ല. ചില പാലങ്ങളിലൂടെ പോവുമ്പോൾ താഴെ വെള്ളം ഒട്ടുമില്ലാതെ മണൽ പരന്നുകിടക്കുന്ന നദികൾ! 10.20 ന് ഞങ്ങൾ ഒരു തുരങ്കത്തിലൂടെ കടന്നു പോയി. കുറഞ്ഞത് അഞ്ഞൂറു മീറ്ററോളം നീളം ഉണ്ടായിരിക്കണം. ടണലിന്റെ പേര് എവിടെയും വലുതായി എഴുതിവെച്ചത് കണ്ണിൽപെട്ടില്ല. പതിനൊന്നേ മുക്കാലോടെ വണ്ടി ചായയ്ക്കായി നിർത്തി. 'നമസ്തേ കാ സ്വാദ് ഘർ കി യാദ്' എന്ന വലിയ പരസ്യ വാചകം എഴുതിയ ബോഡ് കണ്ടു. ചായ/കാപ്പി പതിവില്ലാത്തതു കൊണ്ട് വാഷ്റൂമിൽ പോയിവന്ന ഞാൻ റോഡിലൂടെ പായുന്ന വാഹനങ്ങളും, സൈൻബോഡുകളും ഒക്കെ കണ്ട് ബസ്സിനരികെ നിന്നു. എന്തൊരുഷ്ണം! ഞാൻ ബസ്സിൽ കയറിയിരുന്നു! അല്പ നേരത്തിനുള്ളിൽ എല്ലാവരും ചായ കഴിച്ചെത്തി ബസ്സിൽ കയറി. വണ്ടി നീങ്ങിത്തുടങ്ങി. ഒരു മണിക്കൂറോളം യാത്ര ചെയ്ത് വണ്ടി വീണ്ടും സൈഡാക്കി നിർത്തി. ഡ്രൈവർ പറഞ്ഞു ചെറിയൊരമ്പലം കാണാനുണ്ടിവിടെ! ഞങ്ങൾ ഓരോരുത്തരായി ഇറങ്ങി. ഞങ്ങൾ കണ്ടു, ഹൈവേക്കരുകിൽ 'ബുള്ളറ്റ് ബാബ'യുടെ മന്ദിർ! വാഹനങ്ങൾ നിർത്തി ഭക്തർ കാണിയ്ക്കയർപ്പിക്കുന്നുണ്ട്. അവിടെ പ്രതിഷ്ഠ ഒരു 'റോയൽ എൻഫീൽഡ് മോട്ടോർ ബൈക്ക്'! റെജിസ്ട്രേഷൻ നമ്പർ RNJ 7773. വിചിത്രമായ ക്ഷേത്രം! പൂജയും, മന്ത്രവും, ആരതിയും, വാദ്യവിശേഷങ്ങളും ഒക്കെയുള്ള സമ്പൂർണ്ണ ക്ഷേത്രം!. പ്രതിഷ്ഠ ബുള്ളറ്റ് ആയതുകൊണ്ട് നൈവേദ്യം പെട്രോളാവുമോ എന്നൊരു ശങ്ക തോന്നി. ഞാനൊരാളോടു ചോദിച്ചു. അല്ല! പെട്രോളല്ല, സമാധാനം! പുഷ്പം, പത്രം, ഫലം, തോയം ഒക്കെയാവാം. ചിലർ പൂജാരിക്ക് പൂക്കൾ, മാലകൾ,



ചന്ദനത്തിരി, കർപ്പൂരം ഒക്കെ കൊടുക്കുന്നുണ്ട്. ചിലർ കുപ്പികളും കൈമാറുന്നുണ്ട്. മദ്യമാണ്! അഭിഷേകത്തിനാവുമോ!? എന്തെന്താചാരങ്ങൾ ഈ അമ്പലത്തിന്റെ വളരെ വിചിത്രമായ ഐതിഹ്യം ഡ്രൈവറിൽനിന്ന് കേട്ടു. അടുത്തുള്ള ചോട്യാല ഗ്രാമത്തിൽ ജീവിച്ചിരുന്ന ഓംബന്ന എന്നറിയപ്പെട്ടിരുന്ന ഓംസിങ് റാത്തോഡ് എന്ന ചെറുപ്പക്കാരൻ പത്തിരുപത്തഞ്ച് കൊല്ലം മുമ്പ് നടന്ന ഒരു ബൈക്ക് അപകടത്തിൽ മരിച്ചുപോയി. ഇരുപത്തിരണ്ടോ ഇരുപത്തിമൂന്നോ വയസ്സേ ഉണ്ടായിരുന്നുള്ളൂ ഓം ബന്നയ്ക്ക്. ബൈക്ക് നിയന്ത്രണം വിട്ട് മരത്തിൽ ഇടിച്ച് മറിഞ്ഞ് കുഴിയിൽ വീണ് ക്ഷണത്തിൽ അന്ത്യം സംഭവിക്കുകയായിരുന്നുവത്രേ. പിന്നീട് പോലീസുകാർ ആ ബൈക്ക് അപകടസ്ഥലത്തുനിന്ന് എടുത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടു നിർത്തി. പക്ഷെ പിറ്റേന്ന് കാലത്ത് ബൈക്ക് സ്റ്റേഷനിൽ നിന്ന് അപ്രത്യക്ഷമായിരുന്നു. അത് അപകടസ്ഥലത്തുതന്നെ എത്തിയിരുന്നു! അന്നു വീണ്ടും പോലീസ് അത് കൊണ്ടു പോയി. ടയറിലെ കാറ്റൊഴിച്ചു, പെട്രോൾ ടാങ്ക് കാലിയാക്കി, ബൈക്ക് ചങ്ങലയിട്ടു പൂട്ടിയിടുകയും ചെയ്തു. പക്ഷേ പിറ്റേന്നു കാലത്ത് വിണ്ടും ബൈക്ക് ആക്സിഡന്റ് സ്പോട്ടിലെത്തിയിരുന്നു! ഓം ബന്നയുടെ ആത്മാവ് ആ ബൈക്കിൽ കുടിയേറിയിട്ടുണ്ട് എന്നും അങ്ങനെയാണത് സഞ്ചരിയ്ക്കുന്നത് എന്നും കഥ പ്രചരിച്ചു. അപ്പോഴേയ്ക്കും ചില നാട്ടുകാരൊക്കെ കൂടി ആ ബുള്ളറ്റ് മോട്ടോർബൈക്കിനെയും ഓംബന്നയെയും ദൈവത്തിന്റെ പ്ര

തിരൂപമാക്കി. ഏറെ വൈകാതെ തന്നെ പ്രതിഷ്ഠയും അമ്പലവുമൊക്കെയായി. യാത്രകളൊക്കെ ശുഭമാകാൻ അവിടെ കാണിക്കയർപ്പിച്ചാൽ മതിയെന്നാണ് പൊതുവെ വിശ്വാസം. പ്രത്യേകിച്ച് ഇരുചക്രയാത്രികർ. ഈ ഹൈവേയിൽ പാതിരായ്ക്ക് അപകടത്തിൽപ്പെട്ട് ഗുരുതരമായി പരിക്കേറ്റ ഒരു ട്രക്ക് ഡ്രൈവറെ ഓംബന്ന ബുള്ളറ്റിൽ വന്ന് അത്യത്ഭുതകരമായി രക്ഷപ്പെടുത്തിയ ഒരു കഥയും കേട്ടു. ഇതൊക്കെ ഈ ഭാരതഭൂമിയിലല്ലാതെ ലോകത്ത് വേറെയെവിടെയും ഉണ്ടാവാനിടയില്ല. കാറോ, മോട്ടോർബൈക്കോ, ക്രിക്കറ്റ് ബാറ്റോ, ഹോക്കി സ്റ്റിക്കോ, ഫുട്ട്ബാളോ എന്തിനേയും പ്രതിഷ്ഠിച്ച് അമ്പലമാക്കും, ആരാധിയ്ക്കും! ഒരുകണക്കിൽ ആലോചിച്ചാൽ ഇതുതന്നെയല്ലേ ഈ ആരാധനാ സ്വാതന്ത്ര്യം! ഞങ്ങളുടെ ഡ്രൈവറും, സഹായിയും പ്രാർത്ഥിച്ചു. ഞങ്ങളിതൊക്കെ കണ്ട് കൗതുകം പൂണ്ട് തിരികെ വന്ന് വണ്ടിയിൽ കയറുമ്പോൾ ഞാനും പറഞ്ഞു 'ബുള്ളറ്റ് ബാബാ ഞങ്ങളെ കാക്കണേ' മലയാളത്തിൽ പറഞ്ഞാൽ ബാബയ്ക്ക് മനസ്സിലാവില്ല എന്ന് കൂട്ടത്തിൽ ആരോ എന്നെ വാരി. 'ഭാവഗ്രാഹീ ജനാർദ്ദന:' എന്നുണ്ടല്ലോ, ദൈവമായിക്കഴിഞ്ഞാൽ ഭാഷയും വ്യാകരണവും വിഷയമല്ല എന്ന് ഞാനും തിരിച്ച് പറഞ്ഞു. എല്ലാവരും കയറിക്കഴിഞ്ഞ് വണ്ടി പതുക്കെ നീങ്ങാൻ തുടങ്ങി. ഇനിയും അമ്പതൊ അമ്പത്തഞ്ചോ കിലോമീറ്റർ യാത്രയുണ്ട് ജോധ്പൂരിലേയ്ക്ക്. സമയം ഒരുമണികഴിഞ്ഞിരിയ്ക്കുന്നു. നല്ല റോഡായതുകൊണ്ട് 1.50 ആയപ്പോഴേയ്ക്കും ഞങ്ങൾ ജോധ്പൂരിലെത്തി. ആദ്യം ഉച്ച ഭക്ഷണം പിന്നെ കാഴ്ചകൾ എന്ന തീരുമാനത്തിൽ വണ്ടി ഒരു ഭക്ഷണശാലയുടെ മുന്നിൽ നിർത്തി. ഭക്ഷണം കഴിഞ്ഞ് 'ഉമൈദ് ഭവൻ പാലസ്' എന്നാണ് തീരുമാനം. ജോധ്പൂർ രാജസ്ഥാനിലെ രണ്ടാമത്തെ വലിയ നഗരമാണ്. 'ബ്ലൂ സിറ്റി' (നീലനഗരം) എന്നു കൂടി പേരുള്ള ഇത് പടിഞ്ഞാറൻ രാജസ്ഥാനിൽ താർ മരുഭൂമിയോട് ചേർന്നുകിടക്കുന്നു. ദില്ലിയിൽ നിന്ന് ഗുജറാത്തിലേക്കുള്ള ഹൈവേ ജോധ്പൂരിലൂടെയാണ് കടന്നു പോവുന്നത്. ഇവിടെനിന്ന് പാക്കിസ്ഥാൻ അതിർത്തിയിലേക്ക് വെറും 250 കിലോമീറ്ററേ ദൂരമുള്ളൂ. അതു കൊണ്ടുതന്നെ ഇവിടം നമ്മുടെ പ്രതിരോധസേനകളുടെ തന്ത്രപ്രധാനമായ ഒരു കേന്ദ്രമാണ് ഭാരതീയ വായു സേനയുടെ ഫ്ളൈയിങ് കോളേജ് 1965 വരെയും ഇവിടെ പ്രവർത്തിച്ചിരുന്നു. കാർഗ്ഗിൽ യുദ്ധകാലത്ത് ജോധ്പൂർ വായുസേനാ കേന്ദ്രം നിർണ്ണായക നീക്കങ്ങൾ നടത്തിയിട്ടുണ്ട്.

ചരിത്രപരമായി പറഞ്ഞാൽ മാർവാർ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ജോധ്പൂർ. രജപുത്ര-റാത്തോഡ് വംശത്തിലെ റാവു ജോധയാണ് 1459ൽ ജോധ്പൂർ നഗരം സ്ഥാപിച്ചത്. അദ്ദേഹം ദില്ലി സുൽത്താനേറ്റിന്റെ നിയന്ത്രണത്തിലുള്ള കുറച്ചു ഭാഗങ്ങളൊക്കെ പിടിച്ചെടുത്ത് മാർവാർ രാജ്യത്തോട് ചേർത്തു. മാർവാറിന്റെ ആദ്യ തലസ്ഥാനം മൻഡോർ എന്ന നഗരമായിരുന്നു. റാവു ജോധയാണ് കൂടുതൽ സുരക്ഷിതത്വം തേടി തല സ്ഥാനം ജോധ്പൂരിലെയ്ക്ക് മാറ്റി സ്ഥാപിച്ചത്.

ഞങ്ങൾ ഉമൈദ് ഭവൻ പാലസിലെത്തിയപ്പോൾ സമയം മൂന്നേകാലായിരുന്നു. നഗരത്തിൽ നിന്ന് ഏകദേശം മൂന്നുനാലു കിലോമീറ്റർ ദൂരമുണ്ടിവിടേക്ക്. പ്രവേശന പാസ് ഇന്ത്യക്കാർക്ക് ആളൊന്നിന് വെറും 25 രൂപ മാത്രം! ഉദയ്പൂരിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്ക്! ജോധ്പൂരിന് തെക്കുകിഴക്കായുള്ള ചിറ്റാർ എന്ന കുന്നിലാണ് ഈ കൊട്ടാരം പണിതിരിക്കുന്നത്. അതുകൊണ്ടു തന്നെ ഇതിനെ ചിറ്റാർ കൊട്ടാരം എന്നും പറയാറുണ്ട്. റാത്തോഡ് വംശത്തിലെ മുപ്പത്തിയാറാമത് രാജാവായ ഉമൈദ് സിങ്ങിന്റെ കാലത്താണ് ഇതിന്റെ നിർമ്മാണം. ഉമൈദ് സിങ്ന്റെ ഭരണകാലം 1918 മുതൽ 1947ൽ അദ്ദേഹത്തിന്റെ മരണം വരെയായിരുന്നു.

എഹ്.വി. ലാഞ്ചസ്റ്റർ എന്ന ബ്രിട്ടീഷ് വാസ്തുവിദ്യാ വിദഗ്ദ്ധനായിരുന്നു കൊട്ടാരത്തിന്റെ പ്ലാനും ഡിസൈനും ഒക്കെ തയ്യാറാക്കിയതും പണിക്ക് മേൽനോട്ടം വഹിച്ചതും. ലണ്ടൻ ആസ്ഥാനമായി ലാഞ്ചസ്റ്റർ ഏന്റ് ലോഡ്ജ് എന്ന ഒരു സ്ഥാപനം നടത്തുന്നുണ്ടായിരുന്നു അദ്ദേഹം. 1929 നവംബർ 18 ന് ആയിരുന്നുവത്രേ ഈ കൊട്ടാരത്തിന് രാജാവ് തറക്കല്ലിട്ടത്. മൂവായിരത്തിലധികം പണിക്കാർ പതിനഞ്ച് വർഷത്തോളം പണിയെടുത്തിട്ടാണ് ഈ കൊട്ടാരം പണി പൂർത്തിയായത് എന്ന് പറയപ്പെടുന്നു. ഇതിന്റെ നിർമ്മിതിയിൽ പാശ്ചാത്യവും ഭാരതീയവും ആയ ശൈലികൾ സമന്വയിപ്പിച്ചിട്ടുണ്ട്. മാർബിളിൽ കൊത്തുവേല ചെയ്യാൻ ആഗ്രയിൽ നിന്നു വിദഗ്ദ്ധ തൊഴിലാളികളെ കൊണ്ടുവന്നിരുന്നുവത്രെ. തീവണ്ടിമാർഗ്ഗമാണ് മാർബിളൊക്കെ കൊണ്ടുവന്നിരുന്നത്. അകത്തെ മരപ്പണികളൊക്കെ ബർമ്മീസ് തേക്കു കൊണ്ടാണ്. പതിനഞ്ചേക്കറോളം ഉദ്യാനമടക്കം 26 ഏക്കറിലാണ് ഈ കൊട്ടാരസമുച്ചയം വ്യാപിച്ചു കിടക്കുന്നത്. ഇതിൽ ആകെ 347 മുറികളുണ്ട്. നടുമുറ്റങ്ങളും, തളങ്ങളും, ഇടനാഴികളും എല്ലാം ചേർന്ന് ലോകത്തിലെ തന്നെ വലിയ പാർപ്പിടങ്ങളിലൊന്നാണ് ഈ കൊട്ടാരം എന്ന് ഗൈഡ്. അന്ന് രാജാവിന് ഏകദേശം ഒരു കോടിയിലധികം രൂപ ഇതിന്റെ നിർമ്മിതിക്കായി ചെലവായിട്ടുണ്ടത്രേ.

സ്വയം ഒരു പൈലറ്റായിരുന്ന രാജാ ഉമൈ

ദ്സിങ് ആയിരുന്നു 1931ൽ ജോധ്പുർ ഫ്ളൈയിംഗ് ക്ലബ്ബ് സ്ഥാപിച്ചത്. ബ്രിട്ടന്റെ റോയൽ എയർ ഫോഴ്സ് അദ്ദേഹത്തെ 'എയർ വൈസ് മാർഷൽ' പട്ടം നല്കി ആദരിച്ചിട്ടുണ്ട്. പോളോ കളിയിൽ വലിയ കമ്പക്കാരനായിരുന്നു അദ്ദേഹം. ഇംഗ്ലണ്ടിൽ പോളോ കളിക്കാൻ സ്വന്തം ടീമുമായിപ്പോകും. ആഫ്രിക്കയിൽ നായാട്ടിനു പോകും. സ്കോട്ട്ലണ്ടിൽ സാൽമൺ മത്സ്യങ്ങളെ പിടിക്കാൻപോകും. ദക്ഷിണേന്ത്യയിൽ ഊട്ടിയിലും രാജാവിന് എസ്റ്റേറ്റ് ഉണ്ടായിരുന്നുവത്രെ! ഇങ്ങനെയൊക്കെയായിരിക്കുമ്പോഴും അദ്ദേഹം ലളിത മനസ്കനും പ്രജാക്ഷേമ തല്പരനുമായിരുന്നു എന്ന് പറയപ്പെടുന്നു. ക്ഷാമകാലത്ത് ജനങ്ങൾക്കായി നടപ്പാക്കിയിരുന്ന ആശ്വാസപദ്ധതികൾ വളരെ മികച്ചതും അനുകരണീയവുമായിരുന്നു എന്ന് ഗൈഡ് പറയുന്നു. അക്കാലത്തുണ്ടാക്കിയ അണക്കെട്ട് പിന്നീടുള്ള അമ്പത് വർഷത്തേക്ക് അവരുടെ ജല സ്രോതസ്സായി.

ഇപ്പോൾ ഈ കൊട്ടാരം മൂന്നു ഭാഗമാക്കി തിരിച്ചിട്ടുണ്ട്. 1. രാജ കുടുംബാംഗങ്ങളുടെ താമസസ്ഥലം. 2. ജോധ്പൂർ രാജവംശത്തിന്റെ വസ്തുവകകളുടെ ഒരു മ്യൂസിയം 3. താജ് ഗ്രൂപ്പ് ഏറ്റെടുത്തു നടത്തുന്ന താജ് പാലസ് എന്ന ഹോട്ടൽ.

ഞങ്ങൾ നടന്നു കൊട്ടാരം കാണുവാൻ തുടങ്ങി. രാജകുടുംബത്തിന്റെ താമസസ്ഥലവും ഹോട്ടലും ഒഴിച്ചുള്ള ഭാഗമേ കാഴ്ചക്കാർക്ക് അനുവദിച്ചിട്ടുള്ളൂ. 1943ൽ മാത്രം പണി പൂർത്തിയായ ഈ കൊട്ടാരം ഒരു പക്ഷെ ഇന്ത്യയിലെ രാജവംശങ്ങളുടെ അവസാന നിർമ്മിതിയായിരിക്കും. ഏറ്റവും പ്രായം കുറഞ്ഞ കൊട്ടാരമായത്കൊണ്ട് തന്നെ ഇതിന് കേടുപാടുകൾ വളരെ കുറവാണ്. വളരെ നന്നായി പരിപാലിക്കപ്പെടുന്നുമുണ്ട് എന്ന് കാണുമ്പോഴറിയാം. ഞങ്ങൾ മ്യൂസിയത്തിന്നടുത്തെത്തി. പ്രവേശനത്തിന് ഇവിടെ വീണ്ടും 30 രൂപയുടെ ടിക്കറ്റ് എടുക്കണം. ഉള്ളിൽ പെയിന്റിംഗ്കളുടെ ശേഖരം, കട്ലറികളുടെ ശേഖരം, രാജകീയ വസ്ത്രങ്ങളുടെ ശേഖരം തുടങ്ങിയവയൊക്കെ കണ്ടു. നായാട്ടിനു പോയി കൊന്ന ഹിംസ്രമൃഗങ്ങളുടെ സ്റ്റഫ് ചെയ്ത രൂപങ്ങൾ! ആയുധശേഖരത്തിൽ ധാരാളം കത്തികൾ, പലവിധം കഠാരകൾ, പലതരം വാളുകൾ, പരിചകൾ, വിവിധ തരം അമ്പുകൾ, വില്ലുകൾ, പല വലിപ്പത്തിലും തരത്തിലു മുള്ള കുന്തങ്ങൾ, ചാട്ടുളികൾ തുടങ്ങി പലതുമുണ്ട്. നാഴിക മണികളുടെ ഒരു ശേഖരവുമുണ്ട്. യുദ്ധവിജയങ്ങളുടെ സ്മരണക്കായുള്ള ചില വസ്തുക്കൾ. വിന്റേജ് കാറുകളുടെ ഒരു നല്ല ശേഖരമുണ്ട് ഇതിനകത്ത്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ, റോൾസ് റോയ്സ്, മെഴ്സിഡെസ്ബെൻസ്, ഓസ്റ്റിൻമാർട്ടിൻ തുടങ്ങിയ കാറുകൾ ഇവിടെ കാണാം. ആകെ ഇരുപത്തിരണ്ടോളം കാറുകൾ ഉണ്ട്! അന്ന് ഉദയ്പൂരിലെ വിന്റേജ് കാർ മ്യൂസിയം കാണാൻ സമയം ലഭിച്ചില്ല. ആ സങ്കടം ഇപ്പോഴാണ് തീർന്നത്! ഗൈഡ് സന്ദീപ് അന്നേ പറഞ്ഞിരുന്നു, ജോധ്പൂരിൽ നിങ്ങൾക്ക് വിന്റേജ് കാറുകൾ കാണാമെന്ന്. ഉദയ്പൂരിലെ കാർ മ്യൂസിയത്തിന് പ്രവേശന ഫീസ് ഒരാൾക്ക് 250 രൂപയായിരുന്നു. എന്നാൽ ഇവിടെ കാറുകളുടെ ശേഖരം മ്യൂസിയത്തിന്റെ തന്നെ ഭാഗമായത്കൊണ്ട്, പ്രത്യേക ഫീസില്ലാതെ കാണുവാനായി! ഈ കാറുകൾ കാണുമ്പോഴാണ് ഗൈഡ് ആൽവാർ മഹാരാജാ ജയ്സിംഗിന്റെ വളരെ വിചിത്രമായ ഒരു കഥ പറഞ്ഞത്. അന്നു കാലത്ത് റോൾസ് റോയ്സ് കാർ ഉടമയാവുക എന്നത് വളരെ അഭിമാനകരമായ ഒരു കാര്യമായിരുന്നു. ഇന്ത്യയിലെ രാജാക്കന്മാർ മിക്കവരും ഒന്നിൽക്കൂടുതൽ റോൾസ് റോയ്സ് കാറുകളുള്ളവരായിരുന്നു. 1920ൽ രാജാ ജയ്സിംഗ് ലണ്ടൻ പര്യടനത്തിനിടയിൽ ഒരുനാൾ സാധാരണ വേഷത്തിൽ റോൾസ് റോയ്സ് ഷോറൂമിൽ ചെന്നു. അവിടത്തെ വില്പനക്കാർ ഒരു സാധരാണ 'ബ്ലഡി ഇന്ത്യൻ' എന്ന് നിനച്ച് അദ്ദേഹത്തെ വേണ്ട വിധം ഗൗനിച്ചില്ല. അത് അദ്ദേഹത്തിന്റെ അഭിമാനത്തെ വ്രണപ്പെടുത്തി. പിറ്റേന്ന് അദ്ദേഹം മുന്നറിയിപ്പ് കൊടുത്ത് രാജകീയ വേഷഭൂഷകളോടെ അതേ ഷോറൂമിലെത്തി. അന്ന് അദ്ദേഹത്തെ ചുവപ്പുപരവതാനി വിരിച്ച് അവർ സ്വീകരിച്ചു. അപ്പോൾ അവിടെ 6 കാറുകളുണ്ടായിരുന്നു. അതു മുഴുവൻ അദ്ദേഹം വാങ്ങിച്ചു. കാറുകൾ ഇന്ത്യയിലേയ്ക്ക് അയയ്ക്കാനുള്ള ചെലവടക്കം മുഴുവൻ സംഖ്യയും അപ്പോൾതന്നെ കൊടുത്തു തീർത്തു. അദ്ദേഹം നാട്ടിലെത്തി ആ 6 കാറുകളും മുനിസിപ്പലിറ്റിയുടെ മാലിന്യ ശേഖരണത്തിനുള്ള ഗാർബേജ് വാനുകളായ് ഉപയോഗിക്കാനുത്തരവിട്ടു. ഈ വാർത്ത അതിവേഗം പരന്നു. റോൾസ് റോയ്സ് കമ്പനിയെ ഇത് ശരിക്കും ഞെട്ടിച്ചു. അവരുടെ മാർക്കറ്റ് വാല്യു ഇടിഞ്ഞു. കച്ചവടം കുറഞ്ഞു. അവർ രാജാ ജയ്സിംഗിന് മാപ്പപേക്ഷിച്ച് കൊണ്ട് ഒരു ടെലഗ്രാം അയച്ചു. അദ്ദേഹം മാപ്പപേക്ഷ സ്വീകരിച്ചു. ആ കാറുകളെ മലിന്യശേഖരണത്തിൽനിന്ന് മോചിപ്പിച്ചു. അപ്പോൾ റോൾസ് റോയ്സ് കമ്പനി രാജാവിന് 6 കാറുകൾ കൂടി സമ്മാനമായി നല്കിയത്രേ... രാജകീയ പ്രതാപത്തിന്റെ, അധികാരത്തിന്റെ, സമ്പത്തിന്റെ, അഭിമാനത്തിന്റെ, അഹന്തയുടെ, വിചിത്രമായ മനോനിലകളുടെ ഒക്കെ കേൾക്കാൻ രസമുള്ള കഥകൾ!

(തുടരും...)

# മനം കവരുന്ന പുത്തൻ റെട്രോ സമ്മാനങ്ങളുമായൊരു സംരംഭക

**നി**രന്തരം മാറിക്കൊണ്ടിരിക്കുന്ന ഫാഷനും വൻകിട ഉൽപാദകരും ആധിപത്യം പുലർത്തുന്ന ഒരു കാലഘട്ടത്തിൽ, കാലാതീതമായ റെട്രോ സൗന്ദര്യശാസ്ത്രത്തെ ആധുനികതയുമായി സംയോജിപ്പിച്ചുകൊണ്ട് റെട്രോ ഗിഫ്റ്റ്സ് വേറിട്ടൊരു അനുഭവമൊരുക്കുകയാണ്.

അതെ, പറഞ്ഞു വരുന്നത് നമുക്കിടയിലെ ഒരു സംരംഭകയെക്കുറിച്ചു തന്നെ..

"റെട്രോ" അതിശയകരമായ റെട്രോ/വിന്റേജ് പ്രചോദിത വസ്ത്രങ്ങൾ, ആക്സസറികൾ, മെമന്റോകൾ എന്നിവയുടെ ഉത്പാദകരാണ്. മനോഹരമായ കാഴ്ചക്കുമപ്പുറം, അവ നിങ്ങളെന്താണോ എന്ന് കൂടി പറഞ്ഞു വെക്കുന്നു. ഗർഭധാരണമെന്ന ഒരു അവിസ്മരണീയ നാഴികക്കല്ല്, വിവാഹ ഓർമ്മകൾ, മറക്കാനാവാത്തൊരു യാത്ര, നിങ്ങൾ പിന്തുണയ്ക്കുന്നൊരു വിഷയമോ സന്ദർഭമോ, നിങ്ങൾക്കേറ്റവും പ്രിയപ്പെട്ടൊരു കുഞ്ഞിന് വേണ്ടി, അല്ലെങ്കിൽ നിങ്ങളുടെ ആരാധ്യനായൊരു സുഹൃത്തിന്, എന്നിങ്ങനെ പ്രധാനപ്പെട്ട പലതിനെയും പ്രതിഫലിപ്പിക്കുന്നതിനായാണ് റെട്രോ ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഓരോ ഉൽപ്പന്നവും വിവിധ വികാരാവിഷ്കാരങ്ങളുടെ വലിയൊരു കാൻവാസാണ്. വസ്ത്രങ്ങൾക്കപ്പുറം, റെട്രോ ഗിഫ്റ്റ്സ് ആധുനിക ഉപയോക്താവിനായി സ്മരണികകളുടെ ഒരു ശേഖരം തന്നെ പ്രദർശിപ്പിക്കുന്നു, അവയോരോന്നും റെട്രോ മനോഹാരിതയുടെ സ്പർശം നിറഞ്ഞതുമാണ്.

മുണ്ടങ്ങാമഠം പിഷാരത്ത് കീർത്തന വിഷ്ണുവാണ് മേൽപ്പറഞ്ഞ സംരംഭക. ഒരു എയ്റോസ്പേസ് എഞ്ചിനീയറാണെങ്കിലും, എല്ലാ അവസരങ്ങളിലും ആർക്ക് എന്ത് സമ്മാനം കൊടുക്കണമെന്നതിലും, അതിന്റെ തിരഞ്ഞെടുപ്പിലും തനിക്ക് ഒരു പ്രത്യേക കഴിവുണ്ടെന്ന് കീർത്തന തിരിച്ചറിഞ്ഞിരുന്നു. അതോടൊപ്പം തന്റെയുള്ളിലെ തീവ്രമോഹത്തെക്കൂടി കൂട്ടുപിടിച്ച് ഒരു പുത്തൻ അദ്ധ്യായം കുറിക്കുവാൻ തീരുമാനിച്ചതിന്റെ പരിണിതഫലമാണ് റെട്രോ ഗിഫ്റ്റ്സ്. 2019ലാണ് കീർത്തന ഇത്തരമൊരു സംരംഭകത്വത്തിലേക്ക് എത്തിച്ചേരുന്നത്. ഭാവുകത്വം തുളുമ്പുന്ന ചിത്രങ്ങളുൾക്കൊള്ളിച്ച് ടീ-ഷർട്ടുകൾ നിർമ്മിക്കുന്ന ഒരു ചെറിയ സംരംഭമായാണ് റെട്രോ ഗിഫ്റ്റ്സ് ആരംഭിച്ചത്. കീർത്തന അന്ന് 9 മാസം ഗർഭിണിയായിരുന്നു. സാവധാനത്തിലും സ്ഥിരതയോടെയും അവർ ബ്രാൻഡിനെ പരിപോഷിപ്പിച്ചു, ചിന്തനീയങ്ങളായ ഉപഹാര ആശയങ്ങൾ സൃഷ്ടിക്കുകയും വ്യക്തികൾക്കും കോർപ്പറേറ്റുകൾക്കുമായി ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും അതോടൊപ്പം തന്റെ കുഞ്ഞിന്റെ വളർച്ചയിൽ ഒരമ്മയെന്ന ചുമതലകളും നിർവ്വഹിച്ചു. ഇന്ന് റെട്രോ ഗിഫ്റ്റ്സ് ഇന്ത്യൻ എയർഫോഴ്സ്, നിരവധി എംഎൻസികൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുൾപ്പെടെയുള്ള ഓർഗനൈസേഷനുകൾക്കും "Make Memories With Us" എന്ന് യഥോചിതം ടാഗ് ചെയ്തിരിക്കുന്ന ഗിഫ്റ്റുകളിൽ സംതൃപ്തരായ ആയിരക്കണക്കിന് പ്രഫുല്ലരായ ഉപഭോക്താക്കൾക്കും വ്യാപാര, സമ്മാന വൈവിധ്യങ്ങൾ നൽകുന്നു.



ഗുണനിലവാരമാണ് ബ്രാൻഡിന്റെ ഹൃദയമെന്ന് കീർത്തന പറയുന്നു. പ്രക്രിയകൾ കഴിയുന്നത്ര സുസ്ഥിരമായി നിലനിർത്തിക്കൊണ്ട് ഈടുനിൽപ്പും സുഖസൗകര്യവും ഉറപ്പാക്കാൻ പ്രീമിയം അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഓരോ നിർമ്മിതിയും. സ്റ്റോക്ക് കുറയ്ക്കുന്നതിലൂടെയും ദുർവ്യയങ്ങൾ കുറയ്ക്കുന്നതിലൂടെയും, ശൈലിയിൽ വിട്ടുവീഴ്ച ചെയ്യാതെ ഉത്തരവാദി

ചെറുകഥ

# ഭാഗ്യവതി



**രാജൻ എ.പി., വടക്കാഞ്ചേരി ശാഖ**
ഫോൺ: 9446372954

വർഷങ്ങളോളം ഞാൻ അമ്മയുടെ സന്തതസഹചാരിയായിരുന്നു. അമ്മയുടെ സന്തോഷവും ദുഃഖവും കഷ്ടപ്പാടും, ഒപ്പമുണ്ടായിരുന്ന നിരവധി ബന്ധുമിത്രാധികളുടെ സ്നേഹാദരങ്ങളും, ഇന്ന് പുലർച്ചെ വരെ ഞാനും അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

വീട്ടിൽ നിന്നിറങ്ങുമ്പോൾ നിരവധിപേർ ഒപ്പം അനുഗമിച്ചിരുന്നു. ഇതുവരെയും ആരുമെന്നെ ശ്രദ്ധിച്ചതേയില്ല. അവസാന നിമിഷത്തിലാണ് കർമ്മികളിൽ ഒരാളുടെ ശ്രദ്ധ എന്നിൽ പതിഞ്ഞത്. ‘എടുത്തുമാറ്റു’ എന്ന് ഉച്ചത്തിൽ അയാൾ. ധൃതിയിൽ കൂടെ വന്നവരിൽ ഒരാൾ എന്നെ അമ്മയിൽ നിന്നും അടർത്തി മാറ്റി തന്റെ മടിയിൽ തിരുകി. ഉരുകിത്തീരേണ്ടിയിരുന്ന ഞാൻ ഭാഗ്യം കൊണ്ടാണ് രക്ഷപ്പെട്ടത്.

അമ്മയുടെ ചിതയണഞ്ഞപ്പോൾ കൂടെ വന്നവരിൽ ചിലർ നദിയിൽ സ്നാനത്തിനിറങ്ങി. അയാളുടെ മടിക്കുത്തിൽ നിന്ന് ഊർന്നുവീണ് ഞാൻ നദിയുടെ അടിത്തട്ടിലേക്ക് ആഴ്ന്നു പോയി. അങ്ങനെ ഞാൻ നദിയിൽ അകപ്പെട്ടു. അനാഥയായ എനിക്ക് ഇനി ഇവിടെ നിളയുടെ മാറിൽ നീറി നീറി കഴിയേണ്ടി വരുമോ! തീർത്തും സുരക്ഷിതമല്ലാത്ത എന്റെ പ്രയാണത്തിന് മൂകസാക്ഷിയായി, വിങ്ങുന്ന മനസ്സുമായി അല്പം അകലെ മറ്റൊരാൾ.

നിളയിൽ സ്നാനത്തിനിറങ്ങിയ മകന്റെ കാലിൽ എന്തോ തടഞ്ഞു. തപ്പിയെടുത്തപ്പോൾ കിട്ടിയത് എന്നെ. വിശ്വസിക്കാനായില്ല. മകന്റെ കൈകൾ എന്നെ തേടിയെത്തിയിരിക്കുന്നു! എന്റെ നീറുന്ന മനസ്സിന് തെല്ലൊരാശ്വാസം. കരയിലുള്ള ബന്ധു വശം എന്നെ സൂക്ഷിക്കാനായി കൊടുത്തേല്പിക്കുകയും ചെയ്തു.

അനേകം പേർ വന്ന് കണ്ടുപോയി. ഏറെ പേർ ഒപ്പം ഉണ്ടായിരുന്നു. ആരുടെയും ശ്രദ്ധയിൽ പെടാതെ, വിങ്ങിപ്പൊട്ടുന്ന മനസ്സുമായാണ് പുണ്യതീരത്തെത്തിയത്. ഇത്തരം പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവരും എന്ന് സ്വപ്നത്തിൽപ്പോലും നിനച്ചില്ല. ചിതയിൽ നിന്നും നദിയിൽ നിന്നും രക്ഷപ്പെട്ട ഞാൻ ഭാഗ്യവതിയാണ്; സുരക്ഷിതമായി മകന്റെ കൈകളിൽ തന്നെ എത്തിച്ചേർന്നു.

എന്ന് അമ്മയുടെ സ്വന്തം സ്വർണ്ണമാല. ●

---

ത്തമുള്ള ഉൽപാദനത്തിന് പ്രതിജ്ഞാബദ്ധരാണവർ. പ്രിന്റുകൾ ഏറെക്കാലം നിലനിൽക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നു, ഓരോ ഉൽപ്പന്നത്തിനും ക്ഷണിക പ്രവണതകളെ മറികടക്കുന്ന കാലാതീതമായ ആകർഷണം നൽകുവാനും ശ്രമിക്കുന്നു.

വ്യക്തിഗത ഉൽപ്പന്നങ്ങൾക്കപ്പുറം, 5,000 ലധികം സംതൃപ്തരായ ഉപഭോക്താക്കൾക്ക് സേവനം നൽകിയ റെട്രോ ഗിഫ്റ്റ്സ് കോർപ്പറേറ്റ് ഗിഫ്റ്റിംഗിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്. വിപണിയിലെ ഇത്തരം വസ്തുക്കളുടെ ബാഹുല്യം മനസിലാക്കി, ബജറ്റ് അനുസരിച്ച് തരംതിരിച്ച് കസ്റ്റമൈസ് ചെയ്ത സമ്മാനങ്ങൾ നൽകിക്കൊണ്ട് ഈ പ്രക്രിയയെത്തന്നെ ലളിതമാക്കുന്നു. വസ്ത്രങ്ങൾ, ഇലക്ട്രോണിക്സ്, എംഡിഎഫ് , അക്രിലിക് മെമന്റോകൾ, മഗ്ഗുകൾ, ഡയറികൾ തുടങ്ങിയ വസ്തുക്കൾ ഈ ശേഖരങ്ങളിൽ ഉൾപ്പെടുന്നു.

മാങ്കുറ്റിപ്പാടത്ത് പിഷാരത്ത് രാജന്റെയും മാണിക്കമംഗലം മുണ്ടങ്ങാമഠം പിഷാരത്ത് ജയശ്രീയുടെയും മകളാണ് കീർത്തന. എയർഫോഴ്സിൽ പൈലറ്റ് ആയ വിഷ്ണു ഗോപിനാഥിന്റെ ഭാര്യയാണ്. ജഗന്നാഥ്, ഇന്ദു എന്നിവർ മക്കൾ.

റെട്രോയുടെ കാലാതീതമായ ഡിസൈനുകൾ ഉപഭോക്താവുമായി പൂർണ്ണമായും സംവദിക്കുന്ന തരത്തിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ഇവർ സാക്ഷ്യപ്പെടുത്തുന്നു. സന്ദർഭമേതുമാകട്ടെ, ഉപഹാരങ്ങളെ ഇരുകൂട്ടരും തമ്മിലുള്ള വൈശിഷ്ട്യ ബന്ധത്തിന്റെ നൂലിഴകളാക്കുകയെന്നതാണ് റെട്രോയുടെ മുദ്രാവാക്യമെന്നും പറയുന്നു.

കീർത്തനക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ! ●



# ഡോ. ഗായത്രി ആർ പിഷാരോടി

ഡോ. ഗായത്രി ആർ. പിഷാരോടിക്ക് ഫിസിക്സിൽ **PhD** ലഭിച്ചു. **Soft Condensed Matter and Nano Science** എന്ന വിഷയത്തിലെ ഗവേഷണത്തിനാണ് **Centre for Nano & Soft Matter Science** ബംഗളൂരുവിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചത്.

ഡോ. ഗായത്രി കടുത്തുരുത്തി കൈലാസപുരത്ത് പിഷാരത്ത് എസ്.എൻ. രാമചന്ദ്ര പിഷാരോടിയുടെയും മാവേലിക്കര കണ്ടിയൂർ പിഷാരത്ത് ആർ. ശ്രീമാതാദേവിയുടെയും മകളാണ്. ഭർത്താവ്: മാവേലിക്കര ചെറുകോൽ വിഷ്ണു നിവാസിൽ മനോജ് എം നായർ. ഇപ്പോൾ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ബംഗളൂരുവിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയി തുടരുന്നു.

ഡോ. ഗായത്രിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!



അകലെയാണെങ്കിലും അസ്തമിക്കാത്ത സ്നേഹ-വാത്സല്യങ്ങൾ ഓർമ്മപ്പൂക്കളായി ഇനിയെന്നും.

## അമ്മയ്ക്ക് പ്രണാമം

## അയർവേലി പിഷാരത്ത്
## ആനന്ദവല്ലി പിഷാരസ്യാർ (85)

മരണം: 24 – 03 – 2025

ഭർത്താവ് പരേതനായ പൊന്നാനി കിഴക്കേപ്പാട്ടു പിഷാരത്ത്
രാധാകൃഷ്ണ പിഷാരടി

ദുഃഖ സ്മരണകളോടെ:

മക്കളും മരുമക്കളും പേരക്കുട്ടികളും



# 8-ാം ചരമവാർഷികം

16.04.2025

## വി.പി. ഉണ്ണികൃഷ്ണ പിഷാരോടി

വടക്കേപിഷാരം, പാലൂർ, പുലാമന്തോൾ, മലപ്പുറം

ദുഃഖസ്മരണകളോടെ....

| | | |
|---|---|---|
| ഭാര്യ | : | എം.പി. തങ്കമണി<br>(മഹാദേവമംഗലത്ത് പിഷാരം, ഷൊർണൂർ) |
| മക്കൾ | : | എം.പി. രജനി<br>എം.പി. രമണി |
| മരുമക്കൾ | : | കെ. ജയകൃഷ്ണൻ (ബംഗളൂരു),<br>മധു കദളീവനം (പാലൂർ) |
| പേരക്കുട്ടികൾ | : | ജിഷ്ണു ജെ., ജിതിൻ ജെ.,<br>അർജ്ജുൻ കെ., ഉണ്ണികൃഷ്ണൻ കെ. |

ജനനം: 19.05.1944 മരണം: 16.04.2017



# സ്മരണാഞ്ജലികൾ

## 44-ാം ചരമവാർഷികം

വാടാനാംകുറുശ്ശി
നടുവിൽ പിഷാരത്ത്
## രാമ പിഷാരോടി

ദുഃഖാർത്തരായ
കുടുംബാംഗങ്ങൾ

# വൈവാഹികം

കു ലഗു

| | | | |
|---|---|---|---|
| മശി | മാ | | ല |
| രബു ശു | ഗ്രഹനില അകത്ത് | | |
| ഗു | അംശകം പുറത്ത് | | |
| | | ച | കുസ |

രസ ച ശി

ബു ശുമാ മ

Proposals are invited from parents of Pisharody Girls for a Pisharody Boy, aged 28 Yrs, Ht. 5 ft 8", B.Com., LLB, working as Legal & Compliance Counsel in UAE.

**Contact: 07800267422**

Star: Chothi, Year of Birth 1172 Kumbham 15 (Feb 27, 1997) 3.02 PM.

---

ലശു ര

| | | | |
|---|---|---|---|
| കുമ ബു | | | ച |
| രഗു ശി | ഗ്രഹനില അകത്ത് | | |
| ലശു | അംശകം പുറത്ത് | | സ |
| മാ | | | |

ഗുമ ശി ബു സ മാ

ച കു

Proposals are invited from parents of Pisharody / Ambalavasi boys employed in the UK for a 27 year old Pisharody Girl (MA), working for a government organisation and living in UK. Interested families please contact:

**Contact: +919497850347**
**+447590335342**

കൊല്ലവർഷം 1173 കുംഭം 21 (1998 മാർച്ച് 6) ഗുരുവാരെ 1:20 AM Boston USA സമയം, മകീര്യം നക്ഷത്രത്തിൽ സ്ത്രീജനനം. ജന്മശിഷ്ടദശ 1 വർഷം 1 മാസം 27 ദിവസം കുജദശ.

---

കു ചര

| | | | |
|---|---|---|---|
| | ശു | രഗു മ | ബു സ |
| ച | ഗ്രഹനില അകത്ത് | | |
| | അംശകം പുറത്ത് | | മാ |
| ശി | കു | | ല |

സ ശു ശി

ബു മാ ലരഗു

Proposals are invited from parents of Pisharody Boys for a Pisharody Girl, Aged 24 Yrs. B.Sc. Fashion Designing, 154 cm, currently practising. Interested parents may please contact Nos.

**Contact: 9926038842**
**7247047884**

1176-ാമാണ്ട് എടവമാസം 30നു (2001 ജൂൺ 13) ബുധവാരെ പൂരോരുട്ടാതി നക്ഷത്രം. 15-11-16 ഗർഭശിഷ്ടം ഗുരുദശ 4

---

## RE-MARRIAGE

Legally divorced, 35 year old Pisharody Doctor with Sudhajathakam, presently working outside Kerala seeks alliance from educated Ambalavasi girls. Star: Aswathi, Height: 5'7".

**Contact: 9447038108 or 9400801089**

# ശാഖാവാർത്തകൾ

### ചൊവ്വര

ശാഖയുടെ മാർച്ച് മാസ യോഗം 02-03-25നു 10.30 AMന് കാഞ്ഞൂർ തിരുനാരായണപുരം പിഷാരത്ത് ശ്രീ. ബാബുവിന്റെ വസതിയിൽ പ്രസിഡണ്ട് ശ്രീ. കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതിമാർ ഇന്ദിര, ഉഷ, പദ്മിനി എന്നിവരുടെ ഈശ്വര പ്രാർത്ഥന, നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു.

ശ്രീ. സതീശൻ സന്നിഹിതരായ എല്ലാ സ്വജനങ്ങളെയും പ്രത്യേകിച്ച് കേന്ദ്ര പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണ പിഷാരടി, ഇരിങ്ങാലക്കുട, കൊടകര, തൃശൂർ, വടക്കാഞ്ചേരി, കോട്ടയം തുടങ്ങിയ ശാഖാകളിൽ നിന്നുള്ള ബന്ധുജനങ്ങൾ എന്നിവരെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു.

ശ്രീ. ബാബുവിന്റെ അറുപതാം പിറന്നാൾ ആഘോഷത്തോടനുബന്ധിച്ചു നടന്ന യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗത്തിന് ശേഷം ഹരികൃഷ്ണ പിഷാരടി, മോഹനൻ, മുരളി, രവി (ഇരിങ്ങാലക്കുട), ഗോവിന്ദൻ (തൃശൂർ), രാജൻ സിതാര (കൊടകര), അച്യുത പിഷാരടി, മുരളി (ദേശം) തുടങ്ങി നിരവധിപേർ ബാബുവിന് ആശംസകൾ നേർന്നു സംസാരിച്ചു. ശ്രീ. കെ.പി. രവി യോഗ നടപടികൾ നിയന്ത്രിച്ചു. കഴിഞ്ഞ മാസത്തെ റിപ്പോർട്ട്, കണക്കുകൾ എന്നിവ ശ്രീ വിജയൻ, മധു എന്നിവർ അവതരിപ്പിച്ചത് യോഗം പാസ്സാക്കി. ക്ഷേമനിധി നറുക്കെടുപ്പും നടത്തി.

തുടർന്ന് ഗാനങ്ങൾ, നൃത്തം എന്നിവ കൊണ്ട് പിറന്നാൾ ആഘോഷം ഭംഗിയായി നടന്നു.

ശ്രീ. ബാബു ആശംസകൾക്ക് മറുപടി പറയുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

### തിരുവനന്തപുരം

ശാഖയുടെ മാർച്ച് മാസ കുടുംബസംഗമം മാർച്ച് 9 ന് ശ്രീ. മുരളീധരൻ പി.പി.യുടെയും ശ്രീമതി രമാദേവിയുടെയും വെള്ളയമ്പലം വസതിയിൽ വെച്ച് നടന്നു. ആതിഥേയൻ ശ്രീ. മുരളീധരൻ അംഗങ്ങളെ സ്വാഗതം ചെയ്തു. ശ്രീമതി പത്മാവതി പിഷാരസ്യാർ പ്രാർത്ഥന ചൊല്ലി.

ശ്രീമതി പാർവ്വതി പിഷാരസ്യാരെ (പരേതനായ കെ.പി. കൃഷ്ണപിഷാരടിയുടെ പത്നി, ശ്രീ മുരളീധരൻ പി.പി., കലാദേവി പി.പി. എന്നിവരുടെ അമ്മ) അവരുടെ 90-ാം ജന്മദിനത്തിൽ ആദരിച്ചു. തിരുവനന്തപുരം ശാഖയെ പ്രതിനിധീകരിച്ച് ശ്രീ. ജഗദീഷ് പിഷാരടിയും ശ്രീമതി ശ്രീദേവിയും പാർവ്വതി പിഷാരസ്യാരെ പൊന്നാട അണിയിച്ച് ആദരിച്ചു. ശ്രീ. ഹരിദാസ് പി, ശ്രീ. ഗോപിനാഥ് പി.ജി., മംഗളനാദ പിഷാരടി എന്നിവർ പാർവ്വതി പിഷാരസ്യാർക്ക് ആശംസകൾ നേർന്നു. ശ്രീമതി പാർവ്വതിപിഷാരസ്യാരോടുള്ള ആദരസൂചകമായി ശ്രീമതി പത്മാവതി പിഷാരസ്യാർ ഭാഗവതത്തെക്കുറിച്ച് ഒരു കൃതി പാരായണം ചെയ്തു.

ഏപ്രിൽ 27 ന് തൃശൂരിൽ പ്രതിനിധി സഭ യോഗവും മെയ് 25 ന് ഇരിങ്ങാലക്കുടയിൽ കേന്ദ്ര വാർഷിക പൊതുയോഗവും നടക്കുമെന്ന് ശ്രീ ജഗദീഷ് പിഷാരടി അംഗങ്ങളെ അറിയിച്ചു. ഫെബ്രുവരി മാസ ശാഖ റിപ്പോർട്ട് ശ്രീ. അനൂപ് പി പി വായിക്കുകയും ശാഖയുടെ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു.

തുടർന്ന് ശ്രീമതി ശ്രീദേവി പിഷാരസ്യാർ ശ്രീകൃഷ്ണ സ്തുതിയും, ഹർഷിത് വിഷ്ണു ചലച്ചിത്ര ഗാനങ്ങളും ആലപിച്ചു. അടുത്ത മാസത്തെ കുടുംബസംഗമത്തിന്റെ തിയതി വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴി അറിയിക്കുമെന്ന് തീരുമാനിച്ച് കുടുംബസംഗമത്തിനു ആതിഥേയത്വം വഹിച്ചതിന് ശ്രീ. മുരളീധരനും കുടുംബത്തിനും ശ്രീ. മംഗളനാദ നന്ദി പറഞ്ഞുകൊണ്ട് യോഗം പര്യവസാനിച്ചു.

### വടക്കാഞ്ചേരി

ശാഖയുടെ മാർച്ച് മാസ യോഗം 09-03-25നു 3 PMനു ശാഖ രക്ഷാധികാരി ശ്രീ. എ.പി. രാജന്റെ വസതി "ശ്രീവിലാസ"ത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീ.എം.പി. ഉണ്ണികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടി. ഗൃഹനാഥ ശ്രീമതി എൻ.പി. രമ ടീച്ചർ ഭദ്രദീപം കൊളുത്തി. ശ്രീമതി പത്മിനി ഗോപിനാഥ് പ്രാർത്ഥന ചൊല്ലി. ശ്രീ. എ.പി. രാജൻ യോഗത്തിന് വന്നവർക്ക് സ്വാഗതം ആശംസിച്ചു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങളുടെ ആത്മശാന്തിക്കായി അനുശോചനം നടത്തി.

അദ്ധ്യക്ഷ പ്രസംഗത്തിൽ യുവാക്കളിൽ അധികരിച്ചു വരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും അതുകൊണ്ടുള്ള വിപത്തുകളെക്കുറിച്ചും വിശദമായി സംസാരിച്ചു. സമൂഹത്തിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് സമുദായത്തിലെ എല്ലാ അംഗങ്ങളും മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്നു ഓർമ്മപ്പെടുത്തുകയും ചെയ്തു. കഴക പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കാരായ്മ കഴകക്കാർ പരമാവധി ആ പ്രവർത്തിയിൽ തുടരണമെന്നും കഴക പ്രവർത്തി വളരെ ഭംഗിയായും വൃത്തിയായും ചെയ്യണമെന്നും അതിനെ കുറച്ച് ബോ

ധവാന്മാരാകണം എന്നും ഓർമ്മിപ്പിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ കേന്ദ്ര വാർഷികത്തിൽ പങ്കെടുക്കുന്ന ശാഖാംഗങ്ങളുടെ എണ്ണത്തെക്കുറിച്ചും പരിപാടികളെക്കുറിച്ചും വളരെ വിശദമായി ചർച്ച ചെയ്യുകയും കലാപരിപാടികൾക്ക് നേതൃത്വം നൽകാൻ ശ്രീമതി ശ്രീശൈല മുരളിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ. എൻ. പി. കൃഷ്ണനുണ്ണിയുടെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

### കൊടകര

ശാഖയുടെ മാർച്ച് മാസത്തെ യോഗം 16-03-2025നു 3.15 PM നു മാങ്കുറ്റിപാടം പിഷാരത്ത് ഗോപി പിഷാരോടിയുടെ (ഗോവിന്ദൻകുട്ടി) ഭവനത്തിൽ ശ്രീ. രാജൻ സിത്താരയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. മാസ്റ്റർ ധനഞ്ജയയുടെ ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. കഴിഞ്ഞ മാസങ്ങളിൽ നമ്മെ വിട്ടുപിരിഞ്ഞ സമുദായ അംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ ശ്രീ. ഗോപി പിഷാരോടി യോഗത്തിന് എത്തിച്ചേർന്നവർക്ക് സ്വാഗതം ആശംസിച്ചു. ശ്രീ. രാജൻ സിത്താര അദ്ധ്യക്ഷ പ്രസംഗത്തിൽ കേന്ദ്ര തീരുമാനങ്ങളെക്കുറിച്ചു വിശദീകരിച്ചു. കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം കഴകക്കാരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും അവരുമായി ആശയവിനിമയം നടത്തി ശാഖയിലെ കഴകക്കാർ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും കണ്ടെത്തി കേന്ദ്രത്തിലേക്ക് റിപ്പോർട്ട് നൽകേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും സംസാരിച്ചു. മാർച്ച് 31നു മുൻപ് റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനമെടുത്തു. യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് തുളസീദളം കലാസാംസ്കാരിക സമിതിയുടെ ഉദ്ഘാടനം ഏപ്രിൽ 16ന് രമേഷ് പിഷാരടി നിർവ്വഹിക്കുന്നതായും അദ്ധ്യക്ഷൻ അറിയിച്ചു. സമിതിയുടെ ശാഖ പ്രതിനിധികളായി വൈശാഖ് മോഹനേയും ഹരിത മണികണ്ഠനേയും തിരഞ്ഞെടുത്തു. പ്രതിനിധി സഭാ ലിസ്റ്റ് പുതുക്കി കേന്ദ്രത്തിന് അയച്ചുകൊടുക്കാൻ തീരുമാനമായി.

മെയ് 25നു നടക്കുന്ന കേന്ദ്ര വാർഷികത്തിന്റെ ആതിഥേയരായ ഇരിഞ്ഞാലക്കുട ശാഖ സെക്രട്ടറി പങ്കുവെച്ച കാര്യങ്ങൾ സെക്രട്ടറി യോഗത്തെ അറിയിച്ചു. ഇരിഞ്ഞാലക്കുട ശാഖയിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ വന്നശേഷം കൊടകര ശാഖ അവതരിപ്പിക്കുന്ന കലാപരിപാടികൾ മറ്റു കാര്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ച നടത്തുവാൻ തീരുമാനിച്ചു.

കൊടകര ശാഖയുടെവാർഷിക പൊതുയോഗം ഏപ്രിൽ 20ന് നടത്തുവാൻ തീരുമാനമായി. സ്ഥലം മറ്റു കാര്യങ്ങൾ എന്നിവ എക്സിക്യൂട്ടീവ് കമ്മിറ്റി ഓൺലൈൻ യോഗത്തിലൂടെ എല്ലാവരുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ച് നടത്തുവാൻ തീരുമാനിച്ചു. സെക്രട്ടറി രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച ഫെബ്രുവരി മാസത്തെ റിപ്പോർട്ടും എം പി വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു. 2024 ഏപ്രിൽ മുതൽ വന്ന തുളസീദളം വരിസംഖ്യ വർദ്ധനവ് കണക്കിലെടുത്ത് ശാഖയുടെ വരിസംഖ്യ വർദ്ധനവ് എങ്ങനെ വേണമെന്ന് അടുത്ത പൊതുയോഗത്തിൽ ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. ടി.ആർ. ജയൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും യോഗം നടത്തുവാൻ സൗകര്യമൊരുക്കിത്തന്ന ശ്രീ. ഗോപി പിഷാരോടിയ്ക്കും കുടുംബത്തിനും നന്ദി പറഞ്ഞു, കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെഷന് ശേഷം കൃത്യം 5 .15ന് യോഗം അവസാനിച്ചു.

### തൃശൂർ

ശാഖാ യോഗം 16-03-2025ന് കോലഴി വിനായക നഗറിൽ, ശ്രീ. പി. ഗോപിയുടെ വസതി നക്ഷത്രയിൽ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ദീപ്തി മണികണ്ഠന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീമതി ഉഷ ചന്ദ്രൻ, ശ്രീ. സി.പി. അച്യുതൻ എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം പത്താം ദശകം എല്ലാവരും ചേർന്ന് ചൊല്ലി. ഗൃഹനാഥൻ ശ്രീ. പി. ഗോപി ഏവർക്കും സ്വാഗതമാശംസിച്ചു. പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് രാധ പിഷാരസ്യാർ (സമാജം മുൻ പ്രസിഡന്റ് ശ്രീ. വി.പി. ബാലകൃഷ്ണന്റെ ഭാര്യ) അടക്കം ഇക്കഴിഞ്ഞ മാസത്തിൽ ലോകം വിട്ടു പോയ എല്ലാവരുടെയും ആത്മ ശാന്തിക്കായി മൗന പ്രാർത്ഥന നടത്തി. സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ റിപ്പോർട്ടും ട്രഷറർ ശ്രീ. ആർ.പി. രഘുനന്ദനൻ കണക്കും അവതരിപ്പിച്ചത് അംഗീകരിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ ഈയിടെ പ്രൈം പ്ലസ് പോളിമേഴ്സിന്റെ തൊട്ടടുത്ത് ഗ്യാസ് പൈപ്പ് പൊട്ടി ഉണ്ടാകുമായിരുന്ന വലിയ ദുരന്തത്തിനു തികഞ്ഞ സംയമനത്തോടെ, വളരെ ബുദ്ധിപരമായി പരിഹാരമുണ്ടാക്കിയ കരിമ്പുഴ പഴയ പിഷാരത്ത് രമ്യയെ അഭിനന്ദിച്ചു. ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിൽ കാരായ്മ കഴകക്കാരനെതിരെ ഉണ്ടായ ദേവസ്വത്തിന്റെ അനീതിക്കെതിരെ പ്രതികരിച്ച വാര്യർ സമാജത്തോട് പിഷാരോടി സമാജത്തിന്റെ പരിപൂർണ്ണ പിന്തുണ ആവശ്യമാണെന്നും പിരിവ്

നന്നായി നടക്കുന്നുണ്ട്, ശാഖയുടെ വാർഷികം നടത്തേണ്ടതിനെ പറ്റി ചർച്ച ഉണ്ടാകണമെന്നും ശ്രീ വിനോദ് കൃഷ്ണൻ പറഞ്ഞു.

തുളസീദളം കലാ സാംസ്കാരിക സമിതിയുടെ പ്രവർത്തനങ്ങളെ കുറിച്ച് സമിതി പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രൻ, വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. ഹരികൃഷ്ണൻ, സെക്രട്ടറി ശ്രീ. ഗോപൻ പഴുവിൽ എന്നിവർ സംസാരിച്ചു. 2025 ഏപ്രിൽ 16 ന് തൃശൂർ ഭാരതീയ വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് സമിതിയുടെ പ്രവർത്തനോദ്ഘാടനം ശ്രീ. രമേശ് പിഷരോടി നിർവ്വഹിക്കുമെന്നും, എല്ലാ ശാഖകളിലുമുള്ള യുവ കലാകാരീ, കലാകാരന്മാരെ സമിതിയിൽ ചേർക്കേണ്ടതുണ്ട്, അവരുടെ നേതൃത്വമേറ്റെടുക്കാൻ ഓരോ ശാഖയിൽ നിന്നും 2 പേരെ വീതം ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു.

കേരളത്തിന്റെ പ്രഥമ മഹാമണ്ഡലേശ്വർ പരം പൂജ്യ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് ഈ വരുന്ന മാർച്ച് 19ന് തൃശ്ശൂരിൽ വരുന്നുണ്ടെന്നും അന്നേ ദിവസം ഹിന്ദു ഐക്യവേദിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന് ഗംഭീരമായ വരവേൽപ്പ് നൽകുന്നുണ്ടെന്നും എല്ലാവരും പങ്കെടുക്കണം എന്നും സംഘാടകൻ എന്ന നിലയിൽ എല്ലാവരെയും ക്ഷണിക്കുന്നുവെന്നും ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി അറിയിച്ചു. തൃശൂർ പൂരത്തിന്റെ പ്രസക്തിയും വിവരങ്ങളും എല്ലാവരിലേക്കും പകരുന്ന ഒരു പദ്ധതിയെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ കൂടൽമാണിക്യം ക്ഷേത്രത്തിൽ നടന്ന പ്രശ്നമെന്താണെന്ന് വിശദീകരിച്ചു. ഇക്കാര്യത്തിൽ ഒട്ടും താമസം വരുത്താതെ ഓൺലൈൻ വഴിയായി നമ്മൾ തീരുമാനമെടുത്ത പ്രകാരം ഒരു പ്രമേയം തയ്യാറാക്കി നമ്മുടെ എതിർപ്പ് അറിയിയിച്ചെങ്കിലും പത്രങ്ങൾ ഇക്കാര്യത്തിൽ നമ്മുടെ അഭിപ്രായം എടുക്കാൻ തയ്യാറായില്ല എന്ന് വിഷമത്തോടെ പറയേണ്ടതുണ്ട്, 2025 മേയ് 25 ന് കേന്ദ്ര വാർഷികം നടത്താൻ തീരുമാനിച്ച വിവരവും യോഗത്തെ അദ്ദേഹം അറിയിച്ചു.

കൂടൽമാണിക്യ ക്ഷേത്രത്തിൽ പാരമ്പര്യ കഴകക്കാർക്കെതിരെ നടന്ന അനീതിക്കെതിരെ യോഗത്തിൽ വളരെ ഗൗരവമായ ചർച്ച നടന്നു. ചർച്ചയിൽ സർവ്വ ശ്രീ. കെ.പി. ഹരികൃഷ്ണൻ, എ. രാമചന്ദ്ര പിഷാരടി, കെ.പി. ബാലകൃഷ്ണ പിഷാരടി, രഘുനാഥ് കോലഴി, വിനോദ്, ഗോപൻ പഴുവിൽ, ആർ.പി. രഘുനന്ദനൻ എന്നിവർ പങ്കെടുത്തു. കഴകക്കാർക്കെതിരെ നടക്കുന്ന ഇത്തരം അന്യായമായ പ്രവർത്തികൾക്കെതിരെ ഒരു പ്രമേയം തയ്യാറാക്കി കൂടൽമാണിക്യം ദേവസ്വം ചെയർമാൻ, കേരള മുഖ്യ മന്ത്രി തുടങ്ങിയവർക്ക് നൽകാൻ തീരുമാനിച്ചു.

തൃശൂർ ശാഖ ആസ്ഥാന മന്ദിരത്തിൽ വെച്ച് കഴകപ്രവർത്തിക്കാരെ ആദരിച്ച ദിവസം വരാൻ കഴിയാതിരുന്ന ശ്രീമതി മിനി ഓമനക്കുട്ടൻ, ശ്രീ. രാംകുമാർ പെരുവനം, ശ്രീ. പി. രാമചന്ദ്രൻ മുളകുന്നത്ത്കാവ് എന്നിവരെ വേദിയിൽ ആദരിച്ചു. ശ്രീ. രാംകുമാർ സ്വന്തം കവിത വളരെ ഹൃദ്യമായി ചൊല്ലി.

തുളസീദളം കലാ സാംസ്കാരിക സമിതി യുവജന വിഭാഗം പ്രസിഡണ്ട് കുമാരി അനാമിക, സെക്രട്ടറി കുമാരി ഗൗരി ഗോപി എന്നിവർ ഏപ്രിൽ 16 ലെ പ്രവർത്തനോദ്ഘാടനം വിജയിപ്പിക്കാൻ എല്ലാവരുടെയും സഹകരണങ്ങൾക്ക് അഭ്യർത്ഥിച്ചു. യോഗത്തിൽ കൊടകര ശാഖയുടെ പ്രതിനിധി ആയി എത്തിയ ശ്രീ. രാമചന്ദ്രനെ ശ്രീ എ. രാമചന്ദ്ര പിഷാരോടി അനുമോദിച്ചു. ഈ യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ശ്രീ രാമചന്ദ്രൻ പങ്കിട്ടു. ഈയിടെ വിവാഹിതരായ ജിതിൻ-ഗോപിക ദമ്പതികൾക്ക് യോഗം ആശംസകൾ നേർന്നു. അവർക്കു വേണ്ടി ശ്രീ. സുരേഷ് പൂത്തോൾ ആശംസാ ഗാനം പാടി. ക്ഷേമനിധി നടത്തി.

അടുത്ത മാസത്തെ യോഗം 2025 ഏപ്രിൽ 20 ഞായറാഴ്ച്ച വൈകീട്ട് 4ന് ശ്രീ. ജി.ആർ. ഗോവിന്ദ പിഷാരോടിയുടെ ഭവനം കിഴക്കുമ്പാട്ടുകര രാഗസുധയിൽ (1/79 (1), പനമുക്കുംപിള്ളി ടെംപിൾ റോഡ്, കിഴക്കുമ്പാട്ടുകര, ഫോൺ : 9961183447, 0487-2330866) വെച്ച് നടത്തുവാൻ തീരുമാനിച്ചു. എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. സുരേഷിന്റെ നന്ദിയോടെ യോഗം 5.30 ന് അവസാനിച്ചു.

## മുംബൈ

ശാഖയുടെ 449-ാമത് ഭരണസമിതി യോഗം 23-03-25നു വീഡിയോ കോൺഫറൻസ് വഴി 10.30 AM നു പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കൂടി.

മാസ്റ്റർ സത്യജിത് ശ്രീകുലിന്റെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗം ഈയിടെ അന്തരിച്ച സമുദായാംഗങ്ങളുടെ പേരിൽ അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി അവതരിപ്പിച്ച മുൻ യോഗ റിപ്പോർട്ട്, ഖജാൻജി അവതരിപ്പിച്ച കണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു. വർഷാവ

സാനത്തിന് മുമ്പായി കേന്ദ്ര വിഹിതങ്ങളും വരി സംഖ്യകളും കേന്ദ്ര അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കാൻ ഖജാൻജിയെ ചുമതലപ്പെടുത്തി.

കേന്ദ്ര വാർഷികത്തിലേക്ക് കലാ പരിപാടികൾ അവതരിപ്പിക്കാൻ എൻട്രികൾ കിട്ടുന്നതനുസരിച്ച് മാർച്ച് 31നു മുമ്പായി ഇരിഞ്ഞാലക്കുട ശാഖാ സെക്രട്ടറിയെ അറിയിക്കാൻ കലാവിഭാഗത്തെ ചുമതലപ്പെടുത്തി.

ചികിത്സാ സഹായത്തിനായി ഒരു അംഗത്തിൽ നിന്നും ലഭിച്ച കത്ത് യോഗം ചർച്ച ചെയ്തു ശാഖാ പരിമിതിയിൽ ചെയ്യാവുന്ന ഒരു തുക നൽകുവാൻ തീരുമാനിച്ചു. ഇത്തരത്തിൽ ഈയിടെയായി വിവിധ അംഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭ്യർത്ഥനകൾക്ക് സഹായം നൽകുവാൻ ശാഖയിൽ ഇപ്പോഴുള്ള ഫണ്ട് അപര്യാപ്തമാണെന്നും കഴിവുള്ള അംഗങ്ങൾ ഇക്കാര്യത്തിൽ ഉദാരമായ സംഭാവനകൾ നൽകണമെന്നും ഒരിക്കൽകൂടി അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

ഏപ്രിൽ 27നു നടക്കുന്ന കേന്ദ്ര പ്രതിനിധി സഭാ യോഗത്തിൽ കഴിയുന്നത്ര ശാഖാ പ്രതിനിധികൾ പങ്കെടുക്കണമെന്നും മെയ് 25നുള്ള കേന്ദ്ര വാർഷികത്തിലും തദവസരത്തിൽ നാട്ടിലുള്ള എല്ലാ ശാഖാ അംഗങ്ങളും പങ്കെടുക്കണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചു.തുടർന്ന് സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം 12 മണിയോടെ പര്യവസാനിച്ചു.

## മഞ്ചേരി

04-08-2024 ന് ശാഖാ സെക്രട്ടറി പ്രസിഡണ്ട് തുടങ്ങി ഭരണസമിതി അംഗങ്ങൾ രാജിവെച്ചതിനാൽ പ്രവർത്തനം നിശ്ചലമായതിനെ തുടർന്ന് 23-02-25 ന് കേന്ദ്രഭരണ സമിതി വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ ശാഖയിലെ നിലവിലെ കമ്മറ്റി തുടരുകയും പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനും തീരുമാനമെടുത്തു. കേന്ദ്ര കമ്മറ്റിയുടെ (ജനറൽ സെക്രട്ടറി) രേഖാമൂലമുള്ള നിർദ്ദേശ പ്രകാരം ശാഖാ സെക്രട്ടറി കെ.പി. മുരളിയോട് ശാഖായോഗം വിളിച്ചു ചേർത്ത് പ്രവർത്തനം തുടരുവാൻ ആവശ്യപ്പെടുകയും ചെയ്തതിന് പ്രകാരം ഭരണസമിതി യോഗം 23-03-2025ന് 3 PMനു ഡോ. വാസുദേവന്റെ ഭവനം "ശാന്തി" യിൽ വച്ച് ചേർന്നു.

പ്രസിഡണ്ടിന്റെ അഭാവത്തിൽ വൈസ് പ്രസിഡണ്ട് ഡോ. വാസുദേവൻ അദ്ധ്യക്ഷത വഹിച്ചു. ഗൃഹനാഥ ഡോ. തുളസി, നാരായണികുട്ടി പിഷാരസ്യാർ, കെ.പി കരുണാകര പിഷാരോടി എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു. ഡോ. വാസുദേവൻ ഏവർക്കും സ്വാഗതം പറഞ്ഞു. കെ.പി. മുരളി പ്രാർത്ഥനയും, എ.ആർ. ഉണ്ണി നാരായണീയ പാരായണവും നിർവ്വഹിച്ചു.

വളരേ ശുഷ്കമായി കൊണ്ടിരിക്കുന്ന ഒരു സമുദായത്തിന്റെ ഇതിഹാസ തുല്യവും മാതൃകാപരവുമായ ആത്മീയ സംസ്കാരം സംരക്ഷിക്കുന്നതിനും പകർന്നു നൽകുന്നതിനും നമുടെ സമുദായം നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ടുതന്നെ പരസ്പരം മനസ്സിലാക്കിയും തെറ്റുകുറ്റങ്ങൾ പൊറുത്തും മുന്നോട്ടു പോയാൽ മാത്രമേ തലയുയർത്തി നിൽക്കാൻ സാധിക്കയുള്ളൂ. അല്ലെങ്കിൽ തലതാഴ്ത്തി മടങ്ങി ഒതുങ്ങി ഒടുങ്ങേണ്ടി വരുമെന്നും ഇത് മനസ്സിലാക്കി പ്രവർത്തിക്കാൻ എല്ലാവരും തയ്യാറാവണമെന്നും അദ്ധ്യക്ഷ ഭാഷണത്തിൽ ഡോ. വാസുദേവൻ പറഞ്ഞു.

ഈ കാലയളവിൽ നമ്മേ വിട്ടു പിരിഞ്ഞ സ്വജനാംഗങ്ങൾക്കും മറ്റു പ്രമുഖ വ്യക്തികൾക്കും നിത്യശാന്തിക്കായി മൗന പ്രാർത്ഥനയോടെ അനുശോചനം രേഖപ്പെടുത്തി.

ഈ വർഷത്തെ കിളിക്കുന്ന് കാവ് "ഭദ്രപ്രിയ" പുരസ്കാരത്തിന് അർഹനായ ഡോ. വാസുദേവനെ യോഗം അനുമോദിച്ചു. കൂടാതെ മറ്റു മേഖലകളിൽ ഉന്നത വിജയവും മറ്റും കരസ്ഥമാക്കിയ എല്ലാ സമുദായാഗങ്ങളേയും യോഗം അഭിനന്ദിച്ചു. 04-08-2024ലെ യോഗ റിപ്പോർട്ട് സെക്രട്ടറിയും ഇതുവരെയുള്ള കണക്ക് ട്രഷററും അവതരിപ്പിച്ചത് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. ഇരിങ്ങാലക്കുട കഴകക്കാരുടെ പ്രശ്നത്തിൽ കേന്ദ്രമെടുക്കുന്ന തീരുമാനത്തിന് പിന്തുണ നൽകുവാൻ തീരുമാനിച്ചു.

കേന്ദ്ര പ്രതിനിധി സഭാംഗങ്ങൾ നിലവിൽ പ്രവർത്തനം നിലച്ചിരുന്ന ശാഖയുടെ ഇപ്പോഴത്തെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്ത് നിലവിലുള്ള പ്രതിനിധി സഭാംഗങ്ങളിൽ നിന്നും വ്യക്തിപരമായി പങ്കെടുക്കുവാൻ കഴിയില്ലെന്നറിയിച്ച നാലുപേരെ ഒഴിവാക്കി പുതിയ നാലുപേരെ ഉൾക്കൊള്ളിച്ച് പുതിയ പ്രതിനിധി സഭാംഗങ്ങളെ തിരഞ്ഞെടുക്കുകയും ലിസ്റ്റ് കേന്ദ്രത്തിനയക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് നടന്ന സംഘടനാ ചർച്ചയിൽ സമാജ വരിസംഖ്യ, തുളസീദളം, ട്രസ്റ്റ് വരിസംഖ്യ, പ്രവർത്തന ഫണ്ട് എന്നിവ പരമാവധി വേഗത്തിൽ പിരിച്ചെടുക്കുന്നതിനും കിട്ടുന്നതിനനുസരിച്ച് കേന്ദ്ര കുടിശ്ശിക തീർക്കാനും തീരുമാനിച്ചു. തുളസിദളം കലാസാംസ്കാരിക സമിതിയിലേക്ക് ശാഖയുടെ പ്രതിനിധികളായി, കൃഷ്ണപുരത്ത് മുരളി,

കോട്ടക്കൽ ഹരീശ്വരൻ, മായ പാലൂർ എന്നിവരെ തിരഞ്ഞെടുത്തു. ശാഖാ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ഏകദിന വിജ്ഞാന വിനോദയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. പറയിപെറ്റ പന്തിരുകുലത്തിലെ രണ്ടോമൂന്നോ ആത്മീയ കേന്ദ്രങ്ങൾ സന്ദർശ്ശിക്കാനും ആയത് മെയ് ആദ്യ വാരം നടത്തുന്നതിനും വേണ്ട കാര്യങ്ങൾ ചെയ്യുന്നതിനും അച്ചുതൻ, അജയൻ, എ.ആർ. ഉണ്ണി എന്നിവരെ ചുമതലപ്പെടുത്തി.

അടുത്ത മാസയോഗം കൊളത്തൂർ വച്ച് നടത്തുവാൻ തീരുമാനിച്ചു. ട്രഷറർ വേണുഗോപാലിന്റെ നന്ദിയോടെ യോഗം സമാപിച്ചു.

## കോങ്ങാട്

ശാഖയുടെ മാർച്ച് യോഗം 23-03-2025നു 1.30 PMനു പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ കുമാരി മേധയുടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീ. കെ.പി. രാമചന്ദ്ര പിഷാരോടി സ്വാഗതം ആശംസിച്ചു. കാവിൽ പിഷാരത്ത് ശ്രീ. കെ.പി. പദ്മനാഭ പിഷാരോടിയുടെ സഹധർമിണി മണ്ണേങ്കോട് കൊട്ടക്കോട്ടുകുറിശ്ശി പിഷാരത്ത് ശ്രീമതി സരസ്വതിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

ഉപക്രമ പ്രസംഗത്തിൽ പ്രസിഡണ്ട് ഏപ്രിൽ 27നു തൃശൂരിൽ നടക്കുന്ന പ്രതിനിധി സഭാ യോഗത്തിൽ പങ്കെടുക്കേണ്ട പ്രതിനിധികളുടെ കരട് തയ്യാറാക്കിയത് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. കേന്ദ്ര വാർഷികത്തിന് കലാപരിപാടികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങളുടെ വിവരങ്ങൾ പെട്ടെന്ന് അയക്കേണ്ടത്തിന്റെ ആവശ്യകത ഓർമ്മിപ്പിച്ചു. അടുത്ത മാസത്തെ ഏകദിന യാത്രയെ പറ്റി നടന്ന ചർച്ചയിൽ 10-04-2025ന് കൊച്ചിയിലേക്ക് പോകാൻ വേണ്ട തയ്യാറെടുപ്പുകൾ നടത്താൻ ശ്രീമതി ഗീതയെ ചുമതലപ്പെടുത്തി.

ഫെബ്രവരി മാസത്തെ റിപ്പോർട്ട് അംഗീകരിച്ചു. വരവ് ചിലവ് കണക്കുകൾ അടുത്ത മാസം അവതരിപ്പിക്കുമെന്നും അറിയിച്ചു.

ശ്രീമതി ഉഷാ ദേവിയുടെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## പാലക്കാട്

ഫെബ്രുവരി മാസ യോഗം 23-02-2025ന് ശ്രീ. കെ. ഗോപിയുടെ വസതി, പ്രശാന്തിയിൽ കൂടി. വേദയുടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഗൃഹനാഥൻ ശ്രീ. കെ. ഗോപി ഏവരെയും സ്വാഗതം ചെയ്തു. പാലക്കാട് ചൂട് കൂടിവരുന്ന അവസ്ഥയിലും യോഗത്തിന് മുപ്പതോളം പേരുടെ സാന്നിദ്ധ്യത്തെ അഭിനന്ദിച്ചു. ഗൃഹനാഥ ശ്രീമതി ശോഭനയും ശ്രീമതി ശാന്തകുമാരിയും കൂടി ഭക്തിസാന്ദ്രമായി നാരായണീയം ചൊല്ലി. നമ്മെ വിട്ടുപിരിഞ്ഞുവർക്കായി അനുശോചനം രേഖപ്പെടുത്തി. പുതിയ പ്രസിഡണ്ട് ശ്രീ. എ.പി. സതീഷ് കുമാറിനെയും ട്രഷറർ ശ്രീ ടി.പി. ബാലകൃഷ്ണനെയും സെക്രട്ടറി സന്തോഷപൂർവ്വം സ്വാഗതം ചെയ്തു.

പ്രസിഡണ്ട് എ.പി. സതീഷ് കുമാർ സദസ്സിനെ അഭിസംബോധന ചെയ്തു കൊണ്ട് ശാഖ നടത്തിയ വാർഷികം ഭംഗിയായി നടത്താൻ സഹായിച്ച എല്ലാ അംഗങ്ങൾക്കും നന്ദി അറിയിച്ചു. കേന്ദ്ര വാർഷിത്തിൽ പാലക്കാട് ശാഖയുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നു പ്രസിഡണ്ടും സെക്രട്ടറിയും അഭ്യർത്ഥിച്ചു. വരാനിരിക്കുന്ന പ്രതിനിധി സഭായോഗത്തെക്കുറിച്ചും അറിയിച്ചു. ക്ഷേമനിധി മാർച്ച് മാസത്തിൽ ആരംഭിക്കാം എന്ന് തീരുമാനിച്ചു. ട്രഷറർ ശ്രീ. ടി.പി. ബാലകൃഷ്ണൻ വാർഷികത്തിന്റെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. വാർഷികം ഒരുവിധം ഭംഗിയായി നടത്തിയതായി യോഗത്തിൽ പൊതുവെ അഭിപ്രായം ഉരുത്തിരിഞ്ഞു. ശ്രീ. അ രാമചന്ദ്രൻ സമകാലീന പ്രശ്നങ്ങളിൽ ഒരു വിഷയത്തിന്റെ ആമുഖമായി ഒരു സംഭാഷണം നടത്തി. സുഭാഷിതം പരിപാടിയിൽ ശ്രീ കെ.ആർ. രാമഭദ്രൻ ശിവരാത്രിയുടെ ഐതിഹ്യത്തെക്കുറിച്ച്, മാഹാത്മ്യത്തെക്കുറിച്ച് സംസാരിച്ചു. അടുത്ത യോഗം മാർച്ച് 23ന് ശ്രീ. ടി.പി. രാമൻകുട്ടിയുടെ വസതി C1 Build Tech ഗ്രീൻസ് മണപ്പള്ളിക്കാവ് വെച്ച് നടത്താൻ തീരുമാനിച്ചു.

ശ്രീ. ടി.പി. ഉണ്ണികൃഷ്ണൻ നടത്തിയ നന്ദി പ്രകടനത്തോടുകൂടി യോഗം 5.30ന് സമഗളം അവസാനിച്ചു.

*************************

മാർച്ച് മാസ യോഗം 23-3-2025ന് ശ്രീ. ടി.പി. രാമൻകുട്ടിയുടെ ഭവനം, സി വൺ ബിൽ ടെക് ഗ്രീൻ അപ്പാർട്ട്മെന്റ്, മണപ്പുള്ളിക്കാവിൽ വച്ച് നടത്തി. പാലക്കാട് വളരെ ചൂട് കൂടിയ അന്തരീക്ഷത്തിലും 36 ഓളം പേർ പങ്കെടുത്ത് യോഗം വൻ വിജയമാക്കി. ശ്രീമതിമാർ ദേവി രാമൻകുട്ടി, സതി രാമചന്ദ്രൻ എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഗൃഹനാഥൻ ടി.പി. രാമൻകുട്ടി യോഗത്തിൽ എത്തിച്ചേർന്ന ഏവരെയും സ്വാഗതം ചെയ്തു. യോഗത്തിന് എസി ഹാൾ ബുക്ക് ചെയ്ത് തന്നതിന് ശ്രീ. ടി.പി. രാമൻകുട്ടി

ക്ക് ശാഖ പ്രത്യേകം നന്ദി അറിയിച്ചു. പുരാണ പാരായണം പരിപാടിയിൽ യോഗത്തിന് എത്തി ച്ചേർന്നിരുന്ന അംഗങ്ങൾ കൂടി നാരായണീയം വ ളരെ ഭക്തിസാന്ദ്രമായി ചൊല്ലി. കഴിഞ്ഞ കാലയ ളവിൽ നമ്മെ വിട്ടുപിരിഞ്ഞുപോയ പുണ്യാത്മാ ക്കളുടെ നിത്യശാന്തിക്കായി മൗനപ്രാർത്ഥന നട ത്തി. കഞ്ചിക്കോട് ഈയിടെ നടന്ന ഒരു ഗ്യാസ് ചോർച്ച ദുരന്തം ഒഴിവാക്കാൻ യഥോചിതമായ ന ടപടികൾ സ്വീകരിച്ച ശ്രീമതി രമ്യ രാധാകൃഷ്ണ നെ യോഗത്തിൽ അനുമോദിക്കുകയും ഉപഹാ രം നൽകുകയും തുടർന്നും ഇതുപോലെയുള്ള സമയോചിതമായ നടപടികൾ എല്ലാവരും കൈ ക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസിഡൻറ് ശ്രീ. എ. പി. സതീഷ് കുമാർ സദ സ്സിനെ അഭിസംബോധന ചെയ്തു. ഏപ്രിൽ, മെ യ് മാസങ്ങളിൽ വരാനിരിക്കുന്ന കേന്ദ്ര കമ്മിറ്റി പ്രതിനിധി സഭാ യോഗത്തെയും ഇരിഞ്ഞാലക്കു ടയിൽ വച്ച് നടത്താനിരിക്കുന്ന കേന്ദ്ര വാർഷിക ത്തെയും കുറിച്ച് സംസാരിച്ചു. ശാഖയുടെ ക്ഷേമ നിധി വീണ്ടും ആരംഭിക്കുകയാണെന്നും സദസ്സി നെ അറിയിച്ചു. സെക്രട്ടറി വിശദമായി വിവരങ്ങൾ അവതരിപ്പിച്ചു. ഈയിടെ കൂടൽമാണിക്യം ക്ഷേ ത്രത്തിൽ ഉണ്ടായ സംഭവവികാസങ്ങളെ ചുരുങ്ങി യ വാക്കുകളിൽ സൂചിപ്പിച്ചു. പാലക്കാട് ശാഖയി ലും കാരായ്മ/കഴക പ്രവർത്തി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. എല്ലായിടത്തും കാ ണുന്നപോലെ ചില ചില്ലറ പ്രശ്നങ്ങളും ഉന്നയി ച്ചു. കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്ന വി വരങ്ങൾ ധരിപ്പിക്കാമെന്ന് തീരുമാനിച്ചു. ശാഖയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി സഭാംഗ ങ്ങൾ ഏപ്രിൽ 27ലെ യോഗത്തിനെത്തിച്ചേരേണ്ട തിന്റെ ആവശ്യകത പ്രത്യേകം ചർച്ച ചെയ്തു. കുടിശ്ശിക ഒന്നുമില്ലാതെ പാലക്കാട് ശാഖ എല്ലാ കേന്ദ്ര വിഹിതങ്ങളും അടച്ചുതീർത്തതായി സെ ക്രട്ടറി അറിയിച്ചു. ക്ഷേമനിധി നടത്തി. കഴിഞ്ഞ യോഗത്തിൽ ശ്രീ. എ. രാമചന്ദ്രൻ വളർന്നുവരു ന്ന കുറ്റകൃത്യങ്ങളും കുറയ്ക്കാനുള്ള നടപടിക ളും വളരെ ശക്തമായി കുറ്റവാളികളെ ശിക്ഷിക്കേ ണ്ട ആവശ്യകതയും വിവരിക്കുകയുണ്ടായി. അ തിന്റെ രണ്ടാം ഭാഗമായി ഈ യോഗത്തിലും സം സാരിച്ചു. വളരെ സമകാലീന പ്രസക്തമായ വി ഷയങ്ങളാണ് അദ്ദേഹം സദസ്സിനെ ഉദ്ബോധിപ്പി ച്ചത്. ഇതു പോലെയുള്ള സംഭാഷണങ്ങൾ തുടർ ന്നും ശാഖയിലെ യോഗങ്ങളിൽ തുടരുന്നതായി രിക്കുമെന്ന് അറിയിച്ചു. സുഭാഷിതം പരിപാടിയിൽ ശ്രീ. എം.പി. രാമചന്ദ്രൻ സംസ്കൃതം ശ്ലോകം ഉ ദ്ധരിച്ച് അർത്ഥം വിവരിച്ചു. ശാഖയിലെ എല്ലാ യോഗങ്ങളിലും സുഭാഷിതം പരിപാടി ഉൾപ്പെടു ത്താറുണ്ടെന്നതിന് യോഗം അഭിനന്ദിച്ചു. കേന്ദ്ര വാർഷികത്തിൽ ചുരുങ്ങിയത് രണ്ടു പരിപാടിക ളെങ്കിലും ശാഖയിൽ നിന്നും അവതരിപ്പിക്കാൻ തീരുമാനിച്ചു. വൈസ് പ്രസിഡന്റ് ശ്രീ. ടി.പി. ഉ ണ്ണികൃഷ്ണന്റെ നന്ദി പ്രകടനത്തോടെ ആറുമണി ക്ക് യോഗം സമംഗളം പര്യവസാനിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ 2025 മാർച്ച് മാസ യോഗം 23-03-2025നു 4 PMനു മാപ്രാണം പുത്തൻ പിഷാ രത്ത് ശ്രീ. ഹരികുമാറിന്റെ വസതിയിൽ വെച്ച് ശാ ഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി സ്മിത ഹരികു മാർ ഈശ്വര പ്രാർത്ഥന ചൊല്ലി. ഗൃഹനാഥൻ ശ്രീ ഹരികുമാർ സ്വാഗതം പറഞ്ഞു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സ മുദായ അംഗങ്ങൾക്കും, മറ്റുള്ളവർക്കും ആദരാ ഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ കഴിഞ്ഞ മാസ ക്കാലയളവിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും, അവാർഡുകൾക്കും അഭി നന്ദനങ്ങൾ അറിയിച്ചു. സമസ്ത കേരള വാരിയർ സമാജം കൂടൽ മാണിക്യം കാരയ്മ കഴകം പു നഃസ്ഥാപിക്കുന്നതിനുവേണ്ടി കൂടൽ മാണിക്യം ക്ഷേത്ര പരിസരത്ത് സംഘടിപ്പിച്ച പ്രതിഷേധ സം ഗമത്തിൽ പിഷാരോടി സമാജത്തെ പ്രതിനിധിക രിച്ച് ശാഖാ പ്രസിഡണ്ടും, സെക്രട്ടറിയും പങ്കെ ടുത്ത വിവരം അറിയിച്ചുകൊണ്ട് വാരിയർ സമാ ജം എടുക്കുന്ന തീരുമാനങ്ങളോട് പിഷാരോടി സ മാജവും സഹകരിച്ച് പ്രവർത്തിക്കുമെന്ന് കേന്ദ്ര നിർദ്ദേശ പ്രകാരം വാരിയർ സമാജത്തെ അറിയി ക്കുകയും ചെയ്തു.

അമ്പലവാസികളുടെ (വാര്യർ, പിഷാരോ ടി, നമ്പീശൻ, മാരാർ, പൊതുവാൾ തുടങ്ങിയവർ) ഒരു കൂട്ടായ്മ ഗുരുവായൂരിൽ ചേർന്ന് മുന്നോട്ടു ള്ള കൂട്ടായ പ്രവർത്തനത്തിന് വാര്യർ സമാജം നേതൃത്വം നൽകുമെന്ന് വാര്യർ സമാജം ജനറൽ സെക്രട്ടറി അറിയിച്ചിരുന്ന കാര്യവും യോഗത്തിൽ പങ്കുവെച്ചു.

കേന്ദ്ര വാർഷിക നടത്തിപ്പിന്റെ കാര്യങ്ങൾ പങ്കു വെച്ചു. സെക്രട്ടറി സി.ജി. മോഹനൻ കഴി ഞ്ഞ മാസ യോഗത്തിന്റെ മിനിട്ട്സ് വായിച്ചത് പാ സ്സാക്കി. ട്രഷറർ കെ.പി. മോഹൻദാസ് അവതരി പ്പിച്ച കണക്കുകളും പാസ്സാക്കി. കേന്ദ്ര വാർഷി കം നടത്തുവാൻ ഇതുവരെ ചെയ്ത കാര്യങ്ങളും ഇനിയും ചെയ്യേണ്ട കാര്യങ്ങളെ പറ്റിയും വിശദ

മായി ചർച്ച ചെയ്തു.

യോഗത്തിൽ വിചാരിച്ചതിലും കൂടുതൽ അംഗങ്ങൾ എത്തിയത് സന്തോഷകരമായ കാര്യമാണെന്നും, ഇത് കേന്ദ്ര വാർഷികത്തിന് ചുക്കാൻ പിടിക്കുന്ന സ്വാഗത സംഘത്തിന് പ്രത്യേക ഊർജ്ജം നൽകുമെന്നും സെക്രട്ടറി പറഞ്ഞു. കേന്ദ്ര വാർഷികത്തെപ്പറ്റി പ്രവർത്തനമുള്ള ശാഖകൾക്ക് അയച്ച കത്തിനു ഇതുവരെ യാതൊരുവിധ അറിയിപ്പും കിട്ടിയിട്ടില്ല എന്ന വിവരം സെക്രട്ടറി യോഗത്തെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഓർമ്മിപ്പിക്കാൻ തീരുമാനമായി. പ്രവർത്തനമുള്ള ശാഖകളിൽ നിന്ന് ഓരോ കോർഡിനേറ്ററെ ഉൾപ്പെടുത്തി ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുവാൻ തീരുമാനിച്ചു. കേന്ദ്ര വാർഷികം ഭംഗിയായി നടത്തുവാൻ ശാഖ എല്ലാ മുൻ ഒരുക്കങ്ങളും, ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണെന്നും, ഏപ്രിൽ ആദ്യവാരത്തിൽ നോട്ടീസ്സ്, ബുക്ക് ലെറ്റ്, സംഭാവനാ കൂപ്പൺ ബുക്ക് എന്നിവ പ്രവർത്തനത്തിൽ ഉള്ള ശാഖകളുടെ കോർഡിനേറ്റർമാർക്ക് അയച്ചു കൊടുക്കുവാൻ പറ്റുന്ന രീതിയിൽ അതിന്റെ പണികൾ നടന്നു കൊണ്ടിരിക്കുകയാണെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. ശാഖയിലെ കഴകക്കാരെ ആദരിക്കുന്ന കാര്യം അവരുടെ സൗകര്യവും മറ്റും അവരുമായി ആലോചിച്ച ശേഷം മതിയെന്ന് തീരുമാനമാനിച്ചു.

ശാഖയുടെ വാർഷികം ഏപ്രിൽ മാസം 20നു 3 PM നു നമ്പൂതിരിസ് ഓഡിറ്റോറിയത്തിൽ വെച്ച് ഭംഗിയായി നടത്തുവാനും തീരുമാനമായി, വാർഷികത്തിന്റെ നടപടിക്രമങ്ങളും മറ്റു വിവരങ്ങളും യഥാസമയം അംഗങ്ങളെ അറിയിക്കുവാൻ യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ശാഖയുടെ ആതിഥേയത്തിൽ നടത്തപ്പെടുന്ന കേന്ദ്ര വാർഷികത്തിൽ പങ്കെടുക്കുവാനായി ശാഖയിലെ പരിധിയിൽപ്പെടുന്ന (മാപ്രാണം ഇരിങ്ങാലക്കുട, തൃപ്രയാർ, കാട്ടൂർ, കൊടുങ്ങല്ലൂർ, ചെന്ത്രാപ്പിന്നി, കൊറ്റനല്ലൂർ), ദൂരെയുള്ള അംഗങ്ങളും ബന്ധുമിത്രാദികളും നേരത്തെ പ്ലാൻ ചെയ്യണമെന്ന് സെക്രട്ടറി യോഗത്തിൽ ആഭ്യർത്ഥിച്ചു.

തുളസീദളം കലാ സാംസ്കാരിക സമിതിയിലേക്ക് ശാഖയിൽ നിന്നും 3 മെംബർമാരെ (സാന്ദ്രാ രാധാകൃഷ്ണൻ, ആരതി സോമനാഥൻ, മുരളി ബാല) എന്നിവരെ നോമിനേറ്റ് ചെയ്ത വിവരവും, 23-03-2025 ന് നടന്ന കലാ സമിതിയുടെ ആദ്യ യോഗത്തിൽ മുരളി ബാല പങ്കെടുത്ത വിവരങ്ങൾ പങ്കുവക്കുകയും ചെയ്തു.

ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്ന അംഗങ്ങളെയും കേന്ദ്ര വാർഷികത്തിന്റെ വിവരങ്ങൾ വാട്ട്സ്പ്പ് വഴി അറിയിക്കുവാനും ധാരണയായി. പരസ്പര സഹായനിധി നടത്തി. കുടുംബയോഗത്തിന് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തന്ന ഹരികുമാർ, സ്മിതാ കുടുംബത്തിനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രമതി ദേവി മുകുന്ദൻ നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6.45 ന് പര്യവസാനിച്ചു. ●

# തുളസീദളം കലാസാംസ്കാരിക സമിതി ഉദ്ഘാടനം

**സം**ഗീതം, സാഹിത്യം, സിനിമ, നാടകം, നൃത്തം, കഥകളി, മറ്റനുഷ്ഠാനകലകൾ, വാദ്യകല, ചിത്രകല, സ്പോർട്സ് തുടങ്ങിയ മേഖലയികളിൽ പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ അറിവും അനുഗ്രഹവും നമ്മുടെ യുവതലമുറയ്ക്ക് നൽകി അവരെ നേതൃത്വനിരയിലേക്ക് ഉയർത്താൻ വേണ്ട അവസരങ്ങൾ ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച തുളസീദളം കലാസാംസ്കാരിക സമിതിയുടെ ഉദ്ഘാടനം പ്രശസ്ത അവതാരകനും, സിനിമാ സംവിധായകനും, ടെലിവിഷൻ താരവുമായ ശ്രീ.രമേഷ് പിഷാരടി 2025 ഏപ്രിൽ 16നു രാവിലെ 9 മണിക്ക് തൃശൂർ വടക്കേച്ചിറ ഭാരതീയ വിദ്യാഭവൻ ഹാളിൽ വെച്ച് നിർവ്വഹിക്കുന്നു.

എല്ലാ യുവജനങ്ങളേയും കലാസാംസ്കാരിക പ്രവർത്തകരേയും ഈ മഹനീയ സംരഭത്തിലേക്ക് സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

എന്ന്,

**എ.രാമചന്ദ്രൻ (പ്രസിഡന്റ്)** **ഗോപൻ പഴുവിൽ (സെക്രട്ടറി)**

തുളസീദളം കലാസാംസ്കാരിക സമിതി

# കഞ്ചിക്കോട്ടെ ഗ്യാസ് ചോർച്ച, ധീര നീക്കത്തിലൂടെ ദുരന്തമൊഴിവാക്കി രമ്യ



**വ**നിതാ ദിനത്തിൽ നമുക്കിടയിലെ ഒരു വനിത നടത്തിയ പതറാത്ത ചുവട്‌വെയ്പ്പാണ് ഒരു പക്ഷെ ഒരു വൻ ദുരന്തത്തിലേക്ക് നീങ്ങിയേക്കാവുന്നൊരു ഗ്യാസ് ചോർച്ചയെ മണിക്കൂറുകൾക്കുള്ളിൽ ഒഴിവാക്കിയത്.

കഞ്ചിക്കോട് ഹിൽവ്യൂ നഗറിലെ ഭരതത്തിലെ രമ്യ താൻ ഉദ്യോഗം ചെയ്യുന്ന പ്രൈം പ്ലസ് പോളിമേഴ്സിന്റെ തൊട്ടടുത്തായി വലിയ ശബ്ദത്തോടെ ഗ്യാസ് പൈപ്പ് പൊട്ടിയപ്പോൾ പുറത്തെത്തുകയും വാതക ചോർച്ച മനസ്സിലാക്കി സംയമനത്തോടെ ഉടൻ പാലക്കാട്, കഞ്ചിക്കോട് ഫയർ സ്റ്റേഷനുകളിലേക്കും സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കമ്പനിയിലേക്കും വിളിച്ചറിയിക്കുകയും അവർ എത്തും വരെയും എത്തിയ ശേഷവും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്യുകയായിരുന്നു.

പ്രൈം പ്ലസ് പോളിമേഴ്സിൽ 15 വർഷമായി ജോലി ചെയ്യുന്ന കരിമ്പുഴ പഴയ പിഷാരത്ത് രമ്യ ഇപ്പോൾ അവിടത്തെ ചീഫ് അക്കൗണ്ടന്റ് ആണ്. ഭർത്താവ് മുണ്ടയിൽ പിഷാരത്ത് രാധാകൃഷ്ണൻ. മക്കൾ: കൃഷ്ണ, ഭരത് (വിദ്യാർത്ഥികൾ). തൃപ്പാളൂർ പിഷാരത്ത് പരേതനായ ഭരത പിഷാരോടിയുടെയും കരിമ്പുഴ പഴയ പിഷാരത്ത് രമ പിഷാരസ്യാരുടെയും മകളാണ് രമ്യ.

പാലക്കാട് ശാഖാ അംഗമായ രമ്യക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിനെയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

## <u>പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ</u>

| | | |
|---|---|---|
| (1) | കവളപ്പാറ സ്രാമ്പിക്കൽ പിഷാരത്ത് ലീല പിഷാരസ്യാരുടെ ശ്രാദ്ധദിനത്തോടനുബന്ധിച്ചു മക്കൾ | 2,000.00 |
| (2) | പരേതയായ ശ്രീമതി ടി.വി. സുഭദ്ര പിഷാരസ്യാരുടെ ഓർമ്മക്കായി ഭർത്താവ് സി.പി. ഉണ്ണികൃഷ്ണ പിഷാരോടി, ഉല്ലാസ്, ചേവായൂർ, കോഴിക്കോട് | 10,000.00 |
| (3) | കുമാരി നവിക അജയ് പിഷാരോടി, പറളി | 2,000.00 |
| (4) | പരേതനായ ടി.പി.കെ. പിഷാരോടിയുടെ സ്മരണാർത്ഥം മക്കൾ | 5,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**സെക്രട്ടറി, PE & WS**


***With best compliments from***

LL 04872320835
Mob: 9633898468
Mob: 9744187674

# GK GROUP

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# ആദരാഞ്ജലികൾ

## വിജയലക്ഷ്മി പിഷാരസ്യാർ

ആലങ്ങാട് പൂതൃക്കോവിൽ പിഷാരത്ത് വിജയലക്ഷ്മി പിഷാരസ്യാർ (77) 01-03-2025 നു നിര്യാതയായി. ഭർത്താവ്: കുറവൻകുന്നത്ത് പിഷാരത്ത് പരേതനായ ബാലചന്ദ്ര പിഷാരടി. മക്കൾ: അശോക് കുമാർ, അനിൽ കുമാർ. മരുമക്കൾ: രമ്യ, സന്ധ്യ.

## ആർ.പി. പുരുഷോത്തമൻ

ഋഷിനാരദമംഗലത്ത് പിഷാരത്ത് ആർ.പി. പുരുഷോത്തമൻ (90) 02-03-2025നു മാന്നനൂർ പുരുഷു നിവാസിൽ നിര്യാതനായി. ഭാര്യ: മേലീട്ടിൽ പിഷാരത്ത് പരേതയായ അമ്മിണി പിഷാരസ്യാർ. മക്കൾ: എം.പി. ദേവേശൻ, എം.പി. ദിനേശ്. മരുമക്കൾ: ജയശ്രീ ദേവേശൻ, പി കൃഷ്ണകുമാരി. സഹോദരങ്ങൾ: പരേതയായ നാരായണിക്കുട്ടി, പരേതനായ ആർ.പി. ഉണ്ണി, രാജം.

## ശാരദ പിഷാരസ്യാർ

വട്ടേനാട്ട് പിഷാരത്ത് ശാരദ പിഷാരസ്യാർ (93) 04-03-2025നു ഞാങ്ങാട്ടിരിയിൽ നിര്യാതയായി. ഭർത്താവ്: ഞാങ്ങാട്ടിരി പിഷാരത്ത് പരേതനായ നാരായണ പിഷാരോടി. മക്കൾ: രമണി, ശ്രീദേവി (അമ്മിണി), ഉണ്ണികൃഷ്ണൻ, പരേതയായ ഗീത. മരുമക്കൾ: എൻ.പി. രാമനാഥൻ, ശ്രീധരൻ, സുജാത, പരേതനായ കൃഷ്ണൻകുട്ടി (രാജൻ).

## രേണുക കരുണാകരൻ

പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് രേണുക കരുണാകരൻ (70) 05-03-2025നു നിര്യാതയായി. മകൻ: റയാൻ ജെ. ലവ്ലോക്ക്, സഹോദരങ്ങൾ: കെ ജയകുമാർ, മോഹൻ കെ. പിഷാരോടി, എ.കെ. ശ്രീകുമാർ, സുധ ബിന്ദു ശശികുമാർ.

## രാധ ബാലകൃഷ്ണൻ

പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് രാധ ബാലകൃഷ്ണൻ (76) 07-03-2025നു നിര്യാതയായി. ഭർത്താവ്: പിഷാരോടി സമാജം മുൻ കേന്ദ്ര പ്രസിഡണ്ട് വല്ലച്ചിറ പിഷാരത്ത്  വി.പി. ബാലകൃഷ്ണൻ. മക്കൾ: വിനോദ്, വിവേക്. മരുമക്കൾ: വീണ വിനോദ്, ദിവ്യ വിവേക്.

## കെ.പി. സരസ്വതി

മണ്ണേങ്ങോട് കോട്ടകോട്ടുകുറുശ്ശി പിഷാരത്ത് കെ.പി. സരസ്വതി (77) 11-03-2025നു ബംഗളൂരുവിൽ നിര്യാതയായി. ഭർത്താവ്: കോങ്ങാട് കാവിൽ പിഷാരത്ത് കെ.പി. പദ്മനാഭൻ. മക്കൾ: സുമ, സുധ, സ്മിത. മരുമക്കൾ: കെ.പി. ഗോപിനാഥൻ, കെ.പി. മഹേഷ്, ടി.ടി. ഹരിപ്രസാദ്. സഹോദരങ്ങൾ: കെ.പി. ഉണ്ണികൃഷ്ണൻ, കെ.പി. ഗോവിന്ദൻ

## ടി.പി.കെ. പിഷാരോടി

തിരുവത്ര പിഷാരത്ത് കുട്ടൻ പിഷാരോടി (93) 12-03-2025 പത്തിരിപ്പാലയിൽ നിര്യാതനായി. ഭാര്യ: ശുകപുരത്ത് പിഷാരത്ത് പരേതയായ രമണി കെ. പിഷാരോടി. മക്കൾ: അജിത്, പരേതനായ അനിൽ, അരുൺ. മരുമക്കൾ: ഉമ, സുപ്രിയ, സീമ. സഹോദരങ്ങൾ: പരേതനായ മാധവ പിഷാരോടി, പരേതയായ തങ്കം പിഷാരോടി, സരോജിനി (മണി) പിഷാരസ്യാർ, പരേതനായ ഗോപി.

## കെ.പി. കൃഷ്ണൻകുട്ടി

റിട്ടയേർഡ് നാവികസേനാ ഉദ്യോഗസ്ഥൻ കുറുവട്ടൂർ പിഷാരത്ത് കെ.പി. കൃഷ്ണൻകുട്ടി (88) 13-03-2025നു നിര്യാതനായി. പത്നി: ഗോവിന്ദപുരം പിഷാരത്ത് സരസ്വതി,  മക്കൾ: പരേതനായ പ്രകാശ്, പ്രസാദ്, പ്രശാന്ത്, മരുമക്കൾ: നളിനി, ഗീത, ശാലിനി.

## ആനന്ദവല്ലി പിഷാരസ്യാർ

അയർവേലി പിഷാരത്തു ആനന്ദവല്ലി പിഷാരസ്യാർ (85) 24-03-2025 ന് പൊന്നാനിയിലുള്ള സ്വവസതിയിൽ നിര്യാതയായി. ഭർത്താവ് പരേതനായ കിഴക്കേപാട്ടു പിഷാരത്തു രാധാകൃഷ്ണ പിഷാരടി. മക്കൾ: ഗിരിജദേവി, സൂര്യപ്രഭ, ധനലക്ഷ്മി, സ്വപ്നകുമാരി. മരുമക്കൾ. പരേതനായ ഗോപിനാഥൻ, ടി.വി. ശങ്കരൻ, പി.ആർ. രാമചന്ദ്രൻ, പ്രകാശൻ.

# THALIYOGAM

## MATRIMONY GROUP

**FOR ALL AMBALAVASI / BRAHMIN / KSHATHRIYA / SAMANTHA / NAIR COMMUNITIES**

**TO JOIN IN THALIYOGAM**

**PLEASE CONTACT**

**MOHANAN R V - 93239 89944 / 77219 89944**

A **tree grows** when you plant it in the **right soil.**

**MONEY GROWS** when you plant it in **Mutual Funds.**



**OPEN AN ACCOUNT**
**Call 09892240547**
**Augment Investments**

***Get Proper Guidance of a Mutual Fund Distributor***

NJ WEALTH One of **India's Largest** Mutual Fund Distributors

NJ INDIA INVEST PRIVATE LIMITED (AMFI REGISTERED MUTUAL FUND DISTRIBUTOR - ARN 0155)

Mutual Fund investments are subject to market risks, read all scheme related documents carefully.

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-04-2025
April 2025, Price-15.00



SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116
sarojhomecare@sarojahospital.com
sarojhomecare



Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy